# വന്നു പ്രാതൽ കഴിച്ചുകൊൾവിൻ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# വന്നു പ്രാതൽ കഴിച്ചുകൊൾവിൻ

●

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

ST. FRANCIS PRESS,

KOCHI - 682 018

●

*copy right reserved*

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ

*(Contd..)*

21. പരിശുദ്ധാത്മാവ്

22. പരിശുദ്ധാത്മ വ്യാപാരം

23. പരിശുദ്ധാത്മ ശക്തി

24. ഉത്തമ ഗീതം

25. സങ്കേത നഗരങ്ങൾ

26. മരുഭൂമിയിലെ നീർപ്പൊയ്ക

27. യോന

28. പച്ചവെള്ളം വീഞ്ഞാക്കി

29. കെരീത്തിന്റെ വക്കിൽ

30. എത്രത്തോളം രണ്ടു തോണിയിൽ?

31. ഏലിയാവിന്റെ ദൈവം എവിടെ?

32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല

33. മുദ്രാമോതിരമാക്കും

34. എനിക്ക് കാഴ്ച പ്രാപിക്കേണം

35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?

36. INNER PEACE (English)

37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ

38. Glittering Future (English)

39. ഏകാന്തതയുടെ അന്ധത

40. STREAMS IN THE DESERTS (English)

41. WAY TO LIBERATION (English)

42. നിന്റെ മൃതന്മാർ ജീവിക്കും

# ആമുഖം

വീണ്ടും നിങ്ങളുടെ മുന്നിൽ ഒരു പുതിയ പുസ്തകം - എന്റെ നാല്പത്തി മൂന്നാമത്തെ പുസ്തകം - "**വന്നു പ്രാതൽ കഴിച്ചുകൊൾവിൻ**."

ക്രിസ്തു നമുക്ക് തരുന്ന സ്നേഹമസൃണമായ ക്ഷണം. നമ്മുടെ തളർച്ച മാറ്റുവാൻ കരുണയുള്ള ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. നാമെല്ലാം പലപ്പോഴും വാടിയിരിക്കാറില്ലേ? അകമെയും പുറമെയും പല മാനസിക സമ്മർദ്ദങ്ങൾ, ഒട്ടേറെ അന്തഃസംഘർഷങ്ങൾ, നൈരാശ്യം തളർത്തിയ മാനസികാവസ്ഥ, തകർന്ന സ്വപ്നങ്ങൾ, രോഗം ബാധിച്ച ശരീരം, ആകെ അലങ്കോലം.

ഈ വിഷമസന്ധിയിലാണ് ക്രിസ്തുവിന്റെ ആശ്വാസ വാക്കുകൾ. ക്രിസ്തു എപ്പോഴും ആശ്വാസമരുളുന്നവനാണ്. ക്രിസ്തുവിന്റെ സ്നേഹം പരിഭവം തീണ്ടാത്തതാണ്. എന്റെ ഒരു പുസ്തകം വായിച്ച ഒരാൾ എനിക്കെഴുതി. അദ്ദേഹം പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നാണ് എഴുതിയിരിക്കുന്നത് :

“അയച്ചു തന്ന അഞ്ച് പുസ്തകങ്ങളും കിട്ടി. വളരെ സന്തോഷം. ആദ്യം അയച്ചു തന്ന മുക്തിമാർഗ്ഗം, മരുഭൂമിയിലെ നീർപ്പൊയ്ക വായിച്ചു. ഏകാന്തതയുടെ അന്ധത വായിച്ചു കൊണ്ടിരിക്കുകയാണ്. സത്യത്തിൽ ആത്മീയമായി വളരുവാൻ, രക്ഷനായ ദൈവത്തിന്റെ കരുതലറിയുവാൻ വളരെ നല്ല ആലോചനയാണ് യോഹന്നാൻ സാറിന്റെ പുസ്തകങ്ങൾ. ഏകാന്തതയാണ് മനുഷ്യന്റെ മരുഭൂമി. അവിടെനിന്ന് മുക്തി പ്രാപിപ്പാൻ രക്ഷകനായ ക്രിസ്തു കാൽവറിയിലൊഴുക്കിയ രക്തത്തിൽ ശുദ്ധി വരുത്തുവാൻ അനേകർക്ക് ഈ പുസ്തകങ്ങൾ ഇടയാക്കട്ടെ. ഞാൻ എന്നും സാറിന്റെ കുടുംബത്തെയും ആത്മീയ കൂട്ടായ്മയെയും ഓർത്ത് പ്രാർത്ഥിക്കുന്നു.

ഞാൻ എന്നും ബൈബിളും ഈ പുസ്തകങ്ങളും വായിച്ച് ധ്യാനിക്കും. ആത്മീയ വളർച്ചയ്ക്ക് വളരെ അനുഗ്രഹമാണ് ഈ പുസ്തകങ്ങൾ.

ഇപ്പോൾ അയച്ചു തന്ന അഞ്ച് പുസ്തകങ്ങൾ അമൃതധാര, ജയജീവിതം, നിന്റെ മൃതന്മാർ ജീവിക്കും, മധുമൊഴി, തുറന്നവാതിൽ ഇവ എത്രയും പെട്ടെന്ന് വായിച്ചു തീർക്കാൻ ആഗ്രഹിച്ചാണ് വായിക്കുന്നത്. പിന്നെയും വായിക്കുവാൻ വളരെയിഷ്ടം. എന്റെ കാരാഗൃഹവാസത്തിൽ നീർപ്പൊയ്കയാണ് ദൈവികമായ ഈ പുസ്തകങ്ങൾ.

എന്നെ ഓർത്ത് പ്രാർത്ഥിക്കണേ. എന്റെ ഭാര്യയെയും മക്കളെയും ഓർത്ത് പ്രാർത്ഥിക്കണേ, ഈ കാരാഗൃഹത്തിലെ എന്റെ സഹോദരങ്ങളെയും അവരുടെ കുടുംബത്തെയും ഓർത്ത് പ്രാർത്ഥിക്കണേ. അനേകർ ഇവിടെ ക്രിസ്തുവിനെ അറിയുവാനുണ്ട്. ഞാൻ പുസ്തകങ്ങൾ അവർക്ക് വായിക്കുവാൻ കൊടുക്കും. ദൈവം അവരുടെ

മരുഭൂമിയാകുന്ന മനസ്സിനെ നീർപ്പൊയ്കയാക്കട്ടെ...."

**അനി ജോസ്. സി.നമ്പർ. 9334**

ഈ സഹോദരനെ കഴിഞ്ഞ മൂന്ന് എഴുത്തുകളിൽ കൂടെ മാത്രമേ എനിക്ക് പരിചയമുള്ളൂ. അദ്ദേഹത്തിന് എന്റെ പുസ്തകങ്ങൾ അനുഗ്രഹകാരണമായി എന്നറിഞ്ഞത് വലിയൊരാശ്വാസമായി എനിക്ക്. സഭകളും സമുദായങ്ങളും പല നല്ല ആളുകൾ പോലും എന്നെ തെറ്റിദ്ധരിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ ഇപ്രകാരമുള്ള എഴുത്തുകളിൽ തുളുമ്പുന്ന സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും അനുഭവം എനിക്ക് ഉത്തേജനം തരുന്നു.

ഒരു പ്ലസ് വൺ വിദ്യാർത്ഥിനി പൂവക്കുളത്ത് നിന്ന് എഴുതിയിരിക്കുന്നു :

"ഞാൻ സാറിന്റെ 'വരവും ചെലവും' എന്ന പുസ്തകം (പനിപിടിച്ച്) വിറയലാർന്ന കൈകളോടെ എടുത്ത് വായിച്ചുകൊണ്ടിരുന്നാറെ കണ്ണുകൾ നിറഞ്ഞൊഴുകി. എന്റെ മനഃസാക്ഷിയുടെ പേടകം പൊട്ടിത്തെറിച്ചു. അതിലൂടെ കണ്ണുനീർധാര നിരർഗ്ഗളം ബഹിർഗ്ഗമിച്ചു. ക്രിസ്തുവാകുന്ന രക്ഷകനെ അവിടെവെച്ച് ഞാൻ കണ്ടുമുട്ടി. ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ മുടിയനായ പുത്രനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വിശകലനം ചെയ്തുകൊണ്ട് അങ്ങ് എഴുതിയ വാക്യങ്ങളാണ് എന്നെ പിടിച്ചുലച്ചത്. അതിലൂടെ യേശു വ്യക്തമായിട്ടെന്നോട് സംസാരിക്കുന്നുണ്ടായിരുന്നു..... ഞാൻ ചെയ്ത മഹാപരാധങ്ങളോർത്ത് നീറി നീറി ഞാൻ കരഞ്ഞു. അരുമനാഥനോട് പാപങ്ങൾ ഓരോന്നായി ഏറ്റുപറഞ്ഞ് മാപ്പിനായി യാചിച്ചു. അവിടുന്ന് എന്റെ അകൃത്യങ്ങളെ മായിച്ചു കളയുകയും സാന്ത്വനം കൊണ്ട് എന്നെ മൂടുകയും ചെയ്തു. അങ്ങിനെ ഞാൻ വീണ്ടും

ജനനം പ്രാപിച്ചു. ഞാനൊരു പുതിയ സൃഷ്ടിയായി. ഒരു സിഎംഎസ് സഭാംഗമായ ഞാൻ രക്ഷപ്രാപിക്കാൻ മുഖാന്തരമായിത്തീർന്നത് അങ്ങയുടെ പുസ്തകം വായിച്ചാണ്."

**ജോസ്നാ ജോർജ്ജ്**

വളരെ നീണ്ട ഒരു കത്താണ് ആ കുട്ടി എഴുതിയിരിക്കുന്നത്. ഇതുപോലുള്ള കത്തുകളും പ്രോത്സാഹനങ്ങളും വീണ്ടും വീണ്ടും പുസ്തകമെഴുതാൻ എനിക്ക് പ്രചോദനം തരുന്നു.

നിങ്ങളുടെ കൈകളിൽ ഈ ഗ്രന്ഥമെത്തുമ്പോൾ നിങ്ങൾ ഇതിലെ ഓരോ വാക്കും ശ്രദ്ധയോടും പ്രാർത്ഥനയോടും കൂടെ വായിച്ചാൽ തളർന്നിരിക്കുന്ന നിങ്ങളുടെ മനസ്സിനും, ആത്മാവിനും, ശരീരത്തിനും നവോന്മേഷം ലഭിക്കും എന്ന് എനിക്കുറപ്പുണ്ട്. ആ വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടെ നിങ്ങളുടെ മുമ്പിലേക്ക് ഈ പുസ്തകം ഞാൻ എളിമയോടും ആദരവോടും കൂടി നൽകുന്നു.

നിങ്ങളുടെ വിനീതവിധേയൻ,
**എം.വൈ. യോഹന്നാൻ**

# ഒന്ന്

"ശീമോൻ പത്രോസ് അവരോട് : ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു, ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു."

യോഹ 21 : 3

ഉയർത്തെഴുന്നേറ്റ ക്രിസ്തു ശീമോൻ പത്രോസിനും കൂടെ ഉണ്ടായിരുന്ന മറ്റു മൂന്നുപേർക്കും പ്രത്യക്ഷനായ സംഭവമാണ് യോഹന്നാന്റെ സുവിശേഷം ഇരുപത്തി ഒന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. യേശുക്രിസ്തു ഉയർത്തെഴുന്നേറ്റതിന് ശേഷം അനേകം പ്രാവശ്യം ശിഷ്യ ന്മാർക്കു പ്രത്യക്ഷനായി. താൻ ജീവനോടെ ഇരിക്കുന്നു എന്നു ഓരോ പ്രാവശ്യവും കർത്താവ് വെളിപ്പെടുത്തുക യായിരുന്നു.

അപ്പൊ. പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനം പതിനഞ്ചാം അദ്ധ്യായത്തിന്റെ മൂന്നാം വാക്യം മുതൽ പറയുന്നു.

"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്ക

> പ്പെട്ടു തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചു തന്നുവല്ലോ. അനന്തരം അവൻ അഞ്ഞൂറ്റിൽ അധികം സഹോദരന്മാർക്കു ഒരുമിച്ചു പ്രത്യക്ഷനായി, അവർ മിക്കപേരും ഇന്നുവരെ ജീവനോടിരിക്കുന്നു, ചിലരോ നിദ്രപ്രാപിച്ചിരിക്കുന്നു. അനന്തരം അവൻ യാക്കോബിന്നും പിന്നെ അപ്പൊസ്തലന്മാർക്കും എല്ലാവർക്കും പ്രത്യക്ഷനായി. എല്ലാവർക്കും ഒടുവിൽ അകാലപ്രജപോലെയുള്ള എനിക്കും പ്രത്യക്ഷനായി, ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ, ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിന്നു യോഗ്യനുമല്ല."
>
> 1 കൊരി 15 : 3 - 9

വിവിധ സന്ദർഭങ്ങളിൽ കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായ സംഭവം തിരുവചനത്തിൽ പല സ്ഥലങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന വസ്തുത ഒളിച്ചു വെയ്ക്കുവാനും അതു വെറും വ്യാജമായ ഒരു കഥയാണ് എന്ന് പ്രചരിപ്പിക്കുവാനും അന്നത്തെ സമൂഹത്തിലെ മേലാളന്മാർ പരിശ്രമിച്ചിരുന്നു. അതാണ് വി. മത്തായിയുടെ സുവിശേഷം ഇരുപത്തി എട്ടാം അദ്ധ്യായത്തിന്റെ പതിനൊന്നാം വാക്യം മുതൽ കാണുന്നത്.

> "അവർ പോകുമ്പോൾ കാവൽക്കൂട്ടത്തിൽ ചിലർ നഗരത്തിൽ ചെന്നു സംഭവിച്ചത് എല്ലാം

മഹാപുരോഹിതന്മാരോടു അറിയിച്ചു. അവർ ഒന്നിച്ചു കൂടി മൂപ്പന്മാരുമായി ആലോചന കഴിച്ചിട്ടു പടയാളികൾക്കു വേണ്ടുവോളം പണം കൊടുത്തു : അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടു കൊണ്ടുപോയി എന്നു പറവിൻ. വസ്തുത നാടുവാഴിയുടെ സന്നിധാനത്തിൽ എത്തി എങ്കിലോ ഞങ്ങൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ നിർഭയരാക്കിക്കൊള്ളാം എന്നു പറഞ്ഞു. അവർ പണം വാങ്ങി ഉപദേശ പ്രകാരം ചെയ്തു, ഈ കഥ ഇന്നുവരെ യെഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പായിരിക്കുന്നു.” മത്താ. 28 : 11-15

ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എന്നു സ്ഥാപിക്കുവാൻ മഹാപുരോഹിതന്മാരും മൂപ്പന്മാരും കൂടിയാലോചന ചെയ്തു. ക്രിസ്തുവിനെ ക്രൂശിച്ചവർ ക്രിസ്തു ജീവിക്കുന്നു എന്ന സത്യം അംഗീകരിക്കാൻ തയ്യാറാകാതെ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ഉയിർത്തെഴുന്നേല്പിനെ തിരസ്ക്കരിക്കുകയും സമൂഹത്തിൽ അതു വരുത്തുന്ന അത്ഭുതകരമായ അനുഭവങ്ങൾ തടയുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ കല്ലറ ഒഴിഞ്ഞതായി ഇന്നുവരെയും സ്ഥിതി ചെയ്യുന്നു. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു.

ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നതു ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനു ശേഷമുള്ള ആദ്യത്തെ തിരുവചനത്തിൽ നമുക്കു കാണാം. ക്രിസ്തു ചോദിക്കുന്നു : സ്ത്രീയേ, നീ കരയുന്നത് എന്ത്?” യോഹ. 20 : 15

കരയുന്നവരുടെ കരച്ചിൽ മാറ്റുവാനാണ് ക്രിസ്തു ഉയർത്തെഴുന്നേറ്റത്.

എക്കാലത്തും ദുഃഖിക്കുന്നവരുടെ ദുഃഖം അകറ്റാൻ, വേദനിച്ചു പിടയുന്ന മനുഷ്യ മനസ്സുകൾക്ക് ആശ്വാസം പകരാൻ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുകയാണ്. ഈ ലോകത്തിലെ അഞ്ചുവൻകരകളിലുള്ള മനുഷ്യ ഹൃദയങ്ങളിലേക്ക് ആശ്വാസം പകരാനും, എല്ലാ കാലങ്ങളിലും ഉള്ള സകലമാന മനുഷ്യരിലും സ്നേഹവും വിശ്വാസവും വിശുദ്ധിയും പകരാനും യേശുക്രിസ്തു ജീവിക്കുന്നു.

> ദുഃഖം അകറ്റി ശാന്തി പകരുന്നവനാണ് ക്രിസ്തു. "സ്ത്രീയേ, നീ കരയുന്നത് എന്ത്?" എന്ന വാക്യത്തിൽ ആ സ്വർഗ്ഗീയമായ സമാധാനത്തിന്റെ സന്ദേശമാണ് മുഴങ്ങുന്നത്. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ രണ്ടാമത്തെ വാക്ക് - "നിങ്ങൾക്ക് സമാധാനം" എന്നാണ്. പരിഭ്രാന്തരായി സെഹിയോൻ മാളികയിൽ ഇരിക്കുന്ന ശിഷ്യന്മാരുടെ മധ്യത്തിൽ പ്രത്യക്ഷപ്പെട്ട് അവരോടു പറയുന്നു : "നിങ്ങൾക്ക് സമാധാനം."
>
> യോഹ. 20 : 21

സമാധാനം നൽകുന്നവനാണ് ക്രിസ്തു. ഭയചകിതരായിരിക്കുന്ന ശിഷ്യന്മാർക്ക് ക്രിസ്തു സമാധാനം അരുളി. നാളെയെ ഓർത്ത് ആകുലപ്പെട്ടും മനസ്സ് പരിഭ്രാന്തമായും ഇരിക്കുന്ന ശിഷ്യന്മാർക്ക് "നിങ്ങൾക്ക് സമാധാനം" എന്നു പറഞ്ഞു കർത്താവ് ശാന്തി നൽകി.

മൂന്നാമതായി ഉയിർത്തെഴുന്നേറ്റ ക്രിസ്തു പറഞ്ഞ വാക്ക് - "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ"

എന്നാണ്. യോഹ 20 : 22 "അവരുടെ മേൽ ക്രിസ്തു ഊതി. ഭയപ്പെട്ടു വിഷാദിച്ചിരുന്നിരുന്ന ശിഷ്യന്മാരുടെ മേൽ ക്രിസ്തു ഊതി ''നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ" എന്നു പറഞ്ഞു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു പരിശുദ്ധാത്മാവിനെ ഊതുകയാണ്. പരിശുദ്ധാത്മാവിനെ പകരുകയാണ്.

എല്ലാ തലമുറകളിലും, എല്ലാ ജനങ്ങളിലും തന്നിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു, തന്നിൽ ആശ്രയിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ക്രിസ്തുവിന്റെ തിരുവചനത്തെ അനുസരിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ക്രിസ്തുവിനായി കാത്തിരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. പരിശുദ്ധാത്മാവിനുവേണ്ടി ഒരുങ്ങിയിരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ക്രിസ്തുവിന്റെ വചനത്തിനു ചെവികൊടുക്കുന്നവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. മാനസാന്തരപ്പെടുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ജീവിതം സംശുദ്ധമായി കാക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നാലാമത്തെ വാക്യമാണ് - "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക" എന്ന് സെന്റ്. തോമസിനോടു പറഞ്ഞ വാക്യം - അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക. യേശുക്രിസ്തു തോമാശ്ലീഹായുടെ സമീപത്തു പ്രത്യക്ഷപ്പെട്ടു പറയുകയാണ് :

"നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ
കൈകളെ കാൺക, നിന്റെ കൈ നീട്ടി എന്റെ

വിലാപ്പുറത്തു ഇടുക, അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു.”

യോഹ 20 : 27

കൃത്യമായി കണ്ടും, തൊട്ടും അറിയുക, വിശ്വസിക്കുക അവിശ്വാസത്തിനു ഇടം കൊടുക്കല്ലേ എന്നാണ് ക്രിസ്തു പറയുന്ന നാലാമത്തെ വാക്യം.

ഐഹിക ജീവിതകാലത്തു യേശുക്രിസ്തു അത്ഭുതങ്ങൾ ചെയ്തു; അടയാളങ്ങൾ ചെയ്തു; നീറുന്ന ഹൃദയങ്ങൾക്ക് ആശ്വാസം നൽകി. രോഗികൾക്ക് സൗഖ്യം നൽകി; ദുഃഖിതർക്ക് ശാന്തി അരുളി; മനോവിഷാദത്തിൽ വലയുന്നവർക്ക് ഹൃദയത്തിൽ സമാധാനം പ്രദാനം ചെയ്തു. ജീവിതം ആടി ഉലയുന്നവർക്ക് സ്ഥിരത നൽകി. ചഞ്ചല ഹൃദയരെ ഉറപ്പിച്ചു. ഭീരുക്കളെ ധൈര്യശാലികളാക്കി. പലതരത്തിൽ വശം കെട്ടുപോയവർക്ക് കെട്ടുറപ്പു കൊടുത്തു.

യേശുക്രിസ്തു ഐഹിക ജീവിത കാലത്തു ഈ അത്ഭുതങ്ങൾ ചെയ്തു. മരിച്ചവരെ ഉയിർപ്പിച്ചു, കുഷ്ഠരോഗികളെ ശുദ്ധരാക്കി. കണ്ണുകുരുടർക്ക് കാഴ്ച കൊടുത്തു, തളർവാത രോഗികളെ എഴുന്നേല്പിച്ചു നടത്തി. കൂനു ബാധിച്ചവർക്ക് കൂനു നിവർത്തിക്കൊടുത്തു. മുടന്തരെ സൗഖ്യമാക്കി, ഭൂതബാധിതർക്ക് സൗഖ്യം നൽകി, പൈശാചിക ബാധകൾ മാറ്റിക്കൊടുത്തു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു; ഏഴപ്പംകൊണ്ട് നാലായിരത്തിൽ അധികംപേർക്ക് ആഹാരം നൽകി.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇന്നും അത്ഭുതങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നും അതിശയങ്ങൾ

പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവ് ഇന്നും തനിക്കായി കാത്തിരിക്കുന്നവരുടെ ഇടയിൽ, തനിക്കായി വിശുദ്ധീകരിക്കുന്നവരുടെ ഇടയിൽ, തനിക്കായി ഒരുങ്ങിയിരിക്കുന്നവരുടെ ഇടയിൽ അത്ഭുതം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ക്രിസ്തു ജീവിക്കുന്നു.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ ക്രിസ്തുവിനെ നീ അനുഭവിക്കുന്നുണ്ടോ? ക്രിസ്തു തരുന്ന രൂപാന്തരം നീ അനുഭവിച്ചുവോ? ക്രിസ്തു ഒരു സജീവ യാഥാർത്ഥ്യമാണോ നിനക്ക്? നിന്റെ ഭാരങ്ങൾ മാറ്റിത്തരുവാൻ ക്രിസ്തു ജീവിക്കുന്നു എന്നു നീ വിശ്വസിക്കുന്നുവോ? നിന്റെ ആകുലങ്ങൾ നീക്കിത്തരുവാൻ ക്രിസ്തു ജീവിക്കുന്നു എന്നു നീ വിശ്വസിക്കുന്നുവോ?

നിന്റെ ഭാരങ്ങൾ മാറ്റുവാൻ ക്രിസ്തു ജീവിക്കുന്നു. നിന്റെ കഷ്ടപ്പാടുകൾ മാറ്റുവാൻ ക്രിസ്തു ജീവിക്കുന്നു. നിന്റെ പാപ പ്രവണതകൾ തുടച്ചു മാറ്റുവാൻ ക്രിസ്തു ജീവിക്കുന്നു. നിന്റെ ദുശ്ശീലങ്ങൾ അകറ്റുവാൻ ക്രിസ്തു ജീവിക്കുന്നു. സൽസ്വഭാവം നിനക്ക് തരുവാൻ ക്രിസ്തു ജീവിക്കുന്നു. ശോഭനമായ നാളെകൾ നിനക്ക് തരുവാൻ ക്രിസ്തു ജീവിക്കുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുവിൻ. ക്രിസ്തുവിനെ സ്വീകരിപ്പിൻ, ക്രിസ്തുവിനായി ജീവിതം വേർതിരിപ്പിൻ, ക്രിസ്തുവിനോട് വാക്കു പറയുവിൻ. “നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക.”

## രണ്ട്

"ശീമോൻ പത്രോസ് അവരോടു : ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു, ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു."

യോഹ 21 : 3

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു പലപ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. പത്രോസിനു വ്യക്തമായ അനുഭവം ലഭിച്ചതാണ്. എന്നാൽ പത്രോസ് ദുഃഖിതനും നിരാശനും ആയി പിന്മാറ്റത്തിലേക്ക് പോകുന്ന ചിത്രമാണ് നാം ഈ വാക്യത്തിൽ കാണുന്നത്.

ക്രിസ്തു ഭൗതികമായ സാമ്രാജ്യം സ്ഥാപിക്കും എന്നു പത്രോസ് പ്രതീക്ഷിച്ചു. യേശുക്രിസ്തു റോമൻ സീസറുടെ ഭരണാധികാരത്തിൽ നിന്നു യെഹൂദ ജനതയ്ക്ക് മോചനം നൽകും എന്നു വിശ്വസിച്ചു. ക്രിസ്തു യെഹൂദ ജാതിയെ വീണ്ടെടുക്കും എന്നും, വൈദേശികാധിപത്യത്തെ തുരത്തുമെന്നും ശീമോൻ പത്രോസ് പ്രതീക്ഷിക്കുകയും

ആശിക്കുകയും ചെയ്തു. അങ്ങനെ ക്രിസ്തുവിന്റെ പിന്നാലെ വലിയ സന്തോഷത്തോടും പ്രസരിപ്പോടും കൂടെ ശീമോൻ പത്രോസ് യാത്ര ചെയ്തു.

പടകും വലയും വിട്ടു പുറപ്പെട്ടതാണ്. ഗലീലാക്കട ലിലെ തൊഴിൽ വിട്ടു പുറപ്പെട്ടതാണ്. മീൻപിടിത്തം ഉപേ ക്ഷിച്ചു ക്രിസ്തുവിന്റെ ശിഷ്യനായി പുറപ്പെട്ടതാണ്. മൂന്നര വർഷം മുമ്പ് ഗലീലാക്കടലിൽ മീനും കിട്ടിയില്ലല്ലോ എന്നുള്ള നിരാശയോടെ മ്ലാനതയോടെ ഇരുന്ന സമയത്ത് യേശുക്രിസ്തു അവിടെ വരികയും പടകിൽ കയറുകയും അത്ഭുതകരമായ മീൻപിടിത്തം നൽകുകയും ചെയ്തതാ ണ്.

ഈ അത്ഭുതപുരുഷൻ, എന്റെ ജീവിതത്തിൽ അത്ഭുതം ചെയ്ത ഈ ദിവ്യപുരുഷൻ ഞങ്ങളുടെ ജാതിക്ക് മോചനം നൽകുമെന്നും ഞങ്ങളുടെ ദേശത്തെയും ജാതിയേയും വീണ്ടെടുക്കും എന്നും പ്രതീക്ഷിച്ചതാണ്. അന്ന് അവിടെ തുടങ്ങിയ ശിഷ്യത്വം, ആ അത്ഭുതകരമായ മീൻപിടിത്തത്തെ തുടർന്ന് മൂന്നര വർഷം നീണ്ടു നിന്നതാണ്.

പലപ്പോഴും ശാസനകൾ ലഭിച്ചു. പലപ്പോഴും ശിക്ഷണ ങ്ങൾ ലഭിച്ചു. പലപ്പോഴും തർജ്ജനങ്ങൾ ലഭിച്ചു. പല പ്പോഴും അഭിനന്ദനങ്ങൾ ലഭിച്ചു, പലപ്പോഴും അത്ഭുത ങ്ങൾ കണ്ടു. പലപ്പോഴും അതിശയങ്ങൾക്ക് ദൃക്സാക്ഷി യായി. ഏറ്റവും ഗൗരവമുള്ള സമയങ്ങളിൽ കൂടെ ക്രിസ്തു ചേർത്തു നിർത്തിയതിന്റെ അനുഭോക്താവായി.

എന്നാൽ, ഇപ്പോൾ ക്രിസ്തു ക്രൂശിൽ കിടന്നു പിടയു ന്നതു കണ്ടതോടെ ശീമോന്റെ മനസ്സു തളർന്നു. ഇവനെ

ഞാൻ അറിയുന്നില്ല എന്നു മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു.

എന്നാൽ വീണ്ടും ക്രിസ്തു സ്നേഹത്തോടെ പ്രത്യക്ഷപ്പെടുകയും നിങ്ങൾക്ക് സമാധാനം എന്നു പറയുകയും ജീവിച്ചിരിക്കുന്നു എന്നു തെളിയിക്കുകയും ചെയ്തു. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്തു എങ്കിലും ഹൃദയത്തിന്റെ അടിത്തട്ടിൽ ഉറന്നു കൂടിയ നൈരാശ്യം മാറിയില്ല. മ്ലാനത നീങ്ങിയില്ല.

നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും നൈരാശ്യങ്ങൾ ബാധിച്ചിട്ടുണ്ടോ? ഏതെങ്കിലും തരത്തിലുള്ള വിഷാദാത്മകത്വം നിങ്ങളെ ഭരിക്കുന്നുണ്ടോ? നിങ്ങളുടെ ഹൃദയം വാടിയിരിക്കുകയാണോ? നിങ്ങളുടെ മനസ്സ് മ്ലാനമായിരിക്കുകയാണോ? നിങ്ങളുടെ പ്രതീക്ഷകൾ തകർന്നതിലുള്ള ദുഃഖത്തോടെ നിങ്ങൾ ഇരിക്കുകയാണോ? നിങ്ങളുടെ ആശകളെല്ലാം അസ്തമിച്ചുപോയി എന്നുള്ള നിരാശയിൽ നിങ്ങൾ ഇരിക്കുകയാണോ?

ഇനി എനിക്കു ഒരു പ്രതീക്ഷയില്ല, ഇനി എനിക്കൊരു ഭാവിയില്ല, എന്റെ ഭാവിയെല്ലാം കൂമ്പടഞ്ഞുപോയി, എന്റെ സ്വപ്നങ്ങൾ കരിഞ്ഞുപോയി എന്നു ചിന്തിച്ചും പറഞ്ഞും നിങ്ങൾ നാളുകൾ തള്ളി നീക്കുകയാണോ?

നിങ്ങളുടെ ഹൃദയത്തിൽ നീറിപ്പിടക്കുന്ന ഓർമ്മകളും ദുഃഖതപ്തമായ സ്മരണകളും നിങ്ങൾ അയവിറക്കിക്കൊണ്ടിരിക്കുകയാണോ? മകനേ, ചിന്തിക്കൂ, പ്രിയ മകളേ, ചിന്തിക്കൂ. നിന്റെ മനസ്സു അസ്വസ്ഥമാണോ? അനേകം പ്രശ്നങ്ങൾ നിന്നെ വലയം ചെയ്യുന്നുവോ? സങ്കീർണ്ണ

മായ പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ പെട്ടു നിങ്ങൾ അല യുന്നുവോ? കരകാണാക്കടലിൽ താണുപോകുന്ന മനുഷ്യ നെപ്പോലെ നിങ്ങൾ പിടിവിട്ടു നിരാശയുടെ കയത്തിലേക്ക് താണുകൊണ്ടിരിക്കുകയാണോ?

എങ്കിൽ ഓർക്കൂ : ശീമോൻ പത്രോസിനെ യഥാസ്ഥാന പ്പെടുത്തിയ ക്രിസ്തു ജീവിക്കുന്നു.

ശീമോൻ ഇറങ്ങിപ്പോകുന്നതും ശീമോൻ പിന്മാറിപ്പോ കുന്നതും എല്ലാം കണ്ടുകൊണ്ട് ശീമോനെ യഥാസ്ഥാന പ്പെടുത്തുവാൻ, ശീമോന്റെ അരികിലേക്കു വരുന്ന യേശു ക്രിസ്തു ഇന്നും ജീവിക്കുന്നു.

പ്രിയ സ്നേഹിതാ, ആ ക്രിസ്തു നിന്നെ സ്നേഹിക്കു ന്നു. ക്രിസ്തു നിന്നെ കരുതുന്നു, ക്രിസ്തു നിന്നെ വിളി ക്കുന്നു, ക്രിസ്തു നിന്റെ അരികിലേക്ക് വരുന്നു. നിന്റെ കഴിഞ്ഞകാല ജീവിതത്തിലെ പോരായ്മകളെ ക്രിസ്തു ഒന്നും ചോദിക്കാതെ ക്ഷമിച്ചു എല്ലാം പൊറുത്തു നിന്റെ അരികത്തു വന്നു നിൽക്കുന്നു. നിനക്കു ഒരു പുതിയ തളിരണിഞ്ഞ ജീവിതം പ്രദാനം ചെയ്യാൻ ക്രിസ്തു നിന്റെ അരികത്തു നിൽക്കുന്നു. പുതു നാമ്പുകൾ കിളുർപ്പിച്ചു തരുവാൻ ക്രിസ്തു നിന്റെ അരികത്തു നിൽക്കുന്നു.

ശീമോൻ പത്രോസ് പിന്മാറിപ്പോയി. ശീമോൻ പത്രോസ് മറ്റു ആറു ശിഷ്യന്മാരോടു കൂടെ ഇരിക്കുകയായിരുന്നു. പത്രോസിന്റെ അടുത്തു ദിദിമോസ് എന്ന തോമസ് ഉണ്ടാ യിരുന്നു. ഗലീലയിലുള്ള കാനാവിലെ നഥനയേൽ ഉണ്ടാ യിരുന്നു. സെബദി മക്കളായ യോഹന്നാനും യാക്കോബും ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ വേറെ രണ്ടു

പേർ ഉണ്ടായിരുന്നു. അങ്ങനെ മറ്റു ആറുപേരോടു കൂടെ ശീമോൻ പത്രോസ് ഇരിക്കുകയായിരുന്നു. പിന്മാറിപ്പോകുന്നതിനും ശീമോൻ പത്രോസ് നേതൃത്വം കൊടുത്തു. പലപ്പോഴും ശിഷ്യഗണത്തിനു നേതൃത്വം കൊടുത്തിരുന്ന ശീമോൻ പത്രോസ് ഇപ്പോൾ പിന്മാറിപ്പോകുന്നതിനും നേതൃത്വം കൊടുക്കുകയാണ്.

ശീമോൻ പത്രോസ് പറഞ്ഞു : "ഞാൻ മീൻ പിടിപ്പാൻ പോകുന്നു" എന്ന്. ഞാൻ പോകുന്നു എന്നാണ് പറഞ്ഞത്. നമുക്കു പോകാം എന്നല്ല. ഞാൻ പോകുന്നു. ക്രിസ്തുവിനെ വിട്ടുപോകുവാനുള്ള, പഴയതിലേക്കു മടങ്ങിപ്പോകുവാനുള്ള തീരുമാനം, സ്വന്തം തീരുമാനം അറിയിച്ചതിൽ കൂടെ മറ്റു ആറുപേരെക്കൂടി ആ അനർത്ഥത്തിലേക്ക് വലിച്ചിഴക്കുകയാണ് ശീമോൻ പത്രോസ്.

മകനേ, നിന്റെ ഒരു വാക്കുമൂലം ചിലർ തെറ്റിപ്പോകുന്നു എന്നു നീ അറിയുന്നുണ്ടോ? മകളേ, നിന്റെ ഒരു പാപം മൂലം, നിന്റെ ഒരു പെരുമാറ്റം മൂലം ചിലർ പിന്മാറിപ്പോകുന്നു എന്നു നീ അറിയുന്നുണ്ടോ? നീ പറയും എന്റെ തീരുമാനമാണ് ഞാൻ പറഞ്ഞത്. അത് എന്റെ കാര്യമാണ്. മറ്റാരും അങ്ങനെ ചെയ്യണം എന്നു ഞാൻ പറഞ്ഞില്ല. വേണങ്കിൽ നിനക്കു വാദിക്കാം എന്നാൽ നീ പറയുന്ന ഒരു വാക്ക്, നിന്റെ ജീവിതത്തിലെ ഒരു ചലനം അതു മറ്റുള്ളവരിൽ ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ ഉളവാക്കും എന്നു നീ അറിഞ്ഞു കൊള്ളുക.

ദുഷ്ഫലങ്ങൾ മാത്രമല്ല സത്ഫലങ്ങളും. നമുക്ക് സൽഫലങ്ങൾ ഉളവാക്കുന്നവരായി തീരാം. നമ്മുടെ ഒരു ചലനം പോലും മറ്റൊരാളുടെ വിശ്വാസം കുറയുവാൻ

കാരണമാവല്ലെ, മറ്റൊരാളുടെ ദൈവസ്നേഹം കുറയുവാൻ കാരണമാവല്ലെ, മറ്റൊരാളുടെ സമർപ്പണത്തിൽ നിന്നു പുറകോട്ടു പോകുവാൻ കാരണമാവല്ലെ. ഞാൻ മൂലം വേറെ ഒരാൾ യേശുക്രിസ്തുവിനെ ഉപേക്ഷിക്കാൻ കാരണമാവല്ലെ. ഞാൻ മൂലം വേറെ ഒരാൾ യേശുക്രിസ്തുവിന്റെ വേലയിൽ നിന്നു പിന്മാറുവാൻ ഇടയാകല്ലെ. നമുക്കു സമർപ്പിക്കേണ്ടിയിരിക്കുന്നു.

ശീമോൻ പത്രോസ് പറഞ്ഞു : "ഞാൻ മീൻ പിടിപ്പാൻ പോകുന്നു." ഉടനെ അവർ പറഞ്ഞു : ഞങ്ങളും പോരുന്നു. ഒരാൾ പറയുന്നതിന്റെ ദുസ്സ്വാധീനം അവരെ എല്ലാവരേയും ബാധിച്ചു. അവരെല്ലാവരും ഒരിക്കൽ ഉപേക്ഷിച്ച പടകു എടുത്തു, ഒരിക്കൽ ഉപേക്ഷിച്ച വല എടുത്തു, ഒരിക്കൽ ഉപേക്ഷിച്ച തൊഴിൽ എടുത്തു, പഴയതിലേക്കു അവർ പോവുകയാണ്.

നീ ഒരിക്കൽ ഉപേക്ഷിച്ചതു നീ തിരികെ എടുത്തുവോ? മദ്യപാനം വേണ്ടാ എന്നു നീ തീരുമാനിച്ചതാണ്. സ്വന്തം തീരുമാനം ആയിരുന്നു. കുറേക്കാലം നീ പിടിച്ചു നിന്നു. വീണ്ടും നീ മദ്യപാനത്തിലേക്ക് പോയോ? അശുദ്ധ ബന്ധങ്ങൾ വേണ്ടാ എന്നുവച്ചതാണ്. എന്നാൽ വീണ്ടും നീ ആ വ്യഭിചാര ജീവിതത്തിലേക്ക് മടങ്ങിയോ? ചീത്ത ചില കൂട്ടുകെട്ടുകൾ വേണ്ടാ എന്നു വെച്ചതാണ്. കുറെക്കാലം നീ അതിൽ ജയിച്ചു നിന്നതാണ്. വീണ്ടും നീ തിന്മയിലേക്ക് മടങ്ങിപ്പോയോ?

സിനിമ, വെറിക്കൂത്ത്, കഞ്ചാവ്, മയക്കുമരുന്ന്, പാൻപരാഗ്, ഹാൻസ്! എന്തെല്ലാം ദുശ്ശീലങ്ങൾ! ബ്ലൂ ഫിലിം, ഇന്റർനെറ്റിൽ കടന്നുള്ള അഴുക്കായ ചിത്രങ്ങളിലുള്ള രസ

ങ്ങൾ എല്ലാം നീ ഉപേക്ഷിച്ചതായിരുന്നു. എന്നാൽ വീണ്ടും നീ അതെല്ലാം തിരികെ എടുത്തുവോ? വീണ്ടും തിന്മയിലേക്കുള്ള ചായ്‌വ് വന്നുവോ?

നീ ചാഞ്ഞുപോയാൽ നിന്നോടൊപ്പം അനേകർ വീഴും. നീ വീണുപോയാൽ അനേകർ വീഴും. ഗോവണി കയറുന്ന ആൾ മുകളിലത്തെ അറ്റത്തു കയറിയിട്ടാണ് വീഴുന്നതെങ്കിൽ പിറകെ വരുന്ന അനേകരെ വീഴിക്കും. ആദ്യത്തെ ചുവടിൽ വീഴുന്നവൻ അതിനു തൊട്ടു താഴെ ഉള്ളവരെ മാത്രമേ വീഴിക്കുകയുള്ളൂ. ഏറ്റവും മുകളിൽ കയറിയവൻ വീണാൽ അനേകം പേരേയും തട്ടി മറിച്ചുകൊണ്ടാണ് വീഴുന്നത്.

ഓർക്കൂ, മകനേ, നീ മൂലം ആരും വീഴാൻ ഇടവരരുത്. ദൈവപൈതലേ, നീ മൂലം ആരും തളരാൻ ഇടവരരുത്.

കർത്താവേ, ഞാൻ പിന്മാറിപ്പോയി. നാഥാ, ഞാൻ പഴയ പാപത്തിലേക്ക് പോയി, ഞാൻ പഴയ ജീവിതത്തിലേക്ക് പോയി, പഴയ ചിന്താഗതികളിലേക്ക് പോയി, പഴയ അവിശ്വാസത്തിലേക്ക് പോയി, പഴയ ദുഷ്ടതയിലേക്കും ക്രൂരതയിലേക്കും പോയി, പഴയ വൈരാഗ്യത്തിലേക്കും പിണക്കത്തിലേക്കും പോയി, എന്റെ നാഥാ, പഴയ കലഹത്തിലേക്കും പഴയ തർക്കത്തിലേക്കും പോയി, പഴയ വ്യവഹാരത്തിലേക്കു പോയി, പഴയ സ്വഭാവത്തിലേക്ക് പോയി, നാഥാ എന്നോടു ക്ഷമിക്കണമേ.

പാപം ക്ഷമിക്കുന്ന ക്രിസ്തു പാപക്ഷമ തരട്ടെ. നിങ്ങളെ യഥാസ്ഥാനപ്പെടുത്തട്ടെ. നിങ്ങളെ വീണ്ടും ഉറപ്പിക്കട്ടെ.

നിങ്ങളെ തിരികെ കൊണ്ടുവരട്ടെ. ശീമോൻ പത്രോസിനെ തിരികെ കൊണ്ടുവന്ന ദൈവം നിങ്ങളിൽ അത്ഭുതം പ്രവർത്തിക്കട്ടെ. നമുക്ക് സമർപ്പിക്കാം.

# മൂന്ന്

"ശീമോൻ പത്രോസ് അവരോടു : ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു, ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറിപ്പോയി, ആ രാത്രിയിൽ ഒന്നും പിടിച്ചില്ല." യോഹ 21 : 3-4

ആ രാത്രിയിൽ ഒന്നും പിടിച്ചില്ല, ശീമോൻ പത്രോസ് പിൻമാറിപ്പോയി, ശീമോൻ പത്രോസ് പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയി., ശീമോൻ പത്രോസ് പ്രത്യാശ കൈവിട്ടവ നായിപ്പോയി, ഒപ്പം വേറെ ആറുപേരും കൂടെ, ആ കൂടെ അകന്നു പോകുവാനും പിന്മാറിപ്പോകുവാനും സംഗതിയാ യി, അവർ പടകുകയറിപ്പോയി. തിബെര്യാസ് കടലിലേക്ക് പോയി. തിബെര്യാസ് കടൽ എന്നും ഗലീലാക്കടൽ എന്നും, ഗെന്നേസരത്ത് തടാകമെന്നും പറയുന്നതു ഒരേ ഒരു ജലാ ശയം തന്നെയാണ്. അതിന്റെ വിവിധ ഭാഗങ്ങളാണ് ഇവ. തിബെര്യാസ് കടലിന്റെ ആ ഭാഗത്തേക്ക് അവർ പടകു കയറിപ്പോയി.

മൂന്നരവർഷം മുമ്പ് അവർ ഉപേക്ഷിച്ചതായ പടകു അവർ തിരികെ എടുത്തു. പെട്ടെന്നുള്ള ആ ഒരു സന്ദർഭം അല്ല കാരണം, പെട്ടെന്നുള്ള ഒരു സംഭവവും അല്ല കഴിഞ്ഞ ഏതാനും സമയങ്ങളായി ശീമോൻ പത്രോസിന്റെ ഉള്ളിൽ ഉപജീവന ചിന്തകൾ വീണ്ടും തലപൊക്കി തുടങ്ങിയിരുന്നു. എങ്ങനെ ജീവിതം മുന്നോട്ടു പോകും? ഇതുവരെ മനസ്സിൽ പ്രതീക്ഷയുണ്ട്, പ്രത്യാശയുണ്ട്, ധൈര്യമുണ്ട്, ശുഭകരമായ ചിന്തകൾ ഉണ്ട്, ക്രിസ്തുകൂടെ ഉണ്ട് എന്നുള്ള ഉറപ്പുണ്ടായിരുന്നു.

എന്നാൽ ക്രിസ്തു ക്രൂശിക്കപ്പെട്ടു. ഈ യെരുശലേമിലും പരിസരത്തും യെഹൂദന്മാർ ക്രിസ്തുവിന്റെ അനുയായികളെ വേട്ടയാടുന്നു. ഒരിക്കലും സുരക്ഷിതമല്ല ഇവിടെ. ജീവിച്ചു പോകണ്ടേ? കുടുംബമുണ്ട്, കഫർന്നഹൂമിലെ ആ ചെറിയ വീടുണ്ട്. ആ കുടുംബത്തിൽ ഭാര്യയുണ്ട് മക്കളുണ്ട്, ഭാര്യയുടെ അമ്മ ഉണ്ട്. ഒരു കുടുംബം പുലർത്തണമല്ലോ, ഒരു തൊഴിൽ വേണ്ടേ?

തൊഴിൽ ചെയ്യുന്നതു തെറ്റല്ല; ഉപജീവനമാർഗ്ഗം തേടുന്നതു തെറ്റല്ല. എന്നാൽ നമ്മെ വിളിച്ചിരിക്കുന്ന വിളിക്ക് പൂർണ്ണമായും വിധേയപ്പെട്ടും അനുസരിച്ചും നിൽക്കുന്നില്ലെങ്കിൽ അതു പാപമാണ്.

തൊഴിൽ ചെയ്തുകൊണ്ടു തന്നെ ദൈവവേല ചെയ്യാം. ഏതെങ്കിലും തെറ്റല്ലാത്ത ജോലികൾ ചെയ്തുകൊണ്ടു ദൈവത്തിന്റെ വേല ചെയ്യാം. ഉപജീവനമാർഗ്ഗം അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ വേല ചെയ്യാം.

അപ്പൊ. പൗലോസ് കൂടാരപ്പണി ചെയ്തുകൊണ്ടിരുന്നല്ലോ. കർത്താവായ യേശുക്രിസ്തു തച്ചുപുരയിൽ പിതാ

വിനോടൊപ്പം ജോലി ചെയ്തല്ലോ, അതുകൊണ്ടല്ലേ നസ്രേത്തിലെ തച്ചന്റെ മകൻ എന്നു വിളിക്കപ്പെട്ടത്. ദൈവത്തിന്റെ മക്കൾ ജോലി ചെയ്യുന്നതു തെറ്റല്ല. ഉപജീവനത്തിനുള്ള മാർഗ്ഗം തേടുന്നതു തെറ്റല്ല.

എന്നാൽ ഇവിടെ ശീമോൻ പത്രോസിനു തെറ്റുപറ്റി. ശീമോൻ പത്രോസ് ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ സുവിശേഷം അറിയിപ്പാൻ മാത്രം വിളിക്കപ്പെട്ടു വേർതിരിക്കപ്പെട്ടവനായിരുന്നു. ഇന്നു മുതൽ നിന്നെ മനുഷ്യരെപ്പിടിക്കുന്നവനാക്കുമെന്ന് യേശുക്രിസ്തു പറഞ്ഞതായ ഒരു ശബ്ദം കേട്ടു പുറപ്പെട്ട ശീമോൻ പത്രോസ്, മരിച്ച മനുഷ്യരെപ്പിടിച്ചു ജീവിപ്പിക്കാൻ ദൈവം നിയോഗിച്ച ശീമോൻ പത്രോസ്, ജീവനുള്ള മത്സ്യത്തെപ്പിടിച്ചു കൊല്ലുന്നവനായി മാറുവാൻ ദൈവം ആഗ്രഹിച്ചില്ല.

ശീമോൻ പത്രോസ് ആ പഴയ പടക് എടുക്കാനും പഴയ വല എടുക്കാനും പഴയ തൊഴിൽ എടുക്കാനും പഴയ കടലിലേക്കു പോകാനും തിരിയുമെന്ന് കർത്താവു പ്രതീക്ഷിച്ചില്ല.

മകനേ, നിന്റെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ ശ്രമിക്കണം. ഇതുകൊണ്ടാണ് അപ്പൊ. പത്രോസ് തന്റെ രണ്ടാമത്തെ ലേഖനത്തിൽ വ്യക്തമായിട്ടു പ്രബോധിപ്പിക്കുന്നത്.

> "അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ

> കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.” 2 പത്രൊ. 1: 10-11

നിങ്ങൾക്ക് ഇടർച്ച വരാതിരിക്കണമോ? വിളിയെന്ത്, തിരഞ്ഞെടുപ്പു എന്തു എന്ന് വ്യക്തമായി ഗ്രഹിച്ചിരിക്കണം. എന്നെ വിളിച്ചിരിക്കുന്നതു എങ്ങനെ? എന്നെ തിരഞ്ഞെടുത്തിരിക്കുന്നത് എന്തിന്? എന്നെ ആരാണ് വിളിച്ചത്? എന്നെ എന്തിനാണ് വിളിച്ചത്? എന്നെ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം എന്താണ്? കർത്താവ് പറഞ്ഞത് ശീമോൻ പത്രോസും കേട്ടതാണ്.

ക്രൂശിലേക്കു പോകുന്നതിനു മുൻപ് ശിഷ്യന്മാരെ പതിനൊന്നു പേരേയും കൂട്ടിയിരുത്തിക്കൊണ്ട് കർത്താവു പറഞ്ഞു :

> “നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു.” യോഹ 15 : 16

നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല. ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. എന്തിനാണത്? നിങ്ങൾ ഫലം കായ്ക്കേണ്ടതിനാണ്. മാത്രമല്ലല്ലൊ, നിങ്ങളുടെ ഫലം നിലനിൽക്കണം. അതിനായിട്ടു ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. അങ്ങനെ നിങ്ങൾ വിളിയും തിരഞ്ഞെടുപ്പും ഗ്രഹിച്ചു ഫലം കായ്ക്കുന്നവരായി തീർന്നാൽ എന്തു സംഭവിക്കും എന്നു കർത്താവു ഇവിടെ പറഞ്ഞിരിക്കുന്നു.

> "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ." യോഹ 15 : 16

വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കി നിന്നാൽ പ്രിയപ്പെട്ടവരേ, ഒരു വാഗ്ദത്തമുണ്ട്. ക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും ദൈവം നിങ്ങൾക്കു തരുമെന്നു തന്നേ. നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും നിങ്ങൾ ഗ്രഹിച്ചാൽ, നിങ്ങൾ ഫലം കായ്ച്ചാൽ, നിങ്ങളുടെ ഫലം നിലനിന്നാൽ എന്റെ നാമത്തിൽ നിങ്ങൾ അപേക്ഷിപ്പിൻ, പിതാവു അതൊക്കെയും നിങ്ങൾക്കു തരും. അതു തന്നെയാണ് യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നത്.

> "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു : നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല, അപേക്ഷിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും."
>
> യോഹ 16 : 23-24

അപേക്ഷിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും. ശീമോൻ പത്രോസ് തന്നെ വിളിച്ചതു എന്തിനു എന്നു മറന്നുപോയി. ശീമോൻ പത്രോസിന്റെ കൂടെ വേറെ ആറുപേരും ദൈവീക വിളിയുടെ അർത്ഥം ഗ്രഹിക്കാതെ ഇറങ്ങിപ്പോയി. നാം വായിക്കുന്നത് എന്താണ്?

"ആ രാത്രിയിൽ ഒന്നും പിടിച്ചില്ല" ആ രാത്രിയിൽ അവർ ഒന്നും പിടിച്ചില്ല, ഒന്നും പിടിക്കാൻ കഴിഞ്ഞില്ല. ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതം നിഷ്ഫലം എന്നു ദൈവം അവർക്കു മനസ്സിലാക്കിക്കൊടുക്കുകയാണ്.

ഇതിനു മുമ്പ് "എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല" എന്ന് യേശു അവരോട് പറഞ്ഞതാണ്.

> "ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും, എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല." യോഹ 15 : 5

യേശുവിനെ കൂടാതെ ജീവിത വിജയം നേടാൻ സാധ്യമല്ല. ക്രിസ്തുവിനോടു ചേർന്നു മാത്രമേ ജയമുള്ളൂ, ക്രിസ്തുവിൽ മാത്രമേ നമുക്കു ജീവിതത്തിൽ മുന്നേറ്റമുള്ളൂ. ഇന്നും തളർന്നിരിക്കുന്നവർ ഉണ്ടോ, ഈ വാക്കുകളെ വായിക്കുന്നവർ ഒരു ഗതികിട്ടാതെ വിഷമിക്കുന്നവർ ഉണ്ടോ? ഭാവി ഇരുളടഞ്ഞു കാണുന്നവർ ഉണ്ടോ? നാളെയെ ഓർത്തു ആകുലപ്പെട്ടു കഴിയുന്നവർ ഉണ്ടോ? നിങ്ങൾക്കു ക്രിസ്തുവിനെ ലഭിച്ചാൽ നിങ്ങളുടെ ജീവിതം പുതിയ സന്തോഷത്തിലേക്കു കടന്നു വരും.

സന്തോഷപ്പൊൻപുലരി നിങ്ങളെ എതിരേല്ക്കും. സമാധാനം നിങ്ങളുടെ ജീവിതത്തിൽ നിഴലിടും, സ്നേഹിതരേ, എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല എന്നു ക്രിസ്തു പറഞ്ഞു. "With Jesus I am a hero

and without Jesus I am a zero.” നിങ്ങൾക്കു അർത്ഥം മന സ്സിലായില്ലേ? ക്രിസ്തുവിനോടു കൂടെ ആണെങ്കിൽ ഞാൻ ഒരു hero ആണ്. ക്രിസ്തു ഇല്ലെങ്കിൽ ഞാൻ ഒരു zero ആണ്. ഞാൻ ഒരു പൂജ്യമാണ്.

നമുക്കു ക്രിസ്തുവിനോടു ചേർന്നു നിൽക്കാം. നൂറ്റാ ണ്ടുകൾക്ക് മുൻപ് ശലോമോൻ പാടി :

> “യഹോവ വീടു പണിയാതിരുന്നാൽ പണി യുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു, യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു.” സങ്കീ 127 : 1

ദൈവം പട്ടണം കാക്കണം, ദൈവം ഭവനം പണിയ ണം. നിങ്ങൾക്ക് ഇപ്പോൾ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ജീവിതം കൊടുക്കാമോ? ക്രിസ്തുവിനെ നിങ്ങളുടെ ഹൃദ യത്തിലേക്ക് എതിരേല്ക്കാമോ? ക്രിസ്തുവിനായി നിങ്ങ ളുടെ ജീവിതം വേർതിരിക്കാമോ? പുതിയ ജീവിതം തുട ങ്ങാമോ?

ക്രിസ്തു നിങ്ങളുടെ ജീവിതത്തെ തൊടട്ടെ, അനുഗ്ര ഹിക്കട്ടെ, ആശീർവദിക്കട്ടെ, യേശുവിനോടു ചേർന്നു ജയാ ളികളായി തീരുവാൻ ദൈവം നിങ്ങൾക്ക് ഭാഗ്യം നൽക ട്ടെ.

# നാല്

"അവർ പുറപ്പെട്ടു പടകു കയറിപ്പോയി, ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു, യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല."

യോഹ 21 : 3-4

ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. യേശുവിനെ കൂടാതെയുള്ള, യേശുവിനെ വിട്ടിട്ടുള്ള ആ പ്രയാണം അപകടകരമായിരുന്നു. അതു അനർത്ഥകാരണമായിരുന്നു. അതു നിഷ്ഫലമായിരുന്നു.

യേശുവിനെ കൂടാതെയുള്ള യത്നങ്ങൾ നിഷ്ഫലമാണ്. യേശുവിനോടു ചേർന്നു പരീക്ഷ എഴുതിക്കൊള്ളൂ. പരീക്ഷയിൽ യേശു വിജയം തരും.

യേശുവിനോടു ചേർന്നു പഠിച്ചുകൊള്ളൂ. പഠിക്കാൻ യേശുക്രിസ്തു ബുദ്ധി തരും.

യേശുവിനോടു ചേർന്നു നിങ്ങൾ ജോലി ചെയ്തുകൊള്ളൂ, ജോലി ചെയ്യാനുള്ള നൈപുണ്യം, പ്രാവീണ്യം, ക്രിസ്തു തരും.

യേശുവിനോടു ചേർന്നു വിവാഹ ജീവിതം തുടങ്ങിക്കൊള്ളൂ, യേശുക്രിസ്തു വിവാഹ ജീവിതം സന്തോഷ ഭരിതമാക്കും.

യേശുവിനോടു ചേർന്നു ബിസിനസ്സ് ചെയ്തുകൊള്ളൂ, യേശുക്രിസ്തു പ്രസാദിക്കുന്ന രീതിയിൽ ബിസിനസ്സ് ചെയ്യുമ്പോൾ യേശുക്രിസ്തുവിന്റെ അനുഗ്രഹവും സമൃദ്ധിയും, ഐശ്വര്യവും നിങ്ങൾക്കു ലഭിക്കും.

യേശുവിനെ കൂടാതെ ഇറങ്ങിയ ആ രാത്രി അവർ ഒന്നും പിടിച്ചില്ല. രാത്രി മുഴുവൻ അദ്ധ്വാനിക്കുകയാണ്, ഒന്നും പിടിച്ചില്ല. ശീമോൻ പത്രോസിനു അനുഭവമുണ്ട്. ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്നു പറഞ്ഞ ഒരു പഴയ കാലമുണ്ട്. ഓർമ്മയിൽ അതു തികട്ടി വരാവുന്നതാണ്.

ഒരു മൂന്നരക്കൊല്ലം മുമ്പ് ഗലീലാക്കടലിൽ ശീമോൻ പത്രോസ് രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ വിഷാദപരവശനായി, മ്ലാനനായി പകടിൽ ഇരുന്നു, ദുഃഖ തപ്തനായി തലതാഴ്ത്തി, ഇരുന്നപ്പോൾ ആണ് യേശുക്രിസ്തു വന്നു പടകിന്റെ വലത്തുഭാഗത്തു വലവീശുവിൻ എന്നു പറഞ്ഞത്.

ശീമോൻ പത്രോസ് വലവീശി, അന്ന് പെരുത്തു മീൻ കൂട്ടം കിട്ടിയതാണ്. യേശുവിന്റെ സാന്നിദ്ധ്യത്തിൽ അനു

ഗ്രഹമുണ്ട് എന്നു ശീമോൻ പത്രോസ് അനുഭവിച്ചതാണ്. യേശു കയറിവന്നാൽ അനുഗ്രഹമാണ് എന്ന് അറിയാമായിരുന്നു. എങ്കിലും യേശുവിനെ കൂടാതെ പുറപ്പെട്ടു.

ദൈവജനമേ, യേശുവിനോടു കൂടെ നമുക്ക് തൊഴിലുകൾ ചെയ്യാം. യേശു പ്രസാദിക്കുന്ന ജീവിതം നയിച്ചുകൊണ്ട് തൊഴിലുകൾ ചെയ്യാം. പാപം ജീവിതത്തിൽ ഇല്ലാതെ തൊഴിലുകൾ ചെയ്യാം.

പാപത്തെ ഉപേക്ഷിച്ചുകൊണ്ട് പഠിത്തം തുടങ്ങാം. പാപം ജീവിതത്തിൽ നിന്നു മാറ്റിക്കൊണ്ട് പരീക്ഷ എഴുതാം.

പാപം ജീവിതത്തിൽ നിന്നു മാറ്റിക്കൊണ്ടു ജോലിക്കുവേണ്ടി അപേക്ഷിക്കാം. പ്രമോഷനുവേണ്ടി പരിശ്രമിക്കാം. ജീവിതത്തിൽ നിന്നു പാപം മാറ്റി യേശു പ്രസാദിക്കുന്ന ജീവിതം നയിച്ചുകൊണ്ട് നമുക്ക് ഓരോ ചുവടും വയ്ക്കാം.

ക്രിസ്തു നമ്മുടെ കൂടെ നടക്കട്ടെ. ക്രിസ്തു നമ്മെ നയിക്കട്ടെ. ക്രിസ്തു നമ്മെ നിയന്ത്രിക്കട്ടെ. ക്രിസ്തു നമ്മെ ഭരിക്കട്ടെ. ക്രിസ്തു നമുക്ക് ആവശ്യമുള്ള ആലോചനകൾ പറഞ്ഞു തരട്ടെ. സങ്കീർത്തനത്തിൽ ഇങ്ങനെ വായിക്കുന്നു.

> "ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും, ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞു തരും." സങ്കീ. 32 : 8

> "നമ്മുടെ രക്ഷയാകുന്ന ദൈവമായി,

നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവു വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്കു ഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു, മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നെ."

സങ്കീ. 68 : 19 – 20

"അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു, എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ."

സങ്കീ. 57 : 2

എല്ലാം ചെയ്തു തരാൻ ഒരു ദൈവം ഉണ്ട്. മകനേ, നീ പരീക്ഷ എഴുതാൻ ഇരിക്കുമ്പോൾ നിന്റെ പേനയിൽ ക്രിസ്തുവിന്റെ കരം വെയ്ക്കട്ടെ. നിന്റെ Answer Paper -ൽ ക്രിസ്തുവിന്റെ അത്ഭുതകരമായ കരത്തിന്റെ സ്പർശം ഏൽക്കട്ടെ.

മകനേ, നീ ഓഫീസിൽ ഇരിക്കുമ്പോൾ നിന്റെ കസേരയോടു ചേർന്നു യേശുക്രിസ്തു വന്നു നിൽക്കട്ടെ. ക്രിസ്തുവിന്റെ ദൂതന്മാർ നിനക്കു ചുറ്റും കോട്ട ആയി നിൽക്കട്ടെ.

"യഹോവയുടെ ദുതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." സങ്കീ. 34 : 7

"നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നെത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും." സങ്കീ. 73 : 24

"നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു."

വലങ്കൈക്കു പിടിക്കുന്ന ദൈവം. ശീമോൻ പത്രോസ് യേശുവിനെ അനുഭവിച്ചവനാണ്. പക്ഷേ ഇപ്പോൾ യേശുവിനെ വിട്ടുപോയി. അനുഭവം കിട്ടിയ ദൈവദാസൻ, അനുഭവങ്ങളുടെ മധുരിമയും, ഗരിമയും മറന്ന്, ഇപ്പോൾ യേശുവിനെ കൂടാതെ പോയിരിക്കുകയാണ്.

> "ആ രാത്രിയിൽ ഒന്നും പിടിച്ചില്ല, പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു, യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല." .
> യോഹ 21 : 3-4

പടകിൽ ഇരുന്നുകൊണ്ട് രാത്രി മുഴുവൻ അദ്ധ്വാനിച്ചു ഉറക്കിളച്ചു, ഒരു മീനും കിട്ടിയില്ല, നിരാശയോടെ വിഷമിച്ചിരിക്കുമ്പോൾ യേശു കരയിൽ വന്നു നിൽക്കുകയാണ്. എന്തൊരു സ്നേഹം! എന്തൊരു വാത്സല്യം!

മകനേ, നീ യേശുവിനെ വിട്ടുപോയെങ്കിലും യേശു നിന്നെ വിട്ടുപോകുന്നില്ല. മകളേ, നീ യേശുവിനെ മറന്നു പോയെങ്കിലും യേശു നിന്നെ മറന്നിട്ടില്ല. യേശു നിന്നെ ഉപേക്ഷിച്ചിട്ടില്ല. യേശു നിന്റെ അരികിലേക്കു വരികയാണ്. യേശു നിന്റെ അരികത്തു വന്നു നിൽക്കുകയാണ്. അവൻ ഇതാ കരയിൽ വന്നു നിൽക്കുന്നു.

മുമ്പൊരിക്കൽ കരയിൽ നിന്നവൻ വെള്ളത്തിന്റെ മീതെ, തിരമാലകളുടെ മീതെ നടന്നു പടകിനോടു അടുത്തവനാണ്. ഇന്നിതാ അവൻ അടുത്തു കരയിൽ നിൽക്കുകയാണ്.

അവൻ നിങ്ങളുടെ സമീപത്തു വന്നു നിൽക്കുന്നു. അവൻ നിങ്ങളെത്തന്നെ നോക്കിക്കൊണ്ടു നിൽക്കുന്നു. തണുത്തുറഞ്ഞ ആ രാവിൽ, നേരം പുലർന്നിട്ടില്ല. ഒരു അരണ്ട വെളിച്ചം മാത്രമേ ഉള്ളൂ. ആ രാത്രിയുടെ പ്രഭാത ത്തോടു അടുത്ത സമയത്തു രക്ഷകൻ കരയിൽ നിന്നു കൊണ്ടു കടലിന്റെ മധ്യത്തിൽ ഉള്ള ശിഷ്യന്മാരെ നോക്കു ന്നു, നിരാശരായി നിൽക്കുന്നവരെ നോക്കുന്നു. ഭാരത്തോടെ മ്ലാനതയോടെ ആകുലപ്പെട്ടു പടകിൽ ഇരിക്കുന്നവരെ യേശു നോക്കിക്കൊണ്ടു നിൽക്കുന്നു.

> “ഞാനോ എളിയവനും ദരിദ്രനും ആകു ന്നു, എങ്കിലും കർത്താവു എന്നെ വിചാരിക്കു ന്നു.” സങ്കീ. 40 : 17

നമ്മെ വിചാരിക്കുന്ന ദൈവം, നമ്മെ ഓർക്കുന്ന ദൈവം, അവൻ നമ്മെ മറക്കുന്നില്ല, അവൻ നമ്മെ സ്നേഹിക്കു ന്നു, അവൻ നമ്മെ തള്ളിക്കളഞ്ഞിട്ടില്ല, അവൻ നമ്മെ ശപിച്ചിട്ടില്ല, അവൻ നമ്മെ ഇറക്കി വിട്ടിട്ടില്ല. അവന്റെ ആർദ്രസ്നേഹം വന്നു നിൽക്കുകയാണ്.

അത്ഭുതം പ്രവർത്തിക്കാനാണ് യേശു വന്നു നിൽക്കു ന്നത്. ശൂന്യമായ പടകു നിറയ്ക്കാൻ കരുതിക്കൊണ്ടാണ് യേശു വന്നു നിൽക്കുന്നത്.

മകനേ, നിന്റെ ശൂന്യമായ പടകിൽ നൂറ്റമ്പത്തിമൂന്നു വലിയ മത്സ്യത്തെ നിറയ്ക്കാനാണ് യേശു വന്നു നിൽക്കു ന്നത്. നീ ഇതുവരേയും പിടിച്ചിട്ടുള്ളതിലേക്കും വലുതായ, നൂറ്റമ്പത്തിമൂന്നു മത്സ്യങ്ങൾ. നൂറ്റമ്പത്തിമൂന്നു വൻ മത്സ്യ ങ്ങൾ പിടിക്കാനുള്ള സാധ്യതകൾ നിന്നിൽ കണ്ടുകൊ

ണ്ടാണ് യേശു വന്നു നിൽക്കുന്നത്.

ദൈവം നിന്നിൽ പ്രതീക്ഷയോടെ നിൽക്കുന്നു. അവൻ ഭാവികാല സാധ്യതകൾ നോക്കുന്നു. അവനെ വിളിപ്പിൻ, അവനെ സ്നേഹിപ്പിൻ, അവന്റെ അരികിലേക്ക് ഓടി അണയുവിൻ, അവനായി ജീവിതം സമർപ്പിക്കുവിൻ, അവന്റെ പാദത്തിൽ ജീവിതം അടിയറ വെയ്ക്കുവിൻ, അവനോടു വാക്കു പറയുവിൻ : യേശുവേ, ഈ സ്നേഹത്തെ ഞാൻ മാനിക്കുന്നു, ഈ സ്നേഹത്തെ ഞാൻ ആദരിക്കുന്നു, ഈ സ്നേഹത്തിന്റെ മുന്നിൽ ഞാനിതാ പൂർണ്ണമായി എന്നെത്തന്നെ സമർപ്പിക്കുന്നു. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക.

## അഞ്ച്

"പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു, യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോടു, കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു, ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു."

യോഹ 21 : 4 – 5

യേശു കരയിൽ നിൽക്കുകയായിരുന്നു. ശീമോൻ പത്രോസും വേറെ ആറുപേരും തിബെര്യാസ് കടലിൽ മീൻ പിടിക്കാൻ പോയി. ഒന്നും കിട്ടിയില്ല. യേശു കരയിൽ വന്നു നിൽക്കുകയാണ്. പിന്മാറിപ്പോയവരെ തേടി യേശു വന്നു നിൽക്കുകയാണ്. വിട്ടുപോയവരെ അന്വേഷിച്ചു യേശു വന്നു നിൽക്കുകയാണ്. പാട്ടുകാരൻ പാടി.

"തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം-
തേടിയീ പാപിയാമെന്നെ,
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ-

മാറുവാനാവതല്ലിനി-
ലോകത്തിലേകയാശ്രയം എൻ യേശു മാത്രം-
ശോകങ്ങളേറി വന്നാലും,
വേണ്ടാ ഈ ലോകയിമ്പം പ്രിയനെ! നീ മതി-
എന്നും വാഴ്ത്തിപ്പാടും ഞാൻ."

"ആ രാത്രിയിൽ അവർ ഒന്നും പിടിച്ചില്ല, പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു, യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല."

യേശു വന്ന് കരയിൽ നിന്നു. പക്ഷെ, യേശുവാണെന്ന് അവർ മനസ്സിലാക്കിയില്ല. അരണ്ട വെളിച്ചത്തിൽ ഒരാൾ നിൽക്കുന്നുണ്ട്, ആരോ ഒരാൾ കരയിൽ നിൽക്കുന്നുണ്ട്. മൂന്നര കൊല്ലത്തെ പരിചയമില്ലയോ അവർക്ക് യേശുവിനെ? യേശുവിന്റെ മുഖം അവർക്ക് ഓർമ്മയില്ലേ? ഇത്രപെട്ടെന്ന് മറന്നു പോകുമോ? വെളിച്ചം ഇല്ലാത്തതു കൊണ്ടാണോ അവർക്ക് പിടികിട്ടാത്തത്? അല്ല, യേശു ക്രിസ്തുവിനെ തിരിച്ചറിയണമെങ്കിൽ ആത്മാവിൽ വെളിവു കിട്ടണം.

ആത്മാവിൽ വെളിച്ചം കിട്ടണം! ക്രിസ്തുവിനെ അറിയാൻ ക്രിസ്തുനോടു സ്നേഹം വരണം. എന്താണ് ക്രിസ്തുവിനെ അറിയുക. ബുദ്ധിയിൽ അറിയുന്നതല്ല ക്രിസ്തുവിനെ അറിയുന്നത്.

ദൈവശാസ്ത്രത്തിൽ Ph.D കിട്ടിയാൽ ക്രിസ്തുവിനെ അറിയണമെന്നില്ല. വേദപുസ്തക വാക്യങ്ങൾ കാണാതെ അറിയാമെങ്കിലും ക്രിസ്തുവിനെ അറിയണമെന്നില്ല. നല്ല വാക്ചാതുര്യത്തോടെ പ്രസംഗിക്കുന്നവനാണെങ്കിലും ക്രിസ്തുവിനെ അറിയണമെന്നില്ല.

ശ്രേഷ്ഠമായ രീതിയിൽ വിജ്ഞാന പ്രദമായ, പണ്ഡിതോചിതമായ ബൈബിൾ ക്ലാസ്സുകൾ എടുക്കുന്നവനാണെങ്കിലും ക്രിസ്തുവിനെ അറിയണമെന്നില്ല. ക്രിസ്തുവിനെ അറിയുക എന്നുള്ളത്, ആത്മാവിന്റെ അറിവാണ്, ആത്മാവിന്റെ അനുഭവമാണ്.

ക്രിസ്തുവിനെ അറിയുക. അവർ യേശുവിനെ അറിഞ്ഞില്ല, യേശുവാണെന്ന് അറിഞ്ഞില്ല. ഭാരപ്പെട്ടിരുന്നാൽ ക്രിസ്തുവിനെ അറിയുകയില്ല, തിരിച്ചറിയുകയില്ല.

മഗ്ദലനമറിയാമിനു പറ്റിയ അപകടം അതായിരുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് അവൾക്ക് കാണാൻ കിട്ടിയതു. പക്ഷേ ക്രിസ്തുവാണെന്ന് അവൾക്കു മനസ്സിലായില്ല. കല്ലറയുടെ അരികത്തു വിഷാദിച്ചു യേശു ക്രിസ്തുവിന്റെ തിരുശരീരം ആരോ എടുത്തുകൊണ്ടുപോയി എന്ന് സങ്കടത്തോടെ ഒഴിഞ്ഞ കല്ലറയിലേക്ക് നോക്കി നെടുവീർപ്പിട്ടു കൊണ്ടു നിന്ന മഗ്ദലന മറിയാമിനു ക്രിസ്തു പ്രത്യക്ഷപ്പെട്ടപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞില്ല. അവൾ യേശു എന്ന് തിരിച്ചറിയാതെ യേശുവിനോടു പറയുകയാണ്.

> "അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ, യജമാനനേ, നീ അവനെ എടുത്തു കൊണ്ടുപോയി എങ്കിൽ അവനെ എവിടെവെച്ചു എന്നു പറഞ്ഞുതരിക, ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു."
> യോഹ 20 : 15

തോട്ടക്കാരൻ ആണെന്നാണ് വിചാരിച്ചത്. അരിമത്ത്യ ക്കാരൻ യൗസേഫിന്റെ തോട്ടക്കാരൻ ആണ് വന്നുനിൽക്കു ന്നതെന്നേ ധരിച്ചുള്ളൂ. യേശുവിനെ തെറ്റിദ്ധരിക്കുന്നവരാണ് ലോകം. ഇത്രയും സ്നേഹവായ്പ് ഉണ്ടായിരുന്നിട്ടുപോലും മഗ്ദലന മറിയാമിന്റെ ഹൃദയത്തിൽ ഭാരമുണ്ടായിരുന്നതു കൊണ്ട് ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. മ്ലാനത യുടെ വൈവശ്യം ബാധിച്ചിരുന്നതുകൊണ്ടു ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

നമ്മുടെ മനസ്സു വിഷാദം പൂണ്ടിരുന്നാൽ ക്രിസ്തു വിന്റെ സാന്നിദ്ധ്യം അറിയുകയില്ല. നമ്മുടെ മനസ്സു ആകു ലപ്പെട്ടിരുന്നാൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അറിയുകയി ല്ല. മഗ്ദലനമറിയാം ക്രിസ്തുവിനെ തോട്ടക്കാരൻ ആണെന്നു വിചാരിച്ചു. "യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെവെച്ചു എന്നു പറഞ്ഞു തരിക, ഞാൻ അവനെ എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോട് പറഞ്ഞു."

"യേശു അവളോടു മറിയയേ, എന്നു പറ ഞ്ഞു." യോഹ 20 : 16

അപ്പോഴാണ് പെട്ടെന്നു അവൾക്കു കണ്ണുകാഴ്ച കിട്ടി യത്. മറിയയേ എന്നുള്ള വിളി. എത്രയോ പ്രാവശ്യം ആ സ്നേഹശബ്ദം കേട്ടതാണ്. ആനന്ദവായ്പോടെ ക്രിസ്തു വിനെ സ്തുതിച്ചതാണ്.

സ്ത്രീയേ, നിന്റെ അനേകങ്ങളായ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു, പോക, ഇനി പാപം ചെയ്യരുത് എന്നു പറ ഞ്ഞതു കേട്ടപ്പോൾ കിട്ടിയ കുളുർമ. ഞാനും നിന്നെ

ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞപ്പോൾ ലഭിച്ചതായ ആ സ്വർഗ്ഗീയമായ മാധുര്യം, ഹൃദയത്തിന്റെ ഉൾക്കുളുർമ, അതു മഗ്ദലനമറിയാമിനു മറക്കാൻ വയ്യ. എന്നാൽ മറിയേ, എന്നു വീണ്ടും വിളികേട്ടപ്പോൾ അവൾക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞു.

അതുപോലെ തന്നെയാണ് ശിഷ്യന്മാർക്കും യേശുവിനെ അറിയാൻ കഴിഞ്ഞില്ല. പിന്മാറിപ്പോയവരാണ്. ക്രിസ്തുവിനോടുള്ള സ്നേഹം എല്ലാം ഉണ്ടെങ്കിലും നിരാശ ബാധിച്ചു പിന്മാറിപ്പോയിരുന്നു. അവർക്കു ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. "യേശു ആകുന്നു എന്നു അവർ അറിഞ്ഞില്ല." ഇന്നും അനേകരും യേശുവിനെ തിരിച്ചറിയുന്നില്ല.

നസ്രേത്തിലെ തച്ചന്റെ മകൻ എന്നു ആക്ഷേപിച്ചവർ ഉണ്ട്, ഒരു നല്ല യഹൂദ റബ്ബി എന്നു വിചാരിച്ചവർ ഉണ്ട്, നല്ല ഉപദേഷ്ടാവാണെന്ന് പറഞ്ഞവർ ഉണ്ട്, ക്രിസ്തു ഒരു സാമൂഹിക പരിഷ്കർത്താവാണെന്ന് കരുതുന്നവർ ഉണ്ട്, ക്രിസ്തു ഒരു തത്വചിന്തകൻ ആണെന്നു കരുതുന്നവർ ഉണ്ട്. ക്രിസ്തു ഒരു വിപ്ലവകാരിയാണെന്ന് ചിന്തിക്കുന്നവർ ഉണ്ട്. ക്രിസ്തു ഒരു നല്ല മനുഷ്യനാണെന്ന് ചിന്തിക്കുന്നവർ ഉണ്ട്, ക്രിസ്തു ഒരു അനുഗൃഹീതമായ ജീവിതമുള്ള ഒരു വ്യക്തിയായി കാണുന്നവർ ഉണ്ട്, മാതൃകായോഗ്യനായ ഒരു നല്ല പുരുഷൻ ആയി കാണുന്നവർ ഉണ്ട്.

എന്നാൽ ക്രിസ്തുവിനെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി കാണുക. അതൊരു ഭാഗ്യമാണ്. അതൊരു വലിയ

വെളിച്ചമാണ്. - ആന്തരീകമായ ഒരു വലിയ വെളിപ്പാടാണ് അത്. എന്താണ് ആ വെളിപ്പാട്?

കർത്താവ് ഒരിക്കൽ പറഞ്ഞു : എന്നെക്കുറിച്ചു ആളുകൾ എന്താണ് പറയുന്നത്? ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്നുചോദിച്ചു :

> "ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റുചിലർ ഏലീയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിന്നു ശീമോൻ പത്രോസ് : നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു." മത്താ. 16 : 14-16

ശീമോൻ പത്രോസ് ക്രിസ്തുവിനെ തിരിച്ചറിഞ്ഞു.

ക്രിസ്തുവിനെ തിരിച്ചറിയാൻ ഇടയാകുന്നതു ഭാഗ്യമാണ്. സാക്ഷാൽ രക്ഷകനായി, സാക്ഷാൽ മശിഹയായി കാണാൻ ഇടയാകുന്നതു ഭാഗ്യമാണ്.

ഒരു പ്രവാചകനായി കണ്ടിട്ടും കാര്യമില്ല, ഒരു പണ്ഡിതനായി കണ്ടിട്ടും കാര്യമില്ല, ഒരു ദാർശനികനായി കണ്ടിട്ടും കാര്യമില്ല.

എന്നാൽ യേശുക്രിസ്തുവിനെ എന്റെ രക്ഷകൻ, എന്റെ വീണ്ടെടുപ്പുകാരൻ, എന്റെ ഉടമസ്ഥൻ, എന്റെ നാഥൻ, എന്റെ നായകൻ, എന്റെ അരുമ മണവാളൻ എന്നിങ്ങനെ

കാണാൻ ഇടയാകുന്നതു ഭാഗ്യമാണ്. അതൊരു സ്വർഗ്ഗീയ അനുഗ്രഹമാണ്.

അങ്ങനെയുള്ളവരെക്കുറിച്ചാണ് കർത്താവു ഇപ്രകാരം പ്രാർത്ഥിച്ചത്.

> "പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയതു. എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു, പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല, പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല."
>
> മത്താ. 11 : 25 – 27

പുത്രനെ അറിയുക, പുത്രൻ തമ്പുരാനെ അറിയുക. അതൊരു വലിയ വെളിപ്പാടാണ്. ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയ മർമ്മം.

ഒരു ശിശു ഹൃദയത്തോടെ ക്രിസ്തുവിനെ കൈക്കൊള്ളാൻ നിങ്ങൾക്കു കഴിയുമോ? ക്രിസ്തുവിനെ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുമോ? ക്രിസ്തുവിനെ കാണാൻ നിങ്ങളുടെ കണ്ണുകൾ തുറക്കട്ടെ. ക്രിസ്തുവിന്റെ അത്ഭുത വ്യക്തിത്വം കാണാൻ നിങ്ങളുടെ കണ്ണുകൾ തുറക്കട്ടെ.

ആ അപ്രമേയ വ്യക്തിത്വത്തിന്റെ സവിശേഷത നിങ്ങളെ ആകർഷിക്കാൻ ഇടവരട്ടെ. അനുഗ്രഹം നിങ്ങളുടെ മേൽ പകരട്ടെ. ക്രിസ്തുവിന്റെ കരം നിങ്ങളുടെ മേൽ വെയ്ക്കട്ടെ. നിങ്ങളുടെ കണ്ണു തുറക്കട്ടെ. ആത്മകണ്ണു പ്രകാശിക്കട്ടെ. പുതിയ വെളിച്ചം നിങ്ങൾക്കു ലഭിക്കട്ടെ. പുതിയ അനുഭവം നിങ്ങൾക്ക് ലഭിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ആറ്

"യേശു അവരോടു, കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു, ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു."

യോഹ 21 : 5

എന്തൊരു വാത്സല്യ മസൃണമായ ചോദ്യം! 'കുഞ്ഞുങ്ങളേ' എന്നാണ്, വിട്ടുപോയവരെ വിളിക്കുന്നത്.

കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ? ചോദിക്കുകയാണ്. എന്തെങ്കിലും കിട്ടിയോ?

എന്തായിരിക്കും അങ്ങനെ പറഞ്ഞത്, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്ന്. നിങ്ങൾക്ക് ആഹാരം ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അതിനു കൂട്ടുവാൻ എന്തെങ്കിലും

നിങ്ങൾക്കു ലഭിച്ചോ? മീൻ വല്ലതും കിട്ടിയോ? നിങ്ങൾക്കു ഭക്ഷണം ഞാൻ കൊണ്ടു വന്നിട്ടുണ്ട്. നിങ്ങൾക്കു ഞാൻ പ്രാതൽ ഒരുക്കിക്കൊണ്ടാണു വന്നിരിക്കുന്നത്. അപ്പം ഞാൻ കൊണ്ടു വന്നിട്ടുണ്ട്. അതിനു കൂട്ടുവാൻ വല്ലതും ഉണ്ടോ നിങ്ങൾക്ക്.

എല്ലാം കരുതുന്ന ദൈവം. അതുകൊണ്ടല്ലേ, പത്രോസ് പിൽക്കാലത്തു വിശ്വാസ ദൃഢതയിൽ വന്നതിനു ശേഷം തന്റെ ലേഖനത്തിൽ പറഞ്ഞത്.

> "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ." 1 പത്രോ 5 : 7

കരുതാൻ യേശു ഉണ്ട് എന്നു പത്രോസ് അറിഞ്ഞു, പിന്മാറിപ്പോയപ്പോഴും ഭക്ഷണം കരുതിക്കൊണ്ടു വരുന്ന ഒരു യേശു ഉണ്ടെന്നു പത്രോസ് അറിഞ്ഞു.

പണ്ട് മൂന്നര വർഷം മുൻപ് ഗലീലക്കടലിൽ തന്റെ മ്ലാനത മാറ്റുവാൻ കടന്നുവന്ന യേശു. വലിയോരു മീൻ പിടിത്തത്തിനു ഭാഗ്യം നൽകിയ ക്രിസ്തു. വീട്ടിൽ പട്ടിണി ആണ് എന്നറിഞ്ഞ് ദുഃഖ വിവശനായി ഇരുന്നപ്പോൾ ആഹാരത്തിന് മാർഗ്ഗം ഉണ്ടാക്കിക്കൊടുത്ത ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നു പത്രോസ് അറിഞ്ഞു.

മൂന്നര വർഷത്തിനു ശേഷം പിന്മാറിപ്പോയിട്ടും യേശു ഒട്ടും പിറകോട്ടു മാറിയില്ല. യേശു തളർന്നില്ല, ശീമോൻ പത്രോസ് തളർന്നു. യേശു മടുത്തില്ല ശീമോൻ പത്രോസ് മടുത്തു. യേശു നിരാശപ്പെട്ടില്ല ശീമോൻ പത്രോസ് നിരാ

ശപ്പെട്ടു. യേശു അല്പംപോലും പരിഭവിച്ചില്ല, ശീമോൻ പത്രോസ് പരിഭവിച്ചു.

നിങ്ങളുടെ മനോഭാവം എന്താണ്? ഈ സ്നേഹത്തെ നിങ്ങൾ കാണുന്നുണ്ടോ? കുഞ്ഞുങ്ങളേ, എന്ന് സ്നേഹ ത്തോടെ വിളിക്കുന്ന ഈ ആർദ്രത നിങ്ങൾ കാണു ന്നുണ്ടോ? ആ മനസ്സലിവ് നിങ്ങൾ ദർശിക്കുന്നുണ്ടോ?

കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ? ആ സ്നേഹത്തിന്റെ സ്വരം ശിഷ്യന്മാരുടെ കാതുകളിൽ വന്ന് അലച്ചു. അവർ ഏകകണ്ഠമായി പറഞ്ഞു "ഇല്ല" കർത്താ വിന് അറിയാമല്ലോ അവർക്ക് ഒന്നും കിട്ടിയില്ല എന്ന്, പിന്നെ എന്താണ് നിങ്ങൾക്കു വല്ലതും ഉണ്ടോ എന്നു ചോദിച്ചത്? അറിയാൻ വയ്യാഞ്ഞിട്ടുള്ള ചോദ്യമാണോ? അല്ല അവരെ പരിഹസിക്കാനാണോ ചോദിച്ചത്? അല്ലല്ലോ, യേശു വിന്റെ ആർദ്രതയാണ് ഇവിടെ കാണുന്നത്.

അവരുടെ കുറവു അവർ അറിയണം, അവരുടെ ഇല്ലായ്മ അവർ അറിയണം. അതിനെക്കുറിച്ചു അവർ ബോധവാന്മാരാകണം. അതു അവരുടെ ഉള്ളം സമ്മതിക്ക ണം. ദൈവം പ്രവർത്തിക്കണമെങ്കിൽ നമ്മുടെ ഇല്ലായ്മ സമ്മതിക്കണം. കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?

തിബെര്യാസ് കടലിന്റെ കരയിൽ നിന്നുകൊണ്ട് കടലി ലേക്കു ഈറനണിഞ്ഞ കണ്ണുകളോടെ പിന്മാറിപ്പോയവരെ നോക്കിക്കൊണ്ട് കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് ചോദിച്ച ആ ചോദ്യത്തിന്റെ മുഴക്കം ഇപ്പോൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ, ആ ശബ്ദം നിങ്ങളുടെ ഹൃദയത്തിൽ പ്രതിധ്വനിക്കട്ടെ. കുഞ്ഞു

ങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ? ഇല്ല എന്ന് അവർ പറഞ്ഞു.

നമുക്കും പറയാം ഇല്ല കർത്താവേ ഞാൻ നേടേണ്ടതു നേടിയില്ല. എന്റെ അദ്ധ്വാനഫലം വ്യർത്ഥം, ഞാൻ അദ്ധ്വാനിച്ചു, പക്ഷേ ഒന്നും കിട്ടിയില്ല.

നമുക്ക് സമർപ്പിക്കാം, നമുക്ക് ഏറ്റുപറയാം, എന്റെ അദ്ധ്വാനം വ്യർത്ഥം. കർത്താവേ, ഞാൻ ഈ കുടുംബം പുലർത്താൻ നോക്കി, ഞാൻ തോല്‌വിയിലാണ് കർത്താവേ. ഈ കടം തീർക്കാൻ നോക്കി, ഞാൻ പരാജയപ്പെട്ടു കർത്താവേ. ഞാൻ ഈ പരീക്ഷ പാസ്സാകാൻ നോക്കി, എനിക്കെന്നും പരാജയമാണ് കർത്താവേ. എനിക്കു ഒരു ജോലിക്കുവേണ്ടി അപേക്ഷിച്ചു, ഒരിടത്തും ജോലി കിട്ടിയില്ല കർത്താവേ, എനിക്ക് പത്തുരൂപ വരുമാനം ഉണ്ടാക്കണമെന്നു ഞാൻ വിചാരിച്ചു, കർത്താവേ ഇതുവരേയും നടന്നില്ല. കർത്താവേ, ഞാൻ ശരീരം കൊണ്ടു നല്ലപോലെ അദ്ധ്വാനിച്ചു, ഇല്ല കർത്താവേ ഒരു പ്രയോജനവും കിട്ടിയില്ല. ഞാൻ ഉറക്കിളച്ചു നോക്കി ഫലം കിട്ടിയില്ല. ഞാൻ പല കൂട്ടുകെട്ടുകളിലും പോയി നോക്കി ഫലമോ പരിതാപകരം, എല്ലാം നാശമായിപ്പോയി.

കർത്താവേ, ഞാൻ എടുത്ത ചുവടുകളെല്ലാം പിഴച്ചുപോയി, അരുതാത്ത വഴിക്കെല്ലാം നടന്നുപോയി. സമാധാനം കിട്ടാനാണ് പോയത്. ഒരാശ്വാസം കിട്ടാൻ, നിരാശ മാറാനാണ് മദ്യപാനം തുടങ്ങിയത്. ഒന്നിനൊന്നു നിരാശ വർദ്ധിച്ചതേ ഉള്ളൂ. ഒന്നിനൊന്ന് അസ്വസ്ഥത വർദ്ധിച്ചതേ ഉള്ളൂ.

കർത്താവേ, ഒരു മധുരത്തിനും ഒരു സുഖത്തിനും ക്ഷണിക സന്തോഷത്തിനും വേണ്ടിയാണ് അഴുക്കു ചാലുകളിലേക്കു നീങ്ങിയത്. പുറത്തു പറയാൻ ലജ്ജാകരമായ പാപങ്ങളിലേയ്ക്ക് പോയത്, ഒരു താത്കാലിക ഇമ്പത്തിനു വേണ്ടിയാണ്, ഫലമോ നിരാശ മാത്രം.

ഒരിക്കലും ദാഹം തീരാത്ത വെള്ളം കുടിച്ചു. ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നേയും ദാഹിക്കും എന്ന് അവിടുന്ന് കല്പിച്ചത് എത്രയോ സത്യം എന്റെ ജീവിതത്തിൽ. എന്റെ ദാഹം തീർന്നില്ല. മദ്യംകുടിച്ചു മതിവന്നില്ല, സ്വത്ത് ഉണ്ടാക്കി തൃപ്തിവന്നില്ല. അശുദ്ധിയുടെ പിറകേ പോയി തൃപ്തിവന്നില്ല, വ്യഭിചാര ജീവിതം നയിച്ചു ഒരിക്കലും സംതൃപ്തി കിട്ടിയില്ല.

ഇല്ല എന്ന് അവർ ഏറ്റുപറഞ്ഞു. നമുക്കും പറയാം കർത്താവേ, പോരായ്മകൾ ഏറെ, ഇല്ലായ്മകൾ അനവധി. വല്ലായ്മകൾ ഒട്ടേറെ, നാഥാ, തിരുമുൻപാകെ വരുമ്പോൾ കൊണ്ടുവരാൻ കൈയിൽ ഒന്നുമില്ല. എനിക്കുവേണ്ടി ഞാൻ ഒന്നും നേടിയിട്ടില്ല.

എനിക്കായ് കരുതും എന്നു നീ ഉരച്ചു, പക്ഷേ എനിക്കായി ഞാൻ ഒന്നും കരുതിയിട്ടില്ല.

"എനിക്കായ് കരുതാമെന്നുരച്ചവനേ
എനിക്കായ് ഞാൻ ഒന്നും കരുതീട്ടില്ല.

പാട്ടുകാരൻ അങ്ങനെയാണ് പാടിയത്. എനിക്കായി നീ കരുതുമെന്ന് നീ പറഞ്ഞതു ഞാൻ കേട്ടു. ഞാനോ എനിക്കായിട്ടു ഒന്നും കരുതീട്ടില്ല.

യേശു ഉണ്ടെങ്കിൽ എല്ലാമുണ്ട്. യേശുവിനെ കിട്ടിയാൽ എല്ലാമായി. ദാതാവു ഉണ്ടെങ്കിൽ ദാനങ്ങൾ ഉണ്ട്. ദാനങ്ങൾ മാത്രം കൊതിക്കണ്ടാ, ദാതാവിനെ കൊതിക്കുവിൻ. തരുന്നവനെ കാണുവിൻ, തരുന്നവനെ സ്വീകരിപ്പിൻ ദാതാവിനെ കൈക്കൊള്ളുവിൻ, ദാനങ്ങൾ പിറകെ വന്നു കൊള്ളും.

ദാതാവായ ക്രിസ്തുവിനെ നിങ്ങൾ എതിരേല്ക്കുവിൻ, എല്ലാം ദാനമായി തരാൻ കഴിവുള്ളവനെ നിങ്ങൾ വിളിപ്പിൻ, അവൻ നിങ്ങളുടെ ജീവിതത്തിലേക്ക് വരട്ടെ. ക്രൂശിന്മേൽ തന്നെത്തന്നെ ദാനമായി തന്നവൻ. ക്രൂശിന്മേൽ തന്റെ കുറ്റമില്ലാത്ത രക്തം ദാനമായി നമുക്കുവേണ്ടി ഒഴുക്കിയവൻ, നമ്മുടെ പാപത്തിന്റെ പരിഹാരമായി ക്രൂശിൽ മരിച്ചവൻ, അവൻ ഇതാ നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നു, അവനെ വിളിപ്പിൻ അവനോടു പറയുവിൻ....

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ ഈ കാലമത്രയും പാപത്തിന്റെ അടിമയായി ഞാൻ ജീവിച്ചു. എന്റെ യേശുവേ, എന്റെ കൈയിൽ ഒന്നുമില്ല. എല്ലാം നിഷ്പ്രയോജനം. എല്ലാം വ്യർത്ഥം. നേടേണ്ടതു നേടിയില്ല. എല്ലാം പാഴായിപ്പോയി കർത്താവേ.

യേശുവേ ഒരു പുതിയ ജീവിതം, നിന്നോടു കൂടെ ഉള്ള ജീവിതം എനിക്ക് തരണമേ. ഇതുവരെ ഒന്നും കിട്ടാത്ത ജീവിതം, ഇതുവരെ തോൽവി അടഞ്ഞ ജീവിതം, ഇതുവരെ നഷ്ടത്തിന്റെ ജീവിതം, എന്നാൽ ഇന്നുമുതൽ ഒന്ന് എന്നു തുടങ്ങട്ടെ. തൃക്കരങ്ങളിലേക്ക് ഞാൻ ഇതാ എന്നെത്തന്നെ സമർപ്പിക്കുന്നു. യേശുവേ, അഞ്ച

പ്പവും രണ്ടു മീനും ഏറ്റുവാങ്ങിയ കൈകളിലേക്ക് ഞാൻ ഇതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

പാപിനിയായ സ്ത്രീ വീണു വണങ്ങിയ പാദത്തിലേയ്ക്ക് ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു, എന്റെ നാഥാ, എന്നെ കൈക്കൊള്ളണമെ, എന്നെ സ്വീകരിക്കണമെ, എന്റെ പാപക്കറകൾ കഴുകണമെ.

# ഏഴ്

"യേശു അവരോടു : കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു : ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു. പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അവൻ അവരോടു പറഞ്ഞു, അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല."

യോഹ 21 : 5 - 6

മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല. എന്തൊരതിശയം എത്രയോ അത്ഭുത പ്രവൃർത്തികൾ കർത്താവ് ചെയ്തു.

"ഇല്ല" എന്ന് അവർ ഉത്തരം പറഞ്ഞപ്പോൾ ഇനി യേശുവിനു പ്രവർത്തിക്കാൻ വഴി തെളിയട്ടെ.

കർത്താവായ യേശുക്രിസ്തുവിനു നിങ്ങളിൽ പ്രവർത്തി

ക്കാൻ വഴി തെളിച്ചു കൊടുക്കു. "കർത്താവിനു വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ" പാതയിലുള്ള കല്ലും മുള്ളും പെറുക്കിക്കളവിൻ, കുണ്ടും കുഴിയും നിരപ്പാക്കുവിൻ. ക്രിസ്തു അനുഗ്രഹിപ്പാൻ കടന്നു വരട്ടെ. ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്ക് എഴുന്നെള്ളിവരട്ടെ. ക്രിസ്തു അത്ഭുതം നിവർത്തിക്കട്ടെ.

കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്നാണ് ക്രിസ്തു ചോദിച്ചത്. പിന്മാറിപ്പോയ ശിഷ്യന്മാരോടു ചോദിച്ച ചോദ്യം, നിങ്ങൾക്ക് വല്ലതും കിട്ടിയോ എന്ന്. തിബെര്യാസ് കടലിലേക്ക് പടകും വലയും എടുത്തു പഴയ തൊഴിലിലേക്കു പോയ പത്രോസിനോടും മറ്റു ആറുപേരോടും യേശു ചോദിച്ചു. "കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?" ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു.

'ഇല്ല' എന്ന് സത്യാവസ്ഥ തുറന്ന് പറഞ്ഞപ്പോൾ യേശുവിനു പ്രവർത്തിക്കുവാൻ ഉള്ള വഴിതെളിഞ്ഞു. ക്രിസ്തു പറഞ്ഞു : "പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും." ലൂക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായത്തിന്റെ 4-ാം വാക്യത്തിൽ "ആഴത്തിലേക്കു നീക്കി മീൻ പിടിത്തത്തിന്നു വല ഇറക്കുവിൻ" എന്ന് ശീമോൻ പത്രോസിനോടു പറഞ്ഞ ശബ്ദമാണ്, ഇപ്പോൾ പറയുന്നത് "പടകിന്റെ വലത്തു ഭാഗത്തു വലവീശുവിൻ."

ഒന്നു ചിന്തിക്കൂ, ഈ വലത്തു ഭാഗത്തു അല്ലേ വീശിക്കൊണ്ടിരുന്നത്? വലത്തു ഭാഗത്താണ് വീശുക, സ്വാഭാവികമായും. പടക് വേണമെങ്കിൽ തിരിച്ചു നിർത്തിയിട്ടു വീണ്ടും വലത്തുഭാഗത്തു വീശുമ്പോൾ ഇപ്പോൾ ആദ്യം

നിർത്തിയതിന്റെ ഇടത്തു ഭാഗത്താകും. കാരണം വലത്തു ഭാഗത്തേക്കാണ് വീശുന്നതു എല്ലാം. പിന്നെ എന്താണ് വലത്തു ഭാഗത്തു വീശുവിൻ എന്നു പറഞ്ഞത്. ഈ കഴിഞ്ഞ രാത്രി മുഴുവനും വീശിയതു അവിടെത്തന്നെയാണ്. വേറെ പുതിയ വയൽ തേടി പോകണ്ടാ. ഭാഗ്യവശാൽ അവൾ ബോവസിന്റെ വയലിൽ ആകുന്നു ചെന്നത് എന്ന് രൂത്തിന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ ഒരു വാക്യമുണ്ട്.

> "അങ്ങനെ അവൾ പോയി, വയലിൽ കൊയ്ത്തുകാരുടെ പിന്നാലെ ചെന്നു പെറുക്കി, ഭാഗ്യവശാൽ അവൾ എലീമേലെക്കിന്റെ കുടുംബക്കാരനായ ബോവസിന്നുള്ള വയലിൽ ആയിരുന്നു ചെന്നത്." രൂത്ത് 2 : 3

ബോവസിന്റെ വയലിൽ എത്തുന്നതു ഭാഗ്യമാണ്. വേറെ ഒരു വയൽ തേടിപ്പോകണ്ടാ. എവിടെ നീ വീശിക്കൊണ്ടിരുന്നോ അവിടെത്തന്നെ നീ വീശിക്കൊള്ളൂ. അതാണ് നാം കാണുന്നത്.

> "ബോവസ് രൂത്തിനോടു : കേട്ടോ മകളേ, പെറുക്കുവാൻ വേറൊരു വയലിൽ പോകേണ്ടാ, ഇവിടം വിടുകയും വേണ്ടാ, ഇവിടെ എന്റെ ബാല്യക്കാരത്തികളോടു ചേർന്നുകൊൾക. അവർ കൊയ്യുന്ന നിലത്തിന്മേൽ ദൃഷ്ടിവെച്ചു അവരുടെ പിന്നാലെ പൊയ്ക്കൊൾക."
>
> രൂത്ത് 2 : 8 - 9

എത്ര ആശയ സമ്പുഷ്ടമായ ഒരു വാക്യമാണ് അത്. എത്രദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കുന്ന ഒരു

വാക്യമാണ് അത്. കേട്ടോ മകളേ, പെറുക്കുവാൻ വേറൊരു വയലിൽ പോകേണ്ട.

മകനേ, നീ എവിടെയാണോ ഇതുവരെ വിതച്ചു കൊണ്ടിരുന്നത്, അവിടെത്തന്നെ വിതയ്ക്കൂ. എവിടെയാണോ നീ ഇതുവരെ നട്ടുകൊണ്ടിരുന്നത്, അവിടെത്തന്നെ നടൂ. എവിടെയാണോ ഇതുവരെ കൊയ്തുകൊണ്ടിരുന്നത്, അവിടെത്തന്നെ കൊയ്യൂ. പക്ഷേ നീ ആളുമാറണം.

ഞാൻ നിങ്ങളോടു ഒന്നുപറഞ്ഞാൽ നിങ്ങളുടെ നെറ്റി ചുളിയാതിരിക്കാമോ? നിങ്ങൾ ആരും സഭ മാറണ്ടാ, നിങ്ങൾ ആരും സമുദായം മാറണ്ട, നിങ്ങൾ ആരും പള്ളി മാറണ്ട, നിങ്ങൾ ആരും ഇടവക മാറണ്ട, എന്നാൽ എളിമയോടെ ഞാൻ നിങ്ങളോടു പറയട്ടെ - നിങ്ങൾ ഹൃദയം മാറ്റുവിൻ, ഹൃദയം മാറ്റുന്ന ക്രിസ്തുവിനെ കൈക്കൊള്ളുവിൻ.

ഹൃദയം മാറട്ടെ, സ്വഭാവം മാറട്ടെ. ജീവിതം മാറട്ടെ. കോപിഷ്ഠനായ മനുഷ്യൻ ശാന്ത ശീലനായി മാറട്ടെ. വൈരാഗ്യമുള്ള മനുഷ്യൻ സ്നേഹമുള്ളവനായി മാറട്ടെ. പകയും വിദ്വേഷവും ഹൃദയത്തിൽ കുമിഞ്ഞു കൊണ്ടിരിക്കുന്ന മനുഷ്യൻ കാരുണ്യവായ്പുള്ളവനായി മാറട്ടെ. എപ്പോഴും ക്രുദ്ധിക്കുകയും എപ്പോഴും അമർഷത്തോടും അരിശത്തോടും കൂടി ദേഷ്യപ്പെടുകയും ചെയ്യുന്ന മനുഷ്യൻ സൗമ്യനായിത്തീരട്ടെ.

ചെന്നായയെപ്പോലെ കടിച്ചു കീറുന്നവൻ കടുവയെപ്പോലെ ഗർജ്ജിക്കുന്നവൻ, ശാന്തനായി മാറട്ടെ. എപ്പോഴും പരിഭവിക്കുകയും പിറുപിറുക്കുകയും നിരാശപ്പെടുകയും ചെയ്യുന്നവൻ പ്രത്യാശയുള്ളവനായിത്തീരട്ടെ. മകളേ, നിന്റെ

സ്വഭാവം മാററട്ടെ. മകനേ നിന്റെ ഹൃദയം മാററട്ടെ.

അവിടെത്തന്നെ വീശുവിൻ. നീ പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ. എവിടെത്തന്നെയാണ് വീശിക്കൊണ്ടിരിക്കുന്നത്, അവിടെത്തന്നെ വീശുവിൻ. പക്ഷേ ഇപ്പോഴത്തെ വീശലിന് പ്രത്യേകതയുണ്ട്. യേശുവിന്റെ വാക്കിനാണ് വീശുന്നത്.

ഒന്ന് : യേശുവിന്റെ വചനം അനുസരിച്ചാണ് വീശുന്നത്.

രണ്ട് : ഒന്നും ഇല്ല എന്നുള്ള അംഗീകാരത്തോടെയാണ് വീശുന്നത്. ഒന്നും കിട്ടിയില്ല എന്നുള്ള ഉള്ളത്തിന്റെ ദാരിദ്ര്യത്തോടെയാണ് വീശുന്നത്. എന്തെങ്കിലും നേട്ടം ഉണ്ട് എന്ന് കരുതി നിന്നാൽ ഒന്നും നേടുകയില്ല. ഒന്നും നേട്ടമില്ല എന്നു എളിമയോടെ സമ്മതിച്ചാൽ ആ എളിമയിൽ ദൈവം പ്രവർത്തിക്കും. “സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും, ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്.”

ദാരിദ്ര്യബോധം, എളിമ, താഴ്മ, ദൈവം നിഗളികളോടു എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്കോ കൃപ നൽകുകയും ചെയ്യുന്നു എന്ന് തിരുവചനം പറയുന്നു.

> “ദൈവം നിഗളികളോടു എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു.” യാക്കോ 4 : 6

> “എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ ദൈവം നിഗളികളോടു

എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്കോ
കൃപ നൽകുന്നു.” 1 പത്രൊ 5 : 5

താഴ്മയും സൗമ്യതയും! ഞങ്ങൾക്കു ഒന്നും കിട്ടിയില്ല എന്നുള്ള ഉൾബോധ്യത്തോടെ ക്രിസ്തുവിന്റെ വചനം അനുസരിക്കാൻ തയ്യാറായപ്പോൾ, “അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല.”

ലൂക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ നാം കാണുന്നത് ഒരു പഴയ സംഭവമാണ്. ശീമോന്റെ പടകിൽ അന്ന്, ശീമോൻ മാത്രമേ ഉള്ളൂ. ശിഷ്യന്മാർ ആരും കൂടെ ഇല്ല. പക്ഷേ അടുത്തു തന്നെ യോഹന്നാന്റെയും യാക്കോബിന്റേയും പടക് ഉണ്ട്, ഇവിടെ തിബെര്യാസ് കടലിൽ ശീമോന്റെ പടകിൽ വേറെ ആറുപേർ ഉണ്ട്.

അന്ന് ശീമോൻ മാത്രമുള്ള ആദ്യത്തെ അനുഭവത്തിൽ ആഴത്തിലേക്കു നീക്കി മീൻ പിടിത്തത്തിനു വല ഇറക്കുവിൻ എന്നു പറഞ്ഞപ്പോൾ “നിന്റെ വാക്കിനു ഞാൻ വല ഇറക്കാം” എന്നു ഉത്തരം പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ടു വല കീറാറായി. അന്ന് ഒരു ചെറിയ വലയാണ്. ഇന്ന് വല വലുതാണ്.

അന്ന് ചെറിയ വല, കീറാറായി. എന്നാൽ ഇന്നോ? മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല. ഇവർ വിചാരിച്ചാൽ പോരാ, ഈ ആറുപേർ വിചാരിച്ചാൽ പോരാ. വലിപ്പാൻ കഴിഞ്ഞില്ല. അതു വലിച്ചു വലിച്ചു കൊണ്ടുവരാൻ ബുദ്ധിമുട്ട്. അത്രപെരുത്തു മീനാണ് കിട്ടിയത്. വലിയ മീനുകളാണ്, നൂറ്റമ്പത്തിമൂന്നു വലിയ മത്സ്യങ്ങൾ!

യേശുക്രിസ്തുവിന്റെ വാക്കിനു വല ഇറക്കുമ്പോൾ പെരുത്തു മീൻകൂട്ടം കിട്ടും. ഇതുവരെ ദൈവപൈതലേ, നിന്റെ വേലകൊണ്ടു വലിയ പ്രയോജനം ഉണ്ടായില്ല എന്നല്ലേ നീ വിചാരിക്കുന്നത്. ക്രിസ്തു നിന്നിൽ പ്രസാദിക്കത്തക്കവണ്ണം, ക്രിസ്തുവിന്റെ ഒരു വിശുദ്ധനായി നീ ക്രിസ്തുവിന്റെ കരങ്ങളിൽ കൊടുത്തുകൊണ്ട്, പൂർണ്ണമായി വിശുദ്ധീകരണം അനുഭവിച്ചുകൊണ്ട്, നീവേല ചെയ്യൂ. പെരുത്തു മീൻകൂട്ടം അകപ്പെടും.

വിശുദ്ധന്മാരാണ് ഇന്ന് ആവശ്യം.

> "യഹോവേ, രക്ഷിക്കേണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു." സങ്കീ. 12 : 1

വിശുദ്ധിയോടെ, വിശ്വസ്തതയോടെ, പുതിയ ജീവിതത്തിന്റെ തീരുമാനം എടുത്തുകൊണ്ടു നിങ്ങൾ ദൈവവേലയ്ക്കുവേണ്ടി ഇറങ്ങുവിൻ. പെരുത്തു മീൻകൂട്ടം അകപ്പെടും. ഭയപ്പെടേണ്ടാ, അനേകംപേരെ സ്വർഗ്ഗ രാജ്യത്തിനു വേണ്ടി നേടാൻ പറ്റും. നരകം ശൂന്യമാകട്ടെ. സ്വർഗ്ഗം നിറയട്ടെ. വിശുദ്ധന്മാർ അദ്ധ്വാനിക്കട്ടെ. വിശുദ്ധന്മാർ എഴുന്നേറ്റു വരട്ടെ. പുതിയ ജീവിത വിശുദ്ധിയിലേക്ക് അനേകർ പുതിയ തീരുമാനത്തോടെ വരട്ടെ. പുതിയ സമർപ്പണങ്ങൾ ഉരുത്തിരിഞ്ഞു വരട്ടെ. പുതിയ പ്രതിഷ്ഠകൾ ജീവിതത്തിൽ ഉണ്ടാകട്ടെ, അത്ഭുതങ്ങൾ സംഭവിക്കട്ടെ.

സ്നേഹിതാ, നീ ഈ വാക്കുകളെ വായിക്കുമ്പോൾ യേശുവിന്റെ ഒരു വിശുദ്ധനാകാൻ നീ തീരുമാനിക്കൂ. ഇതുവരെ ഒന്നും കിട്ടിയില്ല എന്നുള്ള സ്ത്യം നീ ഏറ്റു

പറയൂ. ഒന്നുമില്ല എന്നുള്ളതു ഏറ്റുപറഞ്ഞുകൊണ്ട് ക്രിസ്തുവിന്റെ തിരുവചന പ്രകാരം മാത്രം നീങ്ങുവാൻ തീരുമാനിച്ചുകൊണ്ട് മുന്നോട്ട് വരൂ. ദൈവം നിന്നിൽ നിന്നുകൊണ്ടു അതിശയം പ്രവർത്തിക്കും.

# എട്ട്

> "യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോടു : അതു കർത്താവു ആകുന്നു എന്നു പറഞ്ഞു, കർത്താവു ആകുന്നു എന്നു ശീമോൻ പത്രോസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. ശേഷം ശിഷ്യന്മാർ കരയിൽ നിന്നു ഏകദേശം ഇരുന്നൂറു മുഴത്തിൽ അധികം ദുരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴെച്ചും കൊണ്ടു ചെറിയ പടകിൽ വന്നു."
> യോഹ 21 : 7 -8

യേശു സ്നേഹിച്ച ശിഷ്യൻ, യോഹന്നാൻ അപ്പൊസ്തലൻ, തന്റെ പേരു വെളിപ്പെടുത്തുന്നില്ല. യോഹന്നാൻ അപ്പൊസ്തലൻ തനിക്കു തന്നെ സ്വന്തമായിട്ടു ഒരു പേരിട്ടതു യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ്.

യേശു എല്ലാവരേയും സ്നേഹിക്കുന്നില്ലേ? പിന്നെ എന്താണ് യേശു സ്നേഹിച്ച ശിഷ്യൻ എന്നു തന്നെ

പ്പറ്റിത്തന്നെ പറയുന്നത്. യേശു സ്നേഹിച്ച ശിഷ്യൻ, യേശു എല്ലാവരേയും സ്നേഹിക്കുന്നുണ്ട് സംശയമില്ല. യേശുക്രിസ്തുവിനു മുഖപക്ഷമുണ്ടോ? ഇല്ലല്ലോ പിന്നെ എന്താണ് യോഹന്നാൻ ശ്ലീഹാ അങ്ങനെ പറയുന്നത്?

യോഹന്നാൻ ശ്ലീഹായ്ക്കു യേശുവിനോടു നിഷ്കളങ്ക സ്നേഹമാണ്. അങ്ങോട്ടു സ്നേഹമുണ്ടെങ്കിൽ അവൻ എന്നെ സ്നേഹിക്കുന്നു എന്നു തിരിച്ചറിയും. മറ്റുള്ളവർക്ക് അത്രയും തിരിച്ചറിയാൻ കഴിഞ്ഞില്ല. യേശു സ്നേഹിക്കാത്തതു കൊണ്ട് അല്ല. യേശുവിന്റെ സ്നേഹം യോഹന്നാൻ തിരിച്ചറിഞ്ഞു.

യേശു നിന്നെ സ്നേഹിക്കുന്നുണ്ട്. പക്ഷേ നീ ആ സ്നേഹം തിരിച്ചറിയുന്നില്ല. യേശുവിനെ ക്രൂരനായി കാണുന്നവർ ഉണ്ട്. യേശുവിനെ കഠിനനായി കാണുന്നവർ ഉണ്ട്. യേശു എന്റെ പ്രയാസം കാണുന്നില്ല എന്നു പരിഭവിക്കുന്നവർ ഉണ്ട്. എന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്ന് നിരാശപ്പെടുന്നവർ ഉണ്ട്. എന്നോടു യേശുവിന് കരുണയില്ല എന്നു ചിന്തിക്കുന്നവർ ഉണ്ട്. യേശുവിനു എന്റെ കാര്യത്തിൽ ഒരു ശ്രദ്ധയില്ല എന്ന് യേശുവിനെക്കുറിച്ച് ഹൃദയത്തിൽ പരുഷത വച്ചുകൊണ്ടിരിക്കുന്നവർ ഉണ്ട്. ഞാൻ എത്രനാളായി പ്രാർത്ഥിക്കുന്നു. ഞാൻ ഇതുപോലെ ഒരുങ്ങിയിട്ടും യേശു എന്നെ നോക്കുന്നില്ലല്ലോ, ഞാൻ പാപം കൂടാതെ ജീവിച്ചിട്ടും യേശു എന്നെ തിരിഞ്ഞു നോക്കുന്നില്ലല്ലോ എന്നിങ്ങനെ പരിഭവിക്കുന്നവർ ഉണ്ട്.

സ്നേഹം കണക്കു നോക്കുന്നില്ല. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? യേശു ക്രൂശിന്മേൽ കിടന്നുകൊണ്ട് ഏഴു തിരുമൊഴികൾ പറഞ്ഞു. അതിൽ മൂന്നു തിരുമൊഴികളും പിതാ

വായ ദൈവത്തോടാണ്. ഒന്നും, നാലും, ഏഴും, ആദ്യത്തേതും നടുവിലത്തേതും ഒടുവിലത്തേതും, ദൈവത്തോടു പറഞ്ഞു.

ഒന്നാമത്തേത് : "പിതാവേ ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ."

ഒടുവിലത്തേത് : "പിതാവേ, എന്റെ ആത്മാവിനെ ഞാൻ തൃക്കയ്യിലേക്കു ഭരമേല്പിക്കുന്നു."

നടുവിലത്തേത് : നാലാമത്തെ വചനം – "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്ത്?" മൂന്നു വാക്യം, ഏഴിൽ മൂന്നും ദൈവത്തോട്.

രണ്ടാമത്തെ തിരുമൊഴി : അനുതപിച്ച കള്ളനോടു "ഇന്നു നീ എന്നോടു കൂടി പറുദീസയിൽ ഇരിക്കും."

മൂന്നാമത് : തന്റെ പ്രിയ ശിഷ്യനായ യോഹന്നാനോടും പ്രിയപ്പെട്ട അമ്മയോടും : "സ്ത്രീയേ, ഇതാ നിന്റെ മകൻ ഇതാ നിന്റെ മാതാവ്."

അഞ്ചാമത് : താഴെ നിൽക്കുന്നവരോട് : "എനിക്കു ദാഹിക്കുന്നു."

ആറാമത്തെ തിരുവചനം : എല്ലാ ലോകത്തോടും, സർവ്വ പ്രപഞ്ചത്തോടും "നിവൃത്തിയായി."

ഒന്ന്, പിതാവേ ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ.

രണ്ട് : ഇന്നു നീ എന്നോടു കൂടി പറുദീസയിൽ ഇരിക്കും.”

മൂന്ന് : സ്ത്രീയേ, ഇതാ നിന്റെ മകൻ ഇതാ നിന്റെ മാതാവ്.

നാല് : എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്ത്?

അഞ്ച് : എനിക്കു ദാഹിക്കുന്നു.

ആറ് : നിവൃത്തിയായി.

ഏഴ് : പിതാവേ, എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഏല്പിക്കുന്നു.

ഇവിടെ ഒരിടത്തും ഏങ്ങലടിച്ചുകൊണ്ടിരുന്ന മഗ്ദലന മറിയാമിനോടു എന്തെങ്കിലും പറഞ്ഞോ, മിണ്ടിയോ? മിണ്ടിയില്ല. മഗ്ദലന മറിയാമിനെ നോക്കിയുമില്ല. മഗ്ദലനമറിയാമിനു പരിഭവമുണ്ടോ? ഇല്ല, സ്നേഹത്തിനു പരിഭവമില്ല. സ്നേഹത്തിനു ഉപാധിയില്ല.

ഞാൻ നിങ്ങളോടു പറയട്ടെ. നിർമ്മല സ്നേഹമുണ്ട് എങ്കിൽ ഇങ്ങോട്ടു എന്ത് എന്ന് നോക്കുകയില്ല. എനിക്ക് അങ്ങോട്ടു സ്നേഹമുണ്ട് എങ്കിൽ ഇങ്ങോട്ടു എല്ലാം സ്നേഹമാണെന്നേ തോന്നു. എന്നോടു മിണ്ടിയില്ലെങ്കിലും സ്നേഹം, എന്നെ നോക്കിയില്ലെങ്കിലും സ്നേഹം, എന്റെ കാര്യം അന്വേഷിച്ചില്ലെങ്കിലും സ്നേഹം, എന്റെ കുശലം ചോദിച്ചില്ലെങ്കിലും സ്നേഹം, എന്നെ പരിഗണിച്ചില്ലെങ്കിലും സ്നേഹം.

യോഹന്നാൻ കുരിശിന്റെ താഴ്‌വരയിൽ നിന്നു. ഗലീല ക്കടലിൽ യേശുവിനെ കണ്ടുമുട്ടുന്നതിന് മുമ്പു, യോഹ ന്നാൻ സ്നാപകന്റെ ശിഷ്യൻ ആയിരുന്ന കാലത്ത്, അന്ന് ഇതാ ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു എന്നു സ്നാപക യോഹന്നാന്റെ ശബ്ദം കേട്ടു കൊണ്ട് ഈ സെബെദി പുത്രനായ യോഹന്നാൻ യേശു വിന്റെ പിറകെ പോയതാണ്. അന്നു തുടങ്ങിയ സൗഹൃദം, അന്നു തുടങ്ങിയ ആത്മബന്ധം, വാടുന്നില്ല. അതിനു വാട്ടം തട്ടുന്നില്ല, അതിനു മ്ലാനത ഏശുന്നില്ല.

നിനക്കു ഒരു മാനസാന്തരം കിട്ടിയ കാലത്തെ സ്നേഹം കുറഞ്ഞുപോയോ? അന്നത്തെ ഭക്തി കുറഞ്ഞുപോയോ? യേശുവിലുള്ള വിശ്വാസം കുറഞ്ഞുപോയോ? അന്നത്തെ ചൂടു കുറഞ്ഞുപോയോ? അന്നത്തെ എരിവു കുറഞ്ഞു പോയോ? മകനേ, അന്നത്തെ തീക്ഷ്ണത കുറഞ്ഞു പോയോ? അതുകൊണ്ടത്രേ യോഹന്നാൻ ശ്ലീഹാ ഒടുവി ലത്തെ പുസ്തകമായ വെളിപ്പാടു പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ, എഫെസൊസിലെ സഭയ്ക്ക് ദൂതു എഴു തുമ്പോൾ പറയുന്നത്.

> “നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക, അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാ ന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.” വെളി 2 : 4 - 7

അല്ലയോ, എഫെസ്യ സഭയെ, എഫെസോസിലുള്ള ദൈവമക്കളെ, നിങ്ങൾക്കു ഉണ്ടായിരുന്ന ആദ്യസ്നേഹം നിങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു. “നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനു ണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക.

ആദ്യത്തെ സ്നേഹത്തിന്റെ പ്രവൃത്തി, സ്നേഹത്തിന്റെ ത്യാഗം, സ്നേഹത്തിന്റെ സമർപ്പണം. സ്നേഹത്തിന്റെ വേല. “നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നോർത്തു മാന സാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക അല്ലാഞ്ഞാൽ ഞാൻ വരികയും, മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നില വിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും. ആത്മാവു സഭകളോടു പറയുന്നു എന്തെന്ന് ചെവിയുള്ള വൻ കേൾക്കട്ടെ.”

ആദ്യ സ്നേഹം നഷ്ടപ്പെട്ടവർ ആരെങ്കിലും ഈ വചനം വായിക്കുന്നുണ്ടോ? ആദ്യകാലത്തെ സമർപ്പണ ത്തിൽ നിന്നു പിറകോട്ടു പോയവർ ആരെങ്കിലും ഈ വചനം വായിക്കുന്നുണ്ടോ? ആദ്യകാലത്തെ തീക്ഷ്ണത കുറഞ്ഞുപോയവർ ആരെങ്കിലും ഈ വചനം വായിക്കു ന്നുണ്ടോ? ആദ്യകാലത്തെ വെളിച്ചം മങ്ങിപ്പോയവർ ആരെ ങ്കിലും ഈ വചനം വായിക്കുന്നുണ്ടോ?

യോഹന്നാൻ ശ്ലീഹ, യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ് തന്നെക്കുറിച്ചു പറയുന്നത്. ആ യേശുവിന്റെ തിരുമാറോടു ചാരിയതാണ് ശ്ലീഹാ. യേശു സ്നേഹിച്ച ശിഷ്യൻ ക്രിസ്തുവിന്റെ മാറിൽ ചാരി.

എന്റെ ഒരു ആശ പറയട്ടെ. ഈ വചനം വായിക്കുന്നു

ബഹുമാന്യ സഹോദരങ്ങളെ, നിങ്ങൾ ഇപ്പോൾ നിങ്ങ ളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിന്റെ മാറിൽ ഒന്നു ചാരുമോ? നിങ്ങളുടെ രോഗങ്ങളിൽ അവൻ ഒന്നു തൊട ട്ടെ. നിങ്ങളുടെ വേദനകൾ അവൻ ഒന്നു മാറ്റട്ടെ. നിങ്ങ ളുടെ അസുഖത്തിനു അവൻ ഒരു സൗഖ്യം തരട്ടെ. നിങ്ങ ളുടെ ബാധകൾ മാറ്റട്ടെ. നിങ്ങളുടെ കുടുംബത്തിൽ നിന്നും, ശാപങ്ങൾ മാറ്റട്ടെ, നിങ്ങളുടെ മക്കളുടെ മേൽ നിന്നും തലമുറകളുടെ മേൽ നിന്നും ശാപങ്ങൾ ദൂരീകരിക്കട്ടെ. നിങ്ങളുടെ മേൽ ഉള്ള എല്ലാ രോഗബാധകളും നീക്കട്ടെ, നിങ്ങൾക്കുള്ളതായ കെടുതികൾ മാറ്റട്ടെ. നിങ്ങളുടെ കഷ്ട നഷ്ടങ്ങളിൽ നിന്നു അവൻ നിങ്ങളെ വിടുവിക്കട്ടെ. അവന്റെ തിരുമാറോടു അണയൂ. ആ തുറക്കപ്പെട്ട മാറി ലേക്കു ചാരൂ. ആ തിരുവിലാവിൽ ഒളിക്കൂ.

അവിടെ മകനേ, നിനക്ക് അഭയം ഉണ്ട്. മകളേ, അവിടെ നിനക്ക് സങ്കേതമുണ്ട്. അവിടെ നിനക്കു ഒളിവിടം ഉണ്ട്. അതു കൃപയുടെ നിറവാണ്. അതു കൃപയുടെ ഉറവിടമാ ണ്. അതു സ്നേഹത്തിന്റെ നിറവാണ്, അതു സ്നേഹ ത്തിന്റെ നിറകുടമാണ്. യേശുവിന്റെ മാറിൽ ചാരുവിൻ. യേശുവിനോടു വാക്കു പറയുവിൻ യേശുവിനെ ഹൃദയ ത്തിലേക്ക് സ്വീകരിപ്പിൻ.

നാഥാ, യേശു സ്നേഹിക്കുന്ന ശിഷ്യൻ എന്നു യോഹ ന്നാൻ ശ്ലീഹാ പറഞ്ഞതുപോലെ പറയാൻ തക്കവണ്ണം യേശുവിനോടുള്ള സ്നേഹം കൊണ്ടു എന്റെ ഉള്ളു നിറ യ്ക്കണമെ, എന്നു നിങ്ങൾ പ്രാർത്ഥിപ്പിൻ.

യേശു സ്നേഹിച്ച ശിഷ്യൻ! യോഹന്നാൻ തന്നെക്കുറി ച്ചാണ് അതു പറയുന്നത്. തന്റെ പേരു പറയുന്നില്ല. തന്നെ

ക്കുറിച്ചാണ് പറയുന്നത്. ഒരിക്കലും ഒരു വിശുദ്ധൻ തന്നെ ത്തന്നെ പൊക്കുകയില്ല, തന്നെത്തന്നെ ഉയർത്തുകയില്ല. ഞാൻ യേശുവിനെ കൂടുതൽ സ്നേഹിച്ചു, ഞാൻ യേശു വിനെ മറ്റെല്ലാവരെക്കാളും കൂടുതൽ സ്നേഹിച്ചു. ഞാൻ യേശുവിന്റെ വേല അധികം ചെയ്തു. പറയില്ല. ഞാൻ ഒത്തിരി ദൈവവേല ചെയ്തവനാണ്. ഞാൻ ഇത്രകാല മായി ഞാൻ ഈ വയലിൽ വേല ചെയ്യുന്നു. മൂത്ത മുടി യൻ പുത്രൻ അങ്ങനെ പറഞ്ഞു. മൂത്ത മുടിയൻ പുത്രൻ ലൂക്കോസ് 15-ാം അദ്ധ്യായത്തിൽ.

അപ്പന്റെ മൂത്തമകൻ പറഞ്ഞു : "ഇത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു." കാലത്തിന്റെ കണക്കു പറയുകയാ ണ്. സേവയുടെ കാലക്കണക്കു പറയുകയാണ്. ദൈവവേ ലയുടെ കാല ദൈർഘ്യം പറയുകയാണ്. ഇത്രകാലമായി ഞാൻ നിന്നെ സേവിക്കുന്നു. അങ്ങനെ അഭിമാനിക്കുന്ന വൻ ദൈവപൈതലല്ല. അവൻ വിശുദ്ധൻ അല്ല. അവിടെ ആകെ എളിമയോടെ ഞാൻ നിസ്സാരനാണെങ്കിലും യേശു എന്നെ സ്നേഹിച്ചു എന്നുള്ള എളിമ. ഞാൻ ഒരു എടുത്തു ചാട്ടക്കാരൻ ആണെങ്കിലും യേശു എന്നെ സ്നേഹിച്ചു എന്നുള്ളതായ ഒരു വിചാരം.

ഇടിമക്കളിൽ ഒരാൾ അല്ലെ യോഹന്നാൻ, നിങ്ങളെ യേശു സ്നേഹിക്കുന്നു. യേശു സ്നേഹിക്കുന്ന ശിഷ്യൻ. നിങ്ങൾ യേശുവിനെ സ്നേഹിക്കാൻ തുടങ്ങൂ. സ്നേഹി ക്കുമ്പോൾ കണക്കു നോക്കുന്നില്ല. സ്നേഹത്തിൽ വ്യവ സ്ഥയില്ല. സ്നേഹത്തിന് ഉപാധിയില്ല. സ്നേഹം ദീർഘ മായി ക്ഷമിക്കുന്നതാണ്. ആരോടെങ്കിലും നിങ്ങൾക്കു സ്നേഹമുണ്ടെങ്കിൽ നിങ്ങൾ ക്ഷമിച്ചിരിക്കും. നിങ്ങൾ ക്ഷമി ക്കുന്നില്ല എങ്കിൽ സ്നേഹമില്ല എന്ന് അർത്ഥം. നിങ്ങ

ളോടു തെറ്റു ചെയ്തവരോടു നിങ്ങൾ ക്ഷമിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾക്കു സ്നേഹം ഉണ്ട്.

നിങ്ങൾ സ്നേഹമുള്ളവരായിത്തീരുവിൻ. ദൈവത്തോടു സ്നേഹം, ദൈവമക്കളോടു സ്നേഹം. ആത്മീയന്റെ ലക്ഷണം അതാണ്. ദൈവത്തോടുള്ള സ്നേഹം എന്താണ്? ദൈവത്തിന്റെ വചനം അനുസരിക്കുന്നു. ദൈവത്തിന്റെ വചനം പ്രമാണിക്കുന്നു. ദൈവമക്കളോടുള്ള സ്നേഹം എന്താണ്? ദൈവമക്കൾ പറയുന്ന ദൈവത്തിന്റെ വചനം അനുസരിക്കുന്നു. മാത്രമല്ല ദൈവമക്കളെ കൈത്താങ്ങൽ കൊടുക്കുകയും അവരിൽ കുറ്റം ആരോപിക്കാതെ അവരെ സഹായിക്കുകയും ചെയ്യുന്നു. അവരുടെ തെറ്റു തെറ്റായി കാണാതെ അവരെ വിമർശിക്കാതെ സൗമ്യതയുടെ ആത്മാവിൽ അവരെ യഥാസ്ഥാനപ്പെടുത്തുന്നു.

നാം യേശുവിനെ സ്നേഹിക്കാൻ തുടങ്ങുമോ? ഒരു പുതിയ തീരുമാനം എടുക്കുന്നുണ്ടോ? കർത്താവേ, ഇതുവരെ ഞാൻ നിന്നെ സ്നേഹിച്ചില്ല, നിന്റെ സ്നേഹം എനിക്കു തന്നു, പക്ഷേ ഞാൻ നിന്നെ സ്നേഹിച്ചില്ല. ഇന്നു മുതൽ യേശുവേ നിന്നെ സ്നേഹിച്ചു ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും. നമുക്കു തീരുമാനിക്കാം.

## ഒൻപത്

"യേശു സ്നേഹിച്ച ശിഷ്യൻ പത്രോസി നോടു : അതു കർത്താവ് ആകുന്നു എന്നു പറ ഞ്ഞു, കർത്താവു ആകുന്നു എന്നു ശീമോൻ പത്രോസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി." യോഹ 21 : 7

യോഹന്നാൻ അപ്പൊസ്തലൻ യേശുവിനെ തിരിച്ചറി ഞ്ഞു. "അതു കർത്താവാകുന്നു." യേശുവിനെ തിരിച്ചറി യാൻ ഇടയാകുന്നതു ഭാഗ്യം. യേശുവിനെ തിരിച്ചറിഞ്ഞ വർ മറ്റുള്ളവരോടു പറയണം, യേശു ആരാണെന്ന്. മറ്റു ള്ളവരെ അറിയിക്കണം. മറ്റുള്ളവരെ യേശുവിനെക്കുറിച്ചു പറഞ്ഞുകൊടുത്തു യേശുവിന്റെ അരികിലേക്ക് ആനയിക്ക ണം.

യേശുവിനെ തിരിച്ചറിഞ്ഞാൽ അനേകരെ യേശുവിങ്ക ലേക്ക് ആനയിക്കും. യേശു ആരാണെന്ന് അറിഞ്ഞാൽ, അവൻ എത്ര ഉന്നതൻ ആണെന്ന് അറിഞ്ഞാൽ. ആയിര

ങ്ങളിൽ സുന്ദരൻ, പതിനായിരങ്ങളിൽ സുന്ദരൻ, വെണ്മയും ചുമപ്പും കലർന്നവൻ. “അവനൊപ്പം പറയാനൊരാളുമില്ല. അവനെപ്പോൽ ആരാധ്യനാരുമില്ല.” എന്നാണ് പാട്ടുകാരൻ പാടിയത്.

പാടാൻ തോന്നുന്നുണ്ടോ? അവൻ ആരാധ്യനാണ്. അവൻ വർണ്ണനാതീതനാണ്. അവൻ നിസ്തുല പുരുഷനാണ്. നിസ്തുല വ്യക്തിയാണ്. അതുല്യ സ്നേഹമാണ്. അപ്രതിമ പ്രതിഭാശാലിയാണ്. അവൻ സ്വർഗ്ഗീയ സ്നേഹത്തിന്റെ നിറകുടമാണ്. നിത്യനായ ദൈവമാണ്, രാജാധിരാജാവാണ്. അത്യുന്നത പരിശുദ്ധനാണ്. ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ്.

ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയ നക്ഷത്രവുമാണ്. അവൻ തോജോമയനാണ്. മാറത്തു പൊൻകച്ച കെട്ടിയവനാണ്. അവന്റെ കയ്യിൽ ഏഴു പൊൻ നക്ഷത്രം പിടിച്ചിരിക്കുന്നവനാണ്. ഏഴുപൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനാണ്. ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോടിനോടു സദൃശമായ കാലുകളോടു കൂടിയവനാണ്. ഈ യേശു ആരാണ്?

അവൻ നിസ്തുല പ്രതിഭയാണ്. അവന്റെ വായിൽ നിന്നു മൂർച്ഛയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നവനാണ്. അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ശോഭായമാനമായ മുഖത്തോടു കൂടിയവനാണ്. അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയാണ്. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും അവന്റെ കണ്ണു അഗ്നിജ്വാലയ്ക്ക് ഒത്തതും അത്യന്തം ശ്രേഷ്ഠവുമാണ്.

അവൻ തേജോമയനായ ദൈവപുത്രനാണ്. he is the begining less begining and the endless end. ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ്, അല്ഫയും ഓമേഗയും, ഒന്നാമനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു.

അവൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും ആണ്. അവൻ സ്തുതികളിൽ അധിവസിക്കുന്നവനാണ്. അവൻ വിശുദ്ധ സ്തുതികളിൽ ഇറങ്ങി വരുന്നവനാണ്. വിശുദ്ധ സ്തുതികളിൽ തേരോട്ടം നടത്തി വരുന്നവനാണ്. സ്വർഗ്ഗീയ രഥത്തിൽ കയറി വരുന്നവനാണ്. അവൻ വീണ്ടും വരുന്നവനായ ക്രിസ്തുവാണ്. അവനെ തിരിച്ചറിഞ്ഞാൽ അനേകരെ അവനിലേക്ക് ആകർഷിക്കും. അനേകരെ അവനിലേക്ക് ആനയിക്കും. അനേകർക്കു അവനെ പരിജയപ്പെടുത്തിക്കൊടുക്കും.

നമ്മുടെ ജീവിതം കൊണ്ടു നമുക്ക് യേശുവിനെ പരിജയപ്പെടുത്തി കൊടുക്കണം. നമ്മുടെ ജീവിതം കൊണ്ടു യേശുവിനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കണം. നമ്മുടെ ദൈനംദിനജീവിതംകൊണ്ടു യേശു ആരാണെന്ന് മറ്റുള്ളവർക്കു തെളിയിച്ചു കൊടുക്കണം. യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ആഗ്രഹിക്കുന്ന ജനത്തിനു യേശു ഇങ്ങനെയുള്ളവൻ എന്നു നമ്മുടെ ജീവിതംകൊണ്ടു യേശുവിനെ വെളിപ്പെടുത്തി കൊടുക്കണം. അതാണ് ഒരു സത്യവിശ്വാസിയുടെ ചുമതല. അതാണ് ദൈവവേല.

അങ്ങനെയുള്ളവർ പറയുന്ന ഓരോ വാക്കിലും തീയാണ്. അങ്ങനെയുള്ളവർ പറയുന്ന വാക്കിൽ തീ ഇറങ്ങും. അങ്ങനെയുള്ളവർ നാവു ചലിപ്പിക്കുമ്പോൾ തീ, സ്വർഗ്ഗീയ തീ അവിടെ വെളിപ്പെടും. അവിടെ തീപ്പൊരി വാരി എറി

യുന്ന അനുഭവം ഉണ്ടാകും. തീജ്വാല ആളിപ്പടരും. അനേകം വൻമരങ്ങൾ കത്തി എരിയും. അനേകം വൻമരങ്ങൾ കത്തി ദഹിക്കും.

നിങ്ങൾ തീ ആയി നിൽക്കും. നിങ്ങളിൽ ക്രിസ്തു വസിക്കും. ക്രിസ്തുവിന്റെ പ്രതിമയായി ക്രിസ്തുവിന്റെ Image ആയി, ക്രിസ്തുവിന്റെ Reflection ആയി, നിങ്ങൾ ഈ ലോകത്തു നിൽക്കും. ക്രിസ്തുവിന്റെ പ്രതിബിംബന മായി നിങ്ങൾ ഈ ലോകത്തു നിൽക്കും. നാം വായിച്ച തെന്താണ്?

> "അതു കർത്താവ് ആകുന്നു എന്നു പറ ഞ്ഞു. കർത്താവു ആകുന്നു എന്നു ശീമോൻ പത്രോസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. ശേഷം ശിഷ്യ ന്മാർ കരയിൽനിന്നു ഏകദേശം ഇരുന്നൂറു മുഴ ത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴെച്ചുംകൊണ്ടു ചെറിയ പട കിൽ വന്നു." യോഹ 21 : 7 -8

എല്ലാവരും കരയിലേക്കു വരികയാണ്. വല ഇഴെച്ചും കൊണ്ടു വരികയാണ്. വലിച്ചു വലിച്ചു വലിച്ചു ഇഴെച്ചും കൊണ്ടു കഷ്ടപ്പെട്ടു വല കരയിലേക്കു അടുപ്പിച്ചു.

കരയിലേക്കു നമുക്കു അടുപ്പിക്കാം, ഒരു നിത്യതീരമു ണ്ട്. നിത്യതീരത്തേക്കു നാം ചെല്ലേണ്ടവരാണ്. ഈ തിബെ ര്യാസ് കടലിന്റെ കരയല്ല. നിത്യ യോർദ്ദാന്റെ കര, മരണ യോർദ്ദാന്റെ കര അപ്പുറത്തു ഇതാ ബെയൂല നാട്, അപ്പു റത്തു ഇതാ നിത്യ സ്വർഗ്ഗം. ആ മരണത്തിന്റെ അപ്പുറത്തു

നിത്യശാന്തി. അങ്ങോട്ടു നമുക്ക് ഈ മീൻ നിറഞ്ഞ വല ഇഴെച്ചും കൊണ്ടു വരാം, വലിച്ചും കൊണ്ടുവരാം. അനേകം ആത്മാക്കളെ കൂട്ടിക്കൊണ്ടു നിത്യതയിലേക്കു കടന്നു ചെല്ലാം.

നിലനിൽക്കുന്ന വേല അതാണ്, നിലനിൽക്കുന്ന സ്വത്തു അതാണ്. സ്വർഗ്ഗരാജ്യത്തേക്കുള്ള മുതൽക്കൂട്ട് അതാണ്. സ്വർഗ്ഗരാജ്യത്തേക്കുള്ളതായ സ്വത്ത് അതാണ്.

നിങ്ങൾ ഈ സ്വത്ത് നേടിയോ? ആത്മാക്കളെ നേടിയോ? ദൈവവേല നിങ്ങൾ ചെയ്യുന്നുവോ? നിസ്വാർത്ഥ മായി നിഷ്കളങ്കമായി ദൈവവേല ചെയ്യുവാൻ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചുവോ?

കർത്താവിന്റെ വേലക്കാരാകുവാൻ, അനേകം ആത്മാ വിൽ മരിച്ച മനുഷ്യരെ പിടിച്ചു ജീവനുള്ളവരാക്കാൻ നിങ്ങ ളുടെ ജീവിതം നിങ്ങൾ സമർപ്പിച്ചുവോ? പരിശുദ്ധാത്മാ വിന്റെ തീയാൽ നിങ്ങൾ നിറഞ്ഞുവോ? പരിശുദ്ധാത്മാ വിന്റെ കാറ്റു നിങ്ങളിൽ കൂടി ഊതിക്കൊണ്ടിരിക്കുന്നുവോ? പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളിൽ കൂടി പ്രസരിക്കു ന്നുവോ? പരിശുദ്ധാത്മാവിന്റെ തീജ്വാല നിങ്ങളിലൂടെ ആളി പ്പടരുന്നുവോ? ദൈവത്തിന്റെ വേലയ്ക്കു വേണ്ടി നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചുവോ? നിങ്ങളാൽ ആവതു കർത്താവിന്റെ വേല ചെയ്യുവാൻ നിങ്ങൾ തയ്യാറാ കുന്നുവോ?

മഗ്ദലനമറിയാം പാപിനിയായ സ്ത്രീ ആയിരുന്നു. പട്ട ണത്തിലേക്കും വേശ്യയായ സ്ത്രീ ആയിരുന്നു. എന്നാൽ അവൾ യേശുവിന്റെ ഒന്നാമത്തെ സാക്ഷിയായി മാറി.

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ പറഞ്ഞിട്ടു പോയതു ഇതാണ്. "നിങ്ങൾ എന്റെ സാക്ഷികൾ ആകണം" എന്നാണ്.

> "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ടു ആദ്യം യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു."
>
> അപ്പൊ 1 : 8

നാം ക്രിസ്തുവിന്റെ സാക്ഷ്യം വഹിച്ചുവോ? അവന്റെ വേല ചെയ്തുവോ? അവന്റെ വേലയ്ക്കായി നമ്മെത്തന്നെ സമർപ്പിച്ചുവോ? നിത്യതീരത്തേക്കു അടുക്കണ്ടേ? ഈ തല്ക്കാല ജീവിതം തീരണ്ടേ? മരണം എന്ന യോർദ്ദാൻ കടന്നു അപ്പുറത്തു എത്തണ്ടേ? ഒരു നിത്യ തീരത്തേക്കു എത്തണ്ടേ? ആ നിത്യതീരം സ്വർഗ്ഗമാണോ, നരകമാണോ എന്നു നിശ്ചയിക്കുന്നതു ഇപ്പോൾ ഇവിടെ വെച്ചല്ലേ?

നിത്യ ശുഭ തീരത്തു എത്തണമോ? എങ്കിൽ ഇവിടെ ഒരു വിശുദ്ധനായി ജീവിക്കൂ, നിന്നെ വിശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ തിരുരക്തത്തിൽ നീ ശരണപ്പെടു, നിനക്കു വേണ്ടി ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താൽ ഉള്ള കഴുകൽ നീ പ്രാപിക്കു, ദൈവത്തിന്റെ കൃപയുടെ അനുഭവത്തിലേക്കു നീ വരു, നീ ഒരു സത്യമാനസാന്തരത്തിലേക്കു വരു, പഴയ ജീവിതത്തോടു യാത്ര പറയൂ. പുതിയ ജീവിതം തുടങ്ങൂ. ക്രിസ്തുവിനെ ഹൃദയത്തിന്റെ നാഥനായി സ്വീകരിക്കൂ. അവനോടു വാക്കു പറയൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. യേശുവേ, ഇതുവരേയും ഞാൻ എനിക്കായി ജീവിച്ചു, ലോകത്തി നായി ജീവിച്ചു, ലോക ഇമ്പങ്ങൾക്കായി ജീവിച്ചു. പാപര സങ്ങൾക്കായി ജീവിച്ചു. വെറിക്കൂത്തുകൾക്കായി ജീവിച്ചു. ഹീനജീവിതം നയിച്ചു ഞാൻ ജീവിച്ചു. നാഥാ ഇന്നുമു തൽ യേശുവേ ഞാൻ നിനക്കായി ജീവിക്കും.

സമർപ്പിക്കുമോ? ജീവിതം ക്രിസ്തുവിന്റെ കരങ്ങളി ലേക്കു കൊടുക്കുമോ? ക്രിസ്തുവിനോടു വാക്കു പറ യുമോ? ക്രിസ്തു ഇതാ നിങ്ങളുടെ അരികത്തു കരം നീട്ടി നിൽക്കുന്നു. അവൻ ഇതാ നിങ്ങളുടെ നേരെ കരം നീട്ടിയിരിക്കുന്നു. ആ തൃക്കരം നീ ഒന്നു കാണുമോ? മക നേ, ആ തൃക്കരം നീ ഒന്നു നോക്കുമോ? അവിടെ രക്തം തുളിച്ചു നിൽക്കുന്നു.

നിനക്കുവേണ്ടി തകർക്കപ്പെട്ട കരം, നിനക്കുവേണ്ടി ആണി അടിച്ചു തകർക്കപ്പെട്ട കരം, നിനക്കുവേണ്ടി വേദ നയേറ്റകരം, നിനക്കുവേണ്ടി കാരിരുമ്പാണിയേറ്റു തകർന്ന കരം, നിന്റെ നേരെ നീട്ടിയിരിക്കുന്നു. മകനേ, നിന്റെ ഹൃദയം എനിക്കു തരിക. എന്റെ മകളേ, നിന്റെ ഹൃദയം എനിക്കു തരിക എന്നു പറഞ്ഞുകൊണ്ടു യേശു ഇതാ നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നു. അവൻ നിന്റെ ഹൃദയത്തിന്റെ വാതിൽക്കൽ മുട്ടിക്കൊണ്ടു നിൽക്കുന്നു. ഓരോ പ്രാവശ്യവും മുട്ടുമ്പോൾ അവന്റെ തൃക്കരങ്ങളിൽ നിന്ന് ആ തിരുരക്തം നിങ്ങളുടെ ഹൃദയത്തിലേക്ക് തെറിച്ചു കൊണ്ടിരിക്കുകയാണ്. ഹൃദയത്തിന്റെ വാതില്ക്കലേക്കു തിരുരക്തം തെറിച്ചുകൊണ്ടിരിക്കുന്നു.

വിശ്വസിക്കൂ, ഓരോ തിരുരക്തത്തുള്ളിയും വീഴുമ്പോൾ നീ നിന്റെ ഹൃദയം തുറക്കൂ. യേശുവിനോടു വാക്കു പറയൂ. യേശുവേ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും. നമുക്കു സമർപ്പിക്കാം.

# പത്ത്

"കരയ്ക്കു ഇറങ്ങിയപ്പോൾ അവർ തീക്ക നലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു." യോഹ 21 : 9

രാത്രി മുഴുവനും അദ്ധ്വാനിച്ചവരാണ് ആ ശിഷ്യന്മാർ ഏഴുപേരും. അത്ഭുതകരമായ മീൻപിടിത്തമാണ് അവർക്കു ലഭിച്ചത്. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയി ല്ല. പക്ഷേ ക്രിസ്തു വന്നു പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ എന്നു അവരോടു പറഞ്ഞതു അവർ അനുസരിച്ചപ്പോൾ അവർക്കു പെരുത്തു മീൻകൂട്ടം കിട്ടി. നൂറ്റമ്പത്തിമൂന്ന് വലിയ മത്സ്യം നിറഞ്ഞ വലയാണു അവർ വലിച്ചു വലിച്ചു കരയോടു അടുപ്പിച്ചത്. രാത്രി മുഴുവനും അദ്ധ്വാനിച്ചതുകൊണ്ടു അവർക്കെല്ലാവർക്കും നല്ല ക്ഷീണ മുണ്ട്. ഒന്നും കഴിച്ചിട്ടില്ല. നല്ല തളർച്ചയുണ്ട്, നല്ല വിശ പ്പുണ്ട്, നല്ല ദാഹവും ഉണ്ട്.

അവർ കരയിൽ വന്നപ്പോൾ "തീക്കനലും അതിന്മേൽ

മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു." തീക്കനൽ കണ്ടു, അതിൽ മീൻ വച്ചിരിക്കുന്നതു കണ്ടു. അപ്പവും കണ്ടു. അവർ കൊണ്ടുവന്ന മീൻ അല്ല. അവർ പിടിച്ച മീൻ അല്ല. സ്വർഗ്ഗത്തിലെ നിത്യനായ ദൈവം അവർക്കു അപ്പവും മീനും കരുതി.

"ചൂടുള്ള ഭക്ഷണം കരുതി തീക്കനലിന്മേൽ വെച്ചിരിക്കുന്ന ഭക്ഷണം അവർക്കു വേണ്ടി കരുതി. ചൂടുള്ള ഭക്ഷണം! മരുഭൂമിയിലെ അറുന്നൂറായിരങ്ങൾക്ക് സ്വർഗ്ഗത്തിലെ മന്ന പൊഴിച്ചു കൊടുത്ത ദൈവം ശീമോൻ പത്രോസിനും അവന്റെ കൂടെ ഉള്ള ബാക്കി ആറുപേർക്കും ചൂടുള്ള ഭക്ഷണം കരുതി. കാക്കയെക്കൊണ്ട് തന്റെ ദാസനായ ഏലിയാവിനു ആഹാരം കൊടുപ്പിച്ച ദൈവം, അവിടെ ശീമോൻ പത്രോസിനും യേശുവിന്റെ ശിഷ്യന്മാർ ആറു പേർക്കും ആഹാരം കരുതി. ബേത്തസെയ്ദായില് അഞ്ചപ്പവും രണ്ടു മീനും കൊണ്ടു അയ്യായിരത്തിലേറെ പേർക്കു ആഹാരം നൽകിയ നിത്യനായ ദൈവം ഇവിടെ തിബെര്യാസ് കടൽക്കരയിൽ ശീമോൻ പത്രോസിനും കൂടെ ഉള്ളവർക്കും ആഹാരം കരുതി.

കരുതുന്ന ദൈവം! നമ്മുടെ ദൈവം കരുതുന്നവനാണ് യേശുക്രിസ്തു നമുക്കുവേണ്ടി കരുതുന്നവനാണ്. ദാവീദ് ഒരിക്കൽ പറഞ്ഞു.

> "ബാല സിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും, യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല." സങ്കീ. 34 : 10

സിംഹം വേട്ടയാടി പിടിക്കുന്നവനാണ്. ഇരയെ പിടിച്ചു

കടിച്ചു കീറുന്നവനാണ്. സിംഹങ്ങൾ ഇരയെപ്പിടിച്ചു ബാല സിംഹങ്ങൾക്കു കൊടുക്കും. എന്നാൽ ബാലസിംഹങ്ങളും പക്ഷെ ആഹാരം ഇല്ലാതെ വിശന്നു എന്നുവരാം.

> “ഞാൻ ബാലനായിരുന്നു, വൃദ്ധ നായിത്തീർന്നു, നീതിമാൻ തുണയില്ലാതിരിക്കു ന്നതും അവന്റെ സന്തതി ആഹാരം ഇരക്കു ന്നതും ഞാൻ കണ്ടിട്ടില്ല.” സങ്കീ. 37 : 25

കുഗ്രാമത്തിൽ പാവപ്പെട്ട യിശ്ശായിയുടെ എട്ടാമത്തെ മകനായി പ്രാരാബ്ധമുള്ള കുടുംബത്തിൽ, പിറന്ന ദാവീദ് പറയുകയാണ് : “ഞാൻ ബാലനായിരുന്നു, വൃദ്ധനായി തീർന്നു, നീതിമാൻ തുണയില്ലാതെ ഇരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല.”

ആഹാരം കരുതുന്ന ദൈവം. കാക്കയെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെയ്ക്കുന്നുമില്ല. പറവജാതിയെ നോക്കുവിൻ, അതു വിത യ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നു മില്ല. വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപി പ്പിൻ.

> സ്വർഗ്ഗത്തിലെ ദൈവം വിശക്കുന്നവനു ആഹാരം കൊടുക്കുന്നവനാണ്. “തൃക്കൈ തുറ ക്കുമ്പോൾ അവക്കു നന്മകൊണ്ട് തൃപ്തി വരു ന്നു.” സങ്കീ. 104 : 28

എന്നാണ് തിരുവചനം പറയുന്നത്. തൃക്കൈ തുറക്കും, ജീവനുള്ള ദൈവം തൃക്കൈ തുറക്കുമ്പോൾ അവർക്കു

നന്മകൊണ്ടു തൃപ്തി വരുന്നു.

> "തക്കസമയത്തു തീൻ കിട്ടേണ്ടതിന്നു ഇവ ഒക്കെയും നിന്നെ കാത്തിരിക്കുന്നു. നീ കൊടുക്കുന്നതിനെ അവ പെറുക്കുന്നു തൃക്കൈ തുറക്കുമ്പോൾ അവക്കു നന്മകൊണ്ടു തൃപ്തി വരുന്നു. തിരുമുഖത്തെ മറെക്കുമ്പോൾ അവ ഭ്രമിച്ചു പോകുന്നു." സങ്കീ. 104 : 27 - 29

ആകാശത്തിലെ പറവ, കാട്ടിലെ മൃഗങ്ങൾ, സമുദ്രത്തിലെ മത്സ്യങ്ങൾ, എല്ലാം തക്ക സമയത്തു തീൻ കിട്ടേണ്ടതിന്നു നിന്നെ കാത്തിരിക്കുന്നു, നീ കൊടുക്കുന്നതിനെ അവ പെറുക്കുന്നു. തൃക്കൈ തുറക്കുമ്പോൾ അവയ്ക്കു നന്മകൊണ്ടു തൃപ്തിവരുന്നു. തിരുമുഖത്തെ മറയ്ക്കുമ്പോൾ അവ ഭ്രമിച്ചു പോകുന്നു.

സ്നേഹവാനായ ദൈവം കരുതുന്നവനാണ്. യഹോവ യിരെ - ദൈവം കാണുന്നു, ദൈവം കരുതുന്നു. God Sees, God Cares.

ജീവനുള്ള ക്രിസ്തു, തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർക്കു വേണ്ടി കരയിൽ ആഹാരം കരുതി. ചൂടുള്ള ഭക്ഷണം. ഈ തീക്കനൽ കണ്ടപ്പോൾ പത്രോസിന്റെ ഉള്ള് ഒന്നു കാളിയോ? ഞാൻ അങ്ങനെ ഒന്നു ധ്യാനിച്ചു കൊള്ളട്ടെ. തീക്കനൽ കണ്ടപ്പോൾ പത്രോസിന്റെ ഉള്ള് ഒന്നു പിടച്ചോ?

തീ കാഞ്ഞുകൊണ്ടു പത്രോസ് ഇരുന്നതു പത്രോസ് ഓർത്തോ? തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ ആണ് പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞത്. "ഇവനും ആ യേശുവിന്റെ കൂടെ ഉള്ളവൻ" എന്ന് ആ സ്ത്രീ പറഞ്ഞ

പ്പോൾ "ഞാൻ അവനെ അറിയുന്നില്ല." എന്നു പത്രോസ് തള്ളിപ്പറഞ്ഞില്ലേ? യേശു വിസ്താരരംഗത്താണ്. യേശു ചാട്ടവാറടികൊണ്ടു പുളയുകയാണ്. യേശുവിനെ തൂണിനോടു കെട്ടിയിട്ടിട്ട് പുറത്തേയ്ക്കു ചാട്ടവാർ ആഞ്ഞു ആഞ്ഞു വീഴുകയാണ്. ഓരോ ചാട്ടവാറും കൊള്ളുമ്പോൾ മാംസം ചിതറുകയാണ്, ചോര ചീറിത്തെറിയ്ക്കുകയാണ്. പുറം ഉഴവു ചാലുപോലെ കീറുകയാണ്. അപ്പോൾ ശീമോൻ പത്രോസ് തീ കാഞ്ഞുകൊണ്ടു ഇരിക്കുകയായിരുന്നു. അപ്പോഴാണ് തള്ളിപ്പറഞ്ഞത്. ഇപ്പോൾ, ഇതാ തീയുടെ അരികത്തു യേശു വന്നു നിൽക്കുന്നു.

നമുക്കു പഴയ കാര്യങ്ങളിലേക്കു വല്ലതും തിരിഞ്ഞു നോക്കാനുണ്ടോ? നാം യേശുവിനെ തള്ളിപ്പറഞ്ഞ കാര്യങ്ങൾ. യേശുവിനെ സാക്ഷിക്കേണ്ടിടത്തു മടിച്ചുനിന്ന സംഭവങ്ങൾ. യേശുവിനെ സാക്ഷിക്കുവാൻ ലജ്ജിച്ച കാര്യങ്ങൾ. യേശുവിനെ എതിർക്കുന്നവരുടെ മുൻപിൻ മൗനം പാലിച്ച സമയങ്ങൾ. എന്തെങ്കിലും ഓർത്തു കരയാൻ ഉണ്ടോ? അനുതപിക്കാനുണ്ടോ?

അപ്പവും മീനും കണ്ടപ്പോൾ ശീമോൻ പത്രോസ് വേറെ വല്ലതും ഓർത്തുവോ? അപ്പവും മീനും വെച്ചിരിക്കുന്നു. അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ പോഷിപ്പിച്ച സംഭവം യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്. അന്ന് അഞ്ചപ്പവും, രണ്ടു മീനും കൊണ്ട് കർത്താവ് അയ്യായിരത്തിലേറെ പേർക്ക് ആഹാരം കൊടുത്തത്, ഈ മീനും അപ്പവും കണ്ടപ്പോൾ പത്രോസിന്റെ ഓർമ്മയിലേക്കു വന്നുവോ? പഴയകാലത്തെ നല്ല നല്ല അനുഭവങ്ങൾ.

നല്ലതും ഓർക്കാൻ ഉണ്ട്, അനുതപിക്കാനുള്ള വിഷയങ്ങളും ഉണ്ട്. പറ്റിയ പാപങ്ങൾ ഓർത്തു കരയാൻ ഉണ്ട്. നന്മകൾ ഓർത്തു സ്തുതിക്കാൻ ഉണ്ട്.

ദൈവം തന്ന അനുഗ്രഹങ്ങൾ ഓർത്തു സ്തുതിക്കാൻ ഉണ്ടോ? ദൈവം തന്ന ജീവിത നിലവാരം, ദൈവം തന്ന ഭക്ഷണം, ദൈവം തന്ന കിടപ്പാടം, ദൈവം തന്ന കുടുംബം. ദൈവം തന്ന ഭാര്യ, ദൈവംതന്ന മക്കൾ, ദൈവം തന്ന ഭർത്താവ്, ദൈവം തന്ന തൊഴിൽ, ദൈവം തന്ന വരുമാന മാർഗ്ഗം, ദൈവം തന്ന ആരോഗ്യം, ദൈവം തന്ന രോഗ സൗഖ്യം. ഓർത്തു ഓർത്തു സ്തുതിക്കാൻ വകയില്ലേ? എണ്ണി എണ്ണി സ്തുതിക്കാൻ കാര്യമില്ലേ?

എണ്ണിയാൽ തീരാത്ത അനുഗ്രഹങ്ങൾ! പോരാ, എണ്ണിയാൽ തീരാത്ത പാപങ്ങൾ! അയ്യോ, പാപങ്ങൾ ഏറെ വന്നു പോയല്ലോ. അനുതപിക്കാൻ വകയില്ലേ, വേണ്ടായിരുന്നു എന്നു നിനക്കു തോന്നുന്നില്ലേ, ഓർക്കൂ, അനുതപിക്കൂ. അനുതപിച്ചാൽ ക്ഷമിക്കുന്നവൻ ഉണ്ട്. അനുതപിച്ചാൽ പൊറുക്കുന്നവൻ ഉണ്ട്. അനുതപിച്ചാൽ കഴുകിതരുന്നവൻ ഉണ്ട്.

യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. അത്ഭുതങ്ങളുടെ ദൈവം, ശുദ്ധീകരണം തരുന്നവനാണ്, അവൻ കനലിന്മേൽ അപ്പവും മീനും നിനക്കുവേണ്ടി കരുതി വെച്ചിട്ടുണ്ട്. അവൻ നിനക്കു വേണ്ടി കരുതുന്നുണ്ട്. നിന്റെ കഴിഞ്ഞതെല്ലാം അവൻ മറക്കുന്നുണ്ട്. കഴിഞ്ഞതൊന്നും ഓർക്കുന്നില്ല. എല്ലാം മറന്നും പൊറുത്തും നിനക്കു സമാധാനം തരുവാനായി അവൻ കരം നീട്ടുന്നുണ്ട്. ഇപ്പോൾ അവന്റെ കരങ്ങളിലേക്കു

ജീവിതം കൊടുക്കുവിൻ, അവനോടു വാക്കു പറയുവിൻ, യേശുവേ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. നമുക്കു സമർപ്പിക്കാം.

# പതിനൊന്ന്

"യേശു അവരോടു : ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവിൻ എന്നു പറഞ്ഞു. ശീമോൻ പത്രൊസ് കയറി നൂറ്റമ്പത്തുമൂന്നു വലിയ മീൻ നിറഞ്ഞ വല കരക്കു വലിച്ചു കയറ്റി, അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല."
യോഹ 21 : 10 - 11

"ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവിൻ."

നിങ്ങൾ പഴയകാല അനുഭവങ്ങളുടെ സമ്പത്തും പേറി യിരിക്കുകയാണ്. പഴയകാലത്തു എനിക്കു മാനസാന്തരം കിട്ടി, പത്തു വർഷം മുമ്പ് ഞാൻ ജീവിതം കർത്താവിനു സമർപ്പിച്ചു, മുപ്പത്തി ഒന്നു വർഷം മുൻപ് ഞാൻ കർത്താ വിനോടു വാക്കു പറഞ്ഞു. അന്നെനിക്കു ഒരു മാനസാ ന്തരം കിട്ടി. അന്നു കർത്താവിന്റെ കൃപ എനിക്കു ലഭിച്ചു. അന്നെനിക്ക് വീണ്ടും ജനനാനുഭവം ലഭിച്ചു. അന്ന് യേശു

ക്രിസ്തു എന്നെ വീണ്ടെടുത്തു എന്നുള്ള ഉറപ്പ് എനിക്കു കിട്ടി എന്നിങ്ങനെ എത്രയെത്ര പഴയകാല അനുഭവങ്ങൾ.

ഇപ്പോഴത്തെ അനുഭവം എങ്ങനെയിരിക്കുന്നു : ഇപ്പോൾ പിടിച്ച മീൻ ഏതെങ്കിലും ഉണ്ടോ? പുതിയ സമർപ്പണ ങ്ങൾ ഉണ്ടോ?

ഇന്നലത്തെ മന്ന പോരാ ഇന്ന്. ഇന്നലത്തെ മന്ന ഇന്ന ലത്തേയ്ക്ക്. ഇന്ന് പുതിയ മന്ന പെറുക്കണം. ഓരോ ദിവ സവും പുതിയ മന്ന പെറുക്കണം. ഓരോ ദിസവും പുതിയ സമർപ്പണം വേണം. ഓരോ ദിവസവും പുതിയ ആഹാരം വേണം. ഓരോ ദിവസവും പുതിയ കൃപ വേണം. ഓരോ ദിസവും പുതിയ അനുഭവം വേണം.

പുതിയ അനുഭവം, പുതിയ സ്തുതി, പുതിയ പ്രാർത്ഥ ന, പുതിയ സമർപ്പണം, പുതിയ പ്രതിഷ്ഠ, പുതിയ വിശു ദ്ധീകരണം, പുതിയ കഴുകൽ. എന്നും എന്നും പുതു കൃപ, "കണ്ടാലും ഞാൻ സകലവും പുതുതാക്കുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു."

സകലവും പുതുതാക്കുന്ന ക്രിസ്തു നിങ്ങൾക്കു പുതുക്കം തരട്ടെ. പുതിയ വഴി, പുതിയ സൃഷ്ടി, പുതിയ ഹൃദയം, പുതിയ സമർപ്പണം, പുതിയ തീരുമാനം, പുതിയ മനുഷ്യൻ, പുതിയ അനുഭവം. ഒരു പുതിയ അനുഭവം ഇന്നു കിട്ടട്ടെ.

ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവിൻ. കർത്താവ് അഗ്രഹിക്കുന്നതു പുതിയ ചില സമർപ്പണങ്ങൾ ആണ്. പുതിയ സാക്ഷ്യം നിങ്ങൾക്കു ഉണ്ടോ? ഈ

അടുത്ത സമയത്തു നിങ്ങൾക്കു ലഭിച്ച സാക്ഷ്യങ്ങൾ. അടുത്ത സമയത്തു ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളോടു ഇടപെട്ട കാര്യങ്ങൾ. ഈ അടുത്ത കാലത്തു ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങൾക്കു കുറ്റബോധം തന്ന കാര്യങ്ങൾ. അടുത്ത സമയത്തു നിങ്ങൾക്കു ഏതെങ്കിലും മറഞ്ഞിരിക്കുന്ന പാപങ്ങൾ വെളിപ്പെട്ടു കിട്ടിയതിനെക്കുറിച്ചു ഉണ്ടായ ചില അനുഭവങ്ങൾ.

പ്രകടമായി പാപം എന്നു എണ്ണപ്പെട്ട പാപങ്ങൾ മദ്യപാനം, കൊലപാതകം, വ്യഭിചാരം, വേശ്യാവൃത്തി, മോഷണം, കവർച്ച മുതലായവ ഒന്നുമില്ലല്ലോ എന്ന സംതൃപ്തിയോടെ ഇരുന്നു. പക്ഷേ ചില നീരസങ്ങൾ ഉണ്ട്. ചില മുഷിച്ചിലുകൾ ഉണ്ട്. ചിലരോടു ചില കൈപ്പുകൾ ഉണ്ട്. ചിലരോടു പൊറുക്കാൻ പറ്റുന്നില്ല. ചില കാര്യങ്ങളിൽ ചില കടുംപിടുത്തങ്ങൾ ഉണ്ട്. ചില പിടിവാശികൾ ഉണ്ട്, ചില ദുശ്ശാഠ്യങ്ങൾ ഉണ്ട്, ദ്രവ്യാഗ്രഹം ഉണ്ട്. സ്വാർത്ഥത യുണ്ട്, കപട ഭക്തിയുണ്ട്, സ്വയമഹത്വമുണ്ട്, സ്ഥാനമോഹം ഉണ്ട്, അധികാരമോഹം ഉണ്ട്. കർത്താവേ, ഇതൊക്കെ എനിക്ക് ഉണ്ടു എന്നു ഞാൻ അറിഞ്ഞിരുന്നില്ലല്ലോ.

നിങ്ങൾക്കു ഓർത്തോർത്തു കരയാൻ വിഷയങ്ങൾ ഉണ്ടോ? പുതിയ കുറ്റബോധങ്ങൾ. പുതിയ പാപബോധങ്ങൾ. ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവിൻ. ഇപ്പോൾ പിടിച്ചതു ഇപ്പോഴത്തെ പുതിയ അനുഭവം. ഇപ്പോഴത്തെ പുതിയ കാഴ്ചപ്പാട്.

വിശുദ്ധന്മാർ എക്കാലത്തും പുതുമയുള്ളവർ ആണ്. എക്കാലത്തും പുതിയ ഹൃദയം പ്രാപിച്ചുകൊണ്ടിരിക്കും. വിശുദ്ധന്മാർ പടിപടിയായി പുതുക്കം പ്രാപിച്ചുകൊണ്ടിരി

ക്കും. അതാണ് ആത്മാവിന്റെ വളർച്ച.

ഒരു ഗ്ലാസിൽ വെള്ളം ഉണ്ട്. നിറയെ ഉണ്ട്, ഗ്ലാസ്സിലെ നിറവാണ്. ഒരു കപ്പിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു ബക്കറ്റിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു കിണറ്റിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു വലിയ കുളത്തിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു വലിയ തടാകത്തിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു വലിയ പുഴയിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു വലിയ കായലിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. ഒരു വലിയ സമുദ്രത്തിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. മഹാസമുദ്രത്തിൽ നിറയെ വെള്ളം ഉണ്ട്, അതും നിറവാണ്. നിറവിനു അതിരുണ്ടോ?

എന്നും എന്നും പുതിയ നിറവുകൾ, എന്നും എന്നും പുതിയ സാക്ഷ്യങ്ങൾ. എന്നും എന്നും പുതിയ നേട്ടങ്ങൾ, ആത്മാവിന്റെ നേട്ടങ്ങൾ, ആത്മാവിൽ എന്നും എന്നും പുതിയ മീൻ പിടുത്തങ്ങൾ. പുതിയ ആത്മാക്കളെ നേടുന്നുണ്ടോ നിങ്ങൾ?

പണ്ട് ഞാൻ പ്രസംഗിച്ചു ഇത്രപേർ രക്ഷിക്കപ്പെട്ടു. പണ്ട് ഞാൻ ബൈബിൾ ക്ലാസ് എടുത്തു ഇത്രപേർക്കു അനുഭവം ഉണ്ടായി. പണ്ട് എന്റെ പ്രസംഗം കേട്ടു ഇത്ര പേർ മദ്യപാനം വിട്ടു എന്നിങ്ങനെയുള്ള സംതൃപ്തികൾ.

ഇന്നെങ്ങനെ? ഇന്നു നീ മരിച്ചിരിക്കുന്നുവോ? ഇന്നു നീ ഫലശൂന്യനായിരിക്കുന്നുവോ? നീ തിരിഞ്ഞു നോക്കു, നീ നിന്നെത്തന്നെ പരിശോധിക്കു, ദൈവത്തോടു പറയൂ.

കർത്താവേ, പ്രയോജനരഹിതമായ ജീവിതം ഞാൻ ഏറെക്കാലമായി നയിച്ചു വരുന്നു. പണ്ടത്തെ ചില അനുഭവങ്ങളുടെ സമ്പത്തും പേറി, പണ്ട് ഇതെല്ലാം ഉണ്ടായിരുന്നു, എന്നുള്ളതായ അനുഭവം വെച്ചുകൊണ്ട് ഞാൻ പ്രശംസിച്ചും സന്തുഷ്ടനായും സംതൃപ്തനായും ഇരിക്കുന്നു എന്നോടു ക്ഷമിക്കണമേ.

ഞാൻ നിങ്ങളോടു പറയട്ടെ. പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടതാണ്. അന്നാണ് ഈ പാവപ്പെട്ട ജീവിതം യേശുക്രിസ്തുവിന്റെ മുറിഞ്ഞ കരങ്ങളിലേക്ക് കൊടുത്തത്. അതിനു ശേഷം ഞാൻ ഓടി നടന്നു വേല ചെയ്തു. ഞാൻ ധാരാളം പ്രസംഗിച്ചു, ധാരാളം വേല ചെയ്തു. എന്നാൽ പത്തൊമ്പതു കൊല്ലം ദൈവവേല ചെയ്തു കഴിഞ്ഞപ്പോൾ മുപ്പത്തിയാറാമത്തെ വയസ്സിൽ എനിക്കൊരു സത്യം മനസ്സിലായി. പഴയ അനുഭവങ്ങളുടെ ബലത്തിലാണ് നിൽക്കുന്നത് എന്ന്.

പഴയ അനുഭവങ്ങളുടെ ബലത്തിൽ, പുതിയ അനുഭവങ്ങൾ ഇല്ല, പുതിയ സാക്ഷ്യങ്ങൾ ഇല്ല, പുതിയ ജീവൻ ഇല്ല, പുതിയ ശക്തിയില്ല, പുതിയ കൃപയില്ല, പുതിയ വിശുദ്ധീകരണമില്ല. ജീവിതത്തിൽ അറിയാതെ തന്നെ ചില പാപങ്ങൾ കടന്നുകൂടി. പ്രവൃത്തിയിലല്ല, വാക്കിലല്ല, എന്നാൽ ചിന്താഗതിയിൽ. പണക്കാരനാകണം, ആളുകളുടെ ബഹുമതി വേണം, ജനങ്ങളുടെ അംഗീകാരം വേണം, ആളുകളുടെ മുമ്പിൽ പ്രസിദ്ധനാകണം. അറിയപ്പെടുന്ന സുവിശേഷകനാകണം. എല്ലാ രംഗത്തും അറിയപ്പെടണം. എല്ലാരംഗത്തും, ഔദ്യോഗിക രംഗത്തും എല്ലാം ശ്രദ്ധേയനാകണം. എന്റെ ലക്ഷ്യം തെറ്റിയതു ഞാൻ അറിഞ്ഞില്ലായിരുന്നു.

അറിയാതെ പണത്തിലേക്ക് തിരിഞ്ഞിരുന്നു. അറിയാതെ ലോക പ്രതാപത്തിലേക്ക് തിരിഞ്ഞിരുന്നു. അറിയാതെ ലോക മനുഷ്യരുടെ ബഹുമതിക്കുവേണ്ടി ആഗ്രഹിച്ചിരുന്നു. പ്രക ടമായ പാപത്തിലേക്കു പോകാൻ ഭാഗ്യവശാൽ കർത്താവു അനുവദിച്ചില്ല. എന്നാൽ ഹൃദയത്തിൽ പാപം വന്നു. ചില രോടു നീരസം, ചിലരോടു കൈപ്പ്, ചിലരോടു വിദ്വേഷം ചിലരോടു മുൻവിധി, ചിലരോടു മുഖപക്ഷം. എന്നെ സ്നേഹിക്കുന്നവരോടു സ്നേഹം, എന്നെ വെറുക്കുന്നവ രോടു പക.

എന്നാൽ മുപ്പത്തിയാറാമത്തെ വയസ്സിൽ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സ്നേഹം എന്നെ ഉണർത്തി. പരിശുദ്ധാത്മാ വിന്റെ കൃപ എന്റെ മേൽ വന്നു. എനിക്കു ആഴത്തിൽ കുറ്റബോധം തന്നു. നിരപ്പാകേണ്ടിടത്തു പോയി നിരപ്പാ കാൻ കർത്താവു ഭാഗ്യം തന്നു. മാപ്പു ചോദിക്കേണ്ടിടത്തു പോയി മാപ്പു ചോദിക്കാൻ കർത്താവു കൃപ തന്നു. കൊടുത്തു തീർക്കേണ്ടതു കൊടുത്തു തീർക്കാൻ കർത്താവു ഭാഗ്യം തന്നു. ലജ്ജാകരമായ കാര്യങ്ങൾ, ഞാൻ നിങ്ങളോടു തുറന്നു പറയട്ടെ.

പണ്ട് സ്കൂളിൽ ഞാൻ ജോലി ചെയ്തിരുന്നു. വടവു കോടു സ്കൂളിൽ ഞാൻ ജോലി ചെയ്തിരുന്നു. അന്ന് സ്കൂൾ ലൈബ്രറിയിൽ നിന്ന് മൂന്ന് പുസ്തകങ്ങൾ, എടു ത്തിരുന്നു. ഒൻപതു കൊല്ലത്തെ ജോലിക്കു ശേഷം 1964 ൽ കോളേജിൽ ജോലി കിട്ടി. 1973 ൽ ഞാൻ വിശുദ്ധീക രണം അനുഭവിപ്പാൻ തുടങ്ങിയപ്പോൾ ആ പുസ്തകങ്ങളു മായി സ്കൂളിലേക്കു മടങ്ങി ചെന്നു. ഞാൻ അവിടത്തെ ഹെഡ്മാസ്റ്ററെ കണ്ടു. ഞാൻ മാപ്പു ചോദിച്ചു. പുസ്തക ങ്ങൾ തിരികെ കൊടുത്തു. സ്വർഗ്ഗത്തിലെ ദൈവം എനിക്കു

കഴുകൽ തന്നു.

പോരാ, എനിക്കു പിന്നെ ദൈവം ആത്മാവിന്റെ കൃപകൾ തരാൻ തുടങ്ങി, കൃപാവരങ്ങൾ പെരുകുവാൻ തുടങ്ങി, അനുഗൃഹീത ശുശ്രൂഷകൾ കർത്താവു ഭരമേല്പിച്ചു. ഞാൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

നിങ്ങൾ ആരെല്ലാം ഇപ്പോൾ ഒരു പുതിയ വിശുദ്ധീകരണത്തിനു വേണ്ടി കൊതിക്കും? പുതിയ മീനുകളെ യേശുവിന്റെ പാദത്തിലേക്കു കൊണ്ടുവരാം. പുതിയ തീരുമാനം എടുക്കാം.

നാഥാ, ഞാൻ ഇതാ, എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. പുതിയ വിശുദ്ധീകരണത്തിന്നു, പുതിയ പ്രതിഷ്ഠയ്ക്ക് ഞാൻ എന്നെത്തന്നെ തരുന്നു. നിന്റെ ആണിപ്പാടുള്ള പാദത്തിൽ എന്നെത്തന്നെ സമർപ്പിക്കുന്നു.

സമർപ്പിക്കുവിൻ, വാക്കു പറയുവിൻ, യേശുവിന്റെ വിശുദ്ധനാകുവിൻ. പരിശുദ്ധാത്മാവിന്റെ നൽവരം പ്രാപിപ്പിൻ. ആത്മാവിന്റെ അഭിഷേകം പ്രാപിപ്പിൻ. സ്വർഗ്ഗത്തിന്റെ തീ പ്രാപിപ്പിൻ. ദൈവകരങ്ങളിലേക്ക് ഏല്പിക്കുവിൻ.

## പന്ത്രണ്ട്

"യേശു അവരോടു : വന്നു പ്രാതൽ കഴിച്ചു കൊൾവിൻ എന്നു പറഞ്ഞു." യോഹ 21 : 12

എന്തൊരു വാത്സല്യം! വിട്ടുപോയവർക്കു പ്രാതൽ ഒരുക്കുന്ന സ്നേഹം, വിട്ടുപോയവർക്കു കൃപ നൽകുന്ന സ്നേഹം, പിന്മാറിപ്പോയവരെ ക്ഷണിച്ചു അവർക്കു പുഷ്ട ഭോജനം നൽകുന്ന സ്നേഹം.

"വന്നു പ്രാതൽ കഴിച്ചുകൊൾവിൻ."

എന്തു മനോഹരമായ വാക്യം. തിരുവചനം വായിക്കുമ്പോൾ നാം ചില വാക്കുകൾ പ്രത്യേകിച്ചു കാണുന്നുണ്ട്.

| | | |
|---|---|---|
| Come and See | - | വന്നു കാൺമിൻ |
| Come and rest | - | വന്നു വിശ്രമിപ്പിൻ, വന്ന് ആശ്വാസം പ്രാപിപ്പിൻ |

Come and Learn - വന്നു പഠിപ്പിൻ

Come and Drink - വന്നു കുടിപ്പിൻ

Come and Dine - വന്നു പ്രാതൽ കഴിപ്പിൻ.
വന്നു ഭക്ഷണം കഴിപ്പിൻ.

Come and rest - വന്നു വിശ്രമിപ്പിൻ

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."
മത്താ 11 : 28

Come and Learn - വന്നു പഠിപ്പിൻ

"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും."
മത്താ 11 : 29

Come and Drink - വന്നു കുടിപ്പിൻ

"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു." യോഹ 7 : 37 - 38

Come and dine - വന്നു ഭക്ഷണം കഴിപ്പിൻ

ദാഹിക്കുന്നവനെല്ലാം എന്റെ അടുത്ത് വന്നു കുടിക്കട്ടെ.

ഇവിടെ ഇതാ, വന്നു പ്രാതൽ കഴിച്ചു കൊൾവിൻ, വന്നു പുഷ്ടഭോജനം കഴിച്ചുകൊൾവിൻ.

ക്രിസ്തു ക്ഷണിക്കുന്നവനാണ്, അകന്നു പോയവരെ അടുപ്പിക്കുന്ന ക്രിസ്തു. വിട്ടുപോയവരെ ചേർത്തണയ്ക്കുന്ന ക്രിസ്തു. പിന്മാറിപ്പോയവരെ തിരികെ വരുത്തുന്ന ക്രിസ്തു.

അപ്പന്റെ ഭവനം വിട്ട്, അപ്പന്റെ വയലുവിട്ട്, അപ്പന്റെ സാന്നിദ്ധ്യം വിട്ട്, അപ്പന്റെ സ്നേഹം വിട്ട് ദൂരെപ്പോയ മകൻ മടങ്ങിവരാൻ കൊതിയ്ക്കുന്ന അപ്പൻ. അതാണ് ധൂർത്തപുത്രന്റെ ഉപമയിൽ, ലൂക്കോസ് 15 ൽ നാം കാണുന്നത്. മകൻ മടങ്ങി വരാൻ ദാഹത്തോടും പ്രതീക്ഷയോടും കൂടി കാത്തു നിൽക്കുന്ന അപ്പൻ.

> "വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങി വരിക, വിശ്വാസ പാതകിയായ യഹൂദയെ മടങ്ങി വരിക, നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക എന്ന് യിരെമ്യാ പ്രവാചകൻ പറയുന്നു. മടങ്ങി വരാനുള്ള ആഹ്വാനം. ജീവനുള്ള ദൈവം ദൈവജനത്തെ വിളിക്കുകയാണ്. യിസ്രായേൽ ജാതിയെ വിളിക്കുകയാണ്. യിസ്രായേൽ ജനത്തെ വിളിക്കുകയാണ്, മടങ്ങി വരുവിൻ." യിരെ. 3 : 12, 14 - 22

നിന്റെ ദൈവമായ യഹോവയോടു നീ ദ്രോഹം ചെയ്തു. പച്ചമരത്തിൻ കീഴിലൊക്കെയും അന്യന്മാരോടു ദുർമ്മാർഗ്ഗമായി നടന്നതും എന്റെ വാക്കു കേട്ടനുസരിക്കാതെ ഇരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക എന്നു യഹോവയുടെ അരുളപ്പാടു. വിശ്വാസ ത്യാഗികളായ മക്കളേ, മടങ്ങി വരുവിൻ എന്നു യഹോയുടെ അരുളപ്പാടു, ഞാനല്ലോ നിങ്ങളുടെ ഭർത്താവു, ഞാൻ നിങ്ങളെ പട്ടണത്തിൽ ഒരുത്തനെയും വംശത്തിൽ രണ്ടുപേരെയും വീതം എടുത്തു സീയോനിലേക്കു കൊണ്ടു വരും. ഞാൻ നിങ്ങൾക്കു എന്റെ മനസ്സിന്നൊത്ത ഇടന്മാരെ നൽകും, അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടെ മേയിക്കും.” യിരെ 3 : 13 – 15

“And I will give you leader's after my own heart, who will guide you with wisdom and under standing” - L.B.

“And I will give you pastors according to mine heart, which shall feed you with knowledge and understanding” - K.J.V.

മടങ്ങി വരുവിൻ, വന്നു പ്രാതൽ കഴിച്ചുകൊൾവിൻ.

ഒന്ന് : വന്നു കാൺമിൻ, വന്നാൽ നിങ്ങൾക്കു അത്ഭുതങ്ങൾ കാണാം. നിങ്ങൾക്ക് അതിശയങ്ങൾ കാണാം, കാണേണ്ടവനെ കാണാം. ഇതുവരെ കണ്ടിട്ടില്ലാത്തവനെ കാണാം. ഇതുവരെ കണ്ടിട്ടില്ലാത്ത ആത്മീയ രഹസ്യങ്ങൾ കാണാം. ഇതുവരെ കണ്ടിട്ടില്ലാത്ത ആത്മാവിന്റെ മർമ്മ

ങ്ങൾ കാണാം. വന്നു കാൺമിൻ, വരിക, കാണുക.

രണ്ട് : "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും." വന്ന് ആശ്വാസം പ്രാപിപ്പിൻ. അദ്ധ്വാനിക്കുന്നുണ്ട്, നിങ്ങൾ ഭാരം ചുമന്നു വലയുന്നുണ്ട്, നിങ്ങൾ വരുവിൻ ആശ്വാസം പ്രാപിപ്പിൻ. വിശ്രമം പ്രാപിപ്പിൻ.

വരുവിൻ ആശ്വാസം പ്രാപിപ്പിൻ "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും." വന്നു പഠിപ്പിൻ. സൗമ്യതയുള്ളവന്റെ അരികത്തു വന്നു പഠിപ്പിൻ. താഴ്മയും സൗമ്യതയും പഠിക്കണം. എളിമ പഠിക്കണം, ലാളിത്യം പഠിക്കണം. അവനെ നോക്കി പഠിക്കണം.

> "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുവിൻ"
>
> എബ്രാ. 12 : 2

അവനെ നോക്കി പഠിക്കൂ. വന്നു പഠിപ്പിൻ. നോക്കി പഠിക്കാൻ പറ്റിയ ഏറ്റവും നല്ല ഗുരുനാഥനാണ് ക്രിസ്തു.

വന്നു കുടിപ്പിൻ, ദാഹിക്കുന്ന ഏവരും വന്നു കുടിക്കട്ടെ.

> "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ടു : ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്ക

> ട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നത് പോലെ ജീവ ജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു." യോഹ 7 : 37 - 38

വന്നു കുടിക്കട്ടെ. ഇന്നു പലതും കുടിച്ചിട്ടും ദാഹം മാറുന്നില്ല. മദ്യം കുടിച്ചിട്ടു മതിവരുന്നില്ല. വേശ്യാവൃത്തി കുടിച്ചിട്ടു മതിവരുന്നില്ല. വെറിക്കൂത്തു കുടിച്ചിട്ടു മതി വരുന്നില്ല, കഞ്ചാവു കുടിച്ചിട്ടു മതിവരുന്നില്ല. ലഹരി മരുന്നു കുടിച്ചിട്ടു മതിവരുന്നില്ല. പാൻപരാഗും, ഹാൻസും, മരീജു വാനയും, ചരസ്സും കുടിച്ചിട്ടു മതിവരുന്നില്ല.

ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടി ക്കട്ടെ. ദാഹം മാറും. പുതിയ ദാഹം തുടങ്ങും. യേശു വിനു വേണ്ടിയുള്ള ദാഹം. ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം. അനേകരെ വീണ്ടെടുക്കാനുള്ള ദാഹം തുടങ്ങും. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്ക ട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരു വെഴുത്തു പറയുന്നത്പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു യേശു വിളിച്ചു പറഞ്ഞു.

> "യേശു അവരോട് : വന്നു പ്രാതൽ കഴിച്ചു കൊൾവിൻ എന്നു പറഞ്ഞു." യോഹ 21 : 12

ഇന്നു ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ യേശുവിന്റെ പാദപീഠത്തിലേക്കു വന്നു പുഷ്ട ഭോജനം കഴിക്കണം. ആത്മാവിന്റെ ഭക്ഷണം തിരുവചനം ആണ്. ആത്മാവിന്റെ ഭക്ഷണം വചനം എന്ന മായമി ല്ലാത്ത പാൽ ആണ്. ആത്മാവിന്റെ ഭക്ഷണം സ്വർഗ്ഗീയ

മന്നയാകുന്ന തിരുവചനം ആണ്.

> “രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.”
> 1 പത്രോസ് 2 : 2 -3

ഈ വിശുദ്ധ വചനത്തെ Dilute ചെയ്യരുത്; നേർപ്പിച്ചു കളയരുത്; വിശുദ്ധ വചനത്തിന്റെ ഗൗരവം കുറച്ചു കളയരുത്. കേൾവിക്കഥകൾ പറഞ്ഞും തമാശകൾ പറഞ്ഞും ആളുകളെ പൊട്ടിച്ചിരിപ്പിച്ചും സുവിശേഷ പ്രസംഗങ്ങൾ ചെയ്യരുത്. ദൈവവേല ഘനഗാംഭീര്യത്തോടെ ചെയ്യുവിൻ. വിശുദ്ധിയോടെ ചെയ്യുവിൻ. ലക്ഷ്യബോധത്തോടെ ചെയ്യുവിൻ. സംശുദ്ധമായ ലാക്കോടെ ചെയ്യുവിൻ. ആത്മാക്കളെ വീണ്ടെടുക്കുവാൻ വേണ്ടി ക്രിസ്തുവിന്റെ ഭാവത്തോടെ ചെയ്യുവിൻ. ക്രിസ്തുവിന്റെ രാജ്യത്തിലേക്കു ജനങ്ങൾ വന്നു നിറയുവാനും, സ്വർഗ്ഗരാജ്യം നിറയുവാനും നരകം ശൂന്യമാകുവാനുമായി ദൈവവേല ചെയ്യുവിൻ.

വന്നു പ്രാതൽ കഴിച്ചുകൊൾവിൻ, സ്വർഗ്ഗീയ ഭോജനം, ആത്മാവിന്റെ ഭക്ഷണം, ദൈവരാജ്യം ഭക്ഷണവും, പാനീയവും അല്ല. അപ്പൊ. പൗലോസ് അങ്ങനെയാണ് പറഞ്ഞത് :

> “ദൈവരാജ്യം ഭക്ഷണവും, പാനീയവും അല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ.” റോമ 14 : 17

ആ ദൈവരാജ്യം, ആ ഭക്ഷണം ഏതാണ്? നിത്യഭക്ഷണം, സ്വർഗ്ഗീയ രാജ്യം, സ്വർഗ്ഗരാജ്യത്തിനുവേണ്ടിയുള്ള നേട്ടം അതു നാം കൈമുതലാക്കുക.

"അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിന്നുള്ള വിശപ്പു തന്നേ ഞാൻ ദേശത്തേക്കു അയക്കുന്ന നാളുകൾ വരുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."
ആമോ. 8 : 11

അപ്പത്തിനായുള്ള വിശപ്പല്ല, ദൈവത്തിന്റെ വചനത്തിനുവേണ്ടിയുള്ള വിശപ്പ്. വെള്ളത്തിനുവേണ്ടി ഉള്ള ദാഹമല്ല ദൈവത്തിന്റെ വചനത്തിനുവേണ്ടിയുള്ള ദാഹം. നമുക്ക് തീരുമാനിക്കാം. കർത്താവേ, നീ എനിക്കുവേണ്ടി വിളമ്പിത്തരുന്ന സ്വർഗ്ഗീയ ഭോജനം ഞാൻ ഭക്ഷിക്കും. തിരുവചനം ഞാൻ വായിക്കും. തിരുവചനം ഞാൻ ധ്യാനിക്കും. തിരുവചനം ഞാൻ പഠിക്കും. തിരുവചനം ഞാൻ സാക്ഷിക്കും. തിരുവചനം ഞാൻ ഘോഷിക്കും. കർത്താവേ, നാഥാ, അനേക ആത്മാക്കളെ നിനക്കു വേണ്ടി ഞാൻ നേടും. നമുക്കു സമർപ്പിക്കാം, നമുക്കു തീരുമാനിക്കാം. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നമ്മെത്തന്നെ ഏല്പിക്കാം.

# പതിമൂന്ന്

"അവർ കഫർന്നഹൂമിൽ എത്തിയാറെ ദ്വിദ്ര ഹ്മപ്പണം വാങ്ങുന്നവർ പത്രോസിന്റെ അടുക്കൽ വന്നു : നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന്നു : ഉവ്വു എന്നു അവൻ പറഞ്ഞു. അവൻ വീട്ടിൽ വന്നപ്പോൾ യേശു അവനോടു, ശിമോനെ, നിനക്കു എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടോ അന്യരോടോ എന്നു മുന്നിട്ടു ചോദിച്ചതിന്നു : അന്യരോടു എന്നു അവൻ പറഞ്ഞു. യേശു അവനോടു : എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ. എങ്കിലും നാം അവർക്കു ഇടർച്ച വരുത്താതിരിക്കേണ്ടതിന്നു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക, അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചുതുർദ്രഹ്മപ്പണം കാണും, അതു എടുത്തു എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു." മത്തായി 17 : 24 - 27

യേശുക്രിസ്തു ചെയ്ത ഒരു അത്ഭുതപ്രവൃത്തിയാണ് ഇവിടെ സുവിശേഷകനായ വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായി ഒരു ചുങ്കക്കാരനായിരുന്നു. ചുങ്കം പിരിക്കുന്ന ലേവിയായിരുന്നു വി. മത്തായി. ചുങ്കം പിരിച്ചുകൊണ്ടിരുന്ന ലേവി എല്ലാം വിട്ടു ക്രിസ്തുവിന്റെ പിന്നാലെ പുറപ്പെട്ടു ക്രിസ്തുവിന്റെ ശിഷ്യനായി തീർന്നു. ആ മത്തായി ചുങ്കത്തോട്, കരത്തോട്, ബന്ധപ്പെട്ട ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുകയാണ്. ഈ സംഭവം മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ നാം കാണുന്നുള്ളൂ.

മറ്റു ഓരോ അത്ഭുതങ്ങളിലും യേശുക്രിസ്തു ചെയ്ത അത്ഭുത പ്രവൃത്തികൾ ഓരോന്നും മറ്റുള്ളവർക്കു വേണ്ടിയാണ് തനിക്കുവേണ്ടിയല്ല. എന്നാൽ ഈ അത്ഭുതപ്രവൃത്തി തന്റെ സ്വന്തം കാര്യത്തിനു വേണ്ടിയും കൂടിയാണ്. പക്ഷേ അവിടെ നാം കാണുന്നുണ്ട്. “നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന്നു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക.”

കരം കൊടുക്കാൻ വാസ്തവത്തിൽ സങ്കേതികമായി പറഞ്ഞാൽ ക്രിസ്തു കടപ്പെട്ടവനല്ല. രാജാവിനു കരം കൊടുക്കുന്നതു രാജാവിന്റെ മക്കൾ അല്ലല്ലോ. പ്രജകളല്ലേ. ക്രിസ്തു രാജപുത്രനാണ്. ക്രിസ്തു രാജാധിരാജനാണ്. കരം കൊടുക്കേണ്ട ആവശ്യം ഇല്ല. പക്ഷേ അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന്നു നാം കരം കൊടുക്ക എന്നാണ് ക്രിസ്തു പറയുന്നത്. തനിക്കുവേണ്ടിത്തന്നെ ഒരു അത്ഭുതവും ചെയ്യാത്ത ക്രിസ്തു. ഈ കാര്യത്തിൽ തനിക്കു വേണ്ടിത്തന്നെയാണ് ഈ അത്ഭുതം പ്രവർത്തിച്ചത്.

മറ്റൊരു പ്രത്യേകത ഈ അത്ഭുത പ്രവൃത്തി ക്രിസ്തു

പൈസ ഉപയോഗിച്ചു ചെയ്യുന്ന അത്ഭുത പ്രവൃത്തിയാണ്. മറ്റൊരിടത്തും പൈസ ഉപയോഗിച്ചു ഒരു അത്ഭുത പ്രവൃത്തി ചെയ്തില്ല.

യേശുക്രിസ്തു പറഞ്ഞു : രണ്ടു ദ്രഹ്മപ്പണം കൊടുക്കുവാൻ പത്രോസ് കടലിൽ ചെന്ന് ചൂണ്ടൽ ഇടുവാൻ പറഞ്ഞു. കടലിൽ ചെന്ന് ചൂണ്ടൽ ഇട്ടു മീനിനെ പിടിച്ചു. മീനിന്റെ വായ് തുറന്നു നോക്കുമ്പോൾ അതിൽ നാലുദ്രഹ്മപ്പണം ചതുർദ്രഹ്മപ്പണത്തിന്റെ നാണയം കാണാം. അതിൽ രണ്ടു ദ്രഹ്മപ്പണം നിനക്കും രണ്ടുദ്രഹ്മപ്പണം എനിക്കും വേണ്ടി കൊടുക്ക.

മറ്റൊരു പ്രത്യേകത ഈ സംഭവത്തിൽ മാത്രമാണ് ഒരു മീനിനെ മാത്രം ഉപയോഗിച്ചുള്ള അത്ഭുത പ്രവൃത്തി. പത്രോസ് തന്നെ വലിയ പെരുത്ത മീൻകൂട്ടം പിടിച്ചതു, ലൂക്കോസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ പത്രോസ് തിബെര്യാസ് കടലിൽ നൂറ്റിയൻപത്തിമൂന്നു വലിയ മത്സ്യങ്ങളെ പിടിക്കുന്നതു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒറ്റക്കൊരു മീനിനെക്കൊണ്ടുള്ള അത്ഭുത പ്രവൃത്തി ഈ ഒരു സംഭവം മാത്രമാണ്.

മർക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിന്റെ ഇരുപത്തിയൊൻപതു മുതൽ മുപ്പത്തിനാലുവരെയുള്ള വാക്യങ്ങളിൽ പത്രോസിന്റെ അമ്മാവിയമ്മയ്ക്ക് ജ്വരം പിടിച്ചു കിടന്നപ്പോൾ കർത്താവ് ചെന്ന് സൗഖ്യമാക്കിയ കാര്യം പറയുന്നു.

ലൂക്കൊസ് അഞ്ചിന്റെ 1 - 11 വരെയുള്ള വാക്യങ്ങളിൽ

വലിയ മീൻ പിടിത്തത്തിന്നു പത്രോസിനു കർത്താവു നിയോഗം നൽകുന്നതു കാണുന്നു.

മത്തായിയുടെ സുവിശേഷം പതിനാലാം അദ്ധ്യായം 22 – 33 വരെ വാക്യങ്ങളിൽ വെള്ളത്തിൻമീതെ നടക്കുവാൻ പത്രോസിനെ കർത്താവു ധൈര്യപ്പെടുത്തുന്നതു കാണുന്നു.

മത്തായിയുടെ സുവിശേഷം ഇരുപത്തിയാറാം അദ്ധ്യായം 47 – 56 വരെയുള്ള വാക്യങ്ങളിൽ മഹാപുരോഹിതന്റെ ദാസനായ മല്കൊസിന്റെ കാതു സൗഖ്യമാക്കുന്നതു, പത്രോസ് വരുത്തി വച്ച മുറിവ് കർത്താവ് ഉണക്കുന്നതായി കാണുന്നു.

അപ്പൊ. പ്രവൃത്തി പന്ത്രണ്ടാം അദ്ധ്യായം ഒന്നു മുതൽ ഉള്ള വാക്യങ്ങളിൽ പത്രോസിനെ നമ്മുടെ കർത്താവു കാരാഗൃഹത്തിൽ നിന്നു വിടുവിക്കുന്നതായി കാണുന്നു.

ഈ സംഭവങ്ങളിലെല്ലാം പത്രോസിനുവേണ്ടി പ്രത്യേകിച്ചു അത്ഭുത പ്രവൃത്തി ചെയ്യുന്നതായി നാം വായിക്കുകയാണ്. അതുകൊണ്ടാണ് പത്രോസ് പറഞ്ഞത്.

> “അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ” എന്ന്. 1 പത്രോസ് 5 : 7

മത്തായിയുടെ സുവിശേഷം പതിനേഴാം അദ്ധ്യായം 27-ാം വാക്യത്തിൽ – “നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക. അതിന്റെ വായ്

തുറക്കുമ്പോൾ ഒരു ചുതുർദ്രഹ്മപ്പണം കാണും, അതു എടുത്തു എനിക്കും നിനക്കും വേണ്ടി കൊടുക്ക” എന്നു കർത്താവ് പറയുകയാണ്. “കൊടുക്ക” എന്നേ പറഞ്ഞുള്ളൂ കൊടുത്തു എന്ന സംഭവം രേഖപ്പെടുത്തിയിട്ടില്ല. ഈ സംഭവത്തിന്റെ മറ്റൊരു പ്രത്യേകതയാണ് അത്.

രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നമ്മുടെ വിശ്വാസത്തിന്നു അക്കാര്യം നമ്മുടെ കർത്താവു വിട്ടിരിക്കുകയാണ്. കർത്താവു രേഖപ്പെടുത്തിയിട്ടില്ല, പക്ഷേ ആ അത്ഭുതം നടന്നു എന്നു നമുക്കു വിശ്വസിക്കാൻ സാധിക്കുന്നു. അതു നടക്കുന്ന കാര്യമാണ് എന്ന് ഇതിനു മുമ്പുള്ള അനേകം അനുഭവങ്ങളുടെ വെളിച്ചത്തിൽ പത്രോസിന് അറിയാം, ശിഷ്യന്മാർക്ക് അറിയാം, കേൾവിക്കാർക്ക് അറിയാം.

ക്രിസ്തു അത്ഭുതങ്ങളുടെ ദൈവമാണ്. സ്നേഹിതരേ, നമ്മുടെ കരുണയുള്ള കർത്താവു ഒരു വാക്കുപറഞ്ഞാൽ അതു അങ്ങനെതന്നേ സംഭവിക്കും. രാജാക്കന്മാരുടെ ഒന്നാമത്തെ പുസ്തകം എട്ടാം അദ്ധ്യായം അൻപത്തിയാറാം വാക്യം അക്കാര്യം വ്യക്തമായി പറയുന്നതാണ്.

> “താൻ വാഗ്ദാനം ചെയ്തതുപോലെ ഒക്കെയും തന്റെ ജനമായ യിസ്രായേലിനു സ്വസ്ഥത നൽകിയിരിക്കുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ, അവൻ തന്റെ ദാസനായ മോശമുഖാന്തരം അരുളിച്ചെയ്ത അവന്റെ നല്ല വാഗ്ദാനങ്ങളെല്ലാറ്റിലും വെച്ചു ഒന്നെങ്കിലും നിഷ്ഫലമായിട്ടില്ലല്ലോ.” 1 രാജാ 8 : 56

ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിഷ്ഫലമാവുകയില്ല. ഉറ

പ്പേറിയ നിർണ്ണയമാണു, ദൈവത്തിന്റെ തിരുവചനം തന്നേ സാക്ഷിക്കുന്നത്. ക്രിസ്തു അരുളിച്ചെയ്തു, അതു അപ്രകാരം സംഭവിക്കുക തന്നെ ചെയ്യും. ക്രിസ്തുവിന്റെ വചനം അത്ഭുതങ്ങൾ നിവർത്തിക്കുന്നു. ഇന്ന് ഈ വചനം നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് പ്രാർത്ഥിക്കാം.

കർത്താവേ, എനിക്കുണ്ടു ആവശ്യങ്ങൾ, എനിക്കുണ്ട് ഭാരങ്ങൾ എനിക്കു പൈസയ്ക്ക് ഞെരുക്കമുണ്ട്. എനിക്കു കടത്തിന്റെ ആവലാതിയുണ്ട്. ഉടയവനെ ഞാൻ ഹൃദയത്തിൽ വലയുന്നുണ്ട്. പല തരത്തിലുള്ളതായ അന്തസംഘർഷങ്ങൾ എന്നെ വലയം ചെയ്യുന്നുണ്ട്. ഉടയവനേ, നീ എന്നോടു മനസ്സലിയണമേ, എന്റെ ആവശ്യഭാരങ്ങളിൽ നീ എനിക്ക് തണലും തുണയുമായി നിൽക്കണമെ, എന്നെ അനുഗ്രഹിക്കണമേ.

വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ക്രിസ്തു നിങ്ങൾക്കു വേണ്ടി അത്ഭുതം പ്രവർത്തിക്കും. പത്രോസിനെ സഹായിച്ച ക്രിസ്തു, മീനിന്റെ വായിൽ നിന്ന് ഈ ചതുർദ്രഹ്മപ്പണം എടുക്കുവാൻ വഴി ഒരുക്കിയ ക്രിസ്തു, അത്ഭുതം നിവർത്തിക്കുന്നവനാണ്. അതിശയം പ്രവർത്തിപ്പാൻ നിങ്ങൾ പ്രാർത്ഥിപ്പിൻ. നിങ്ങളുടെ ജീവിതത്തിൽ അത്ഭുതം നടക്കട്ടെ. നന്മയ്ക്കായി ഒരു അടയാളം നിങ്ങൾക്ക് ലഭിക്കട്ടെ. ക്രിസ്തുവിന്റെ കരം നിങ്ങളെ തലോടട്ടെ. ക്രിസ്തുവിന്റെ കരം നിങ്ങളെ ആശ്വസിപ്പിക്കട്ടെ. ശോഭനമായ ഭാവിയിലേക്ക് കുതിച്ചെത്തുവാനുള്ള ഭാഗ്യം നിങ്ങൾക്ക് നൽകട്ടെ. അതിനുവേണ്ടി നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ.

## പതിനാല്

"അവർ കഫർന്നഹൂമിൽ എത്തിയാറെ ദ്വിദ്ര ഹ്മപ്പണം വാങ്ങുന്നവർ പത്രോസിന്റെ അടുക്കൽ വന്നു : നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന്നു : ഉവ്വു എന്നു അവൻ പറഞ്ഞു..... നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക, അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചുതുർദ്രഹ്മപ്പണം കാണും, അതു എടുത്തു എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു." മത്തായി. 17 : 24 – 27

കർത്താവായ യേശുക്രിസ്തു കരം കൊടുക്കാൻ ചുമതലപ്പെട്ടതായ കാര്യം ഇവിടെ നിവർത്തിക്കുന്നതായിട്ടാണ് നാം കാണുന്നത്. പുറപ്പാടു പുസ്തകം മുപ്പതാം അദ്ധ്യായം പതിമൂന്നു മുതൽ പതിനാറു വരെ വാക്യങ്ങളിൽ നാം കാണുന്നത്, കരം കൊടുക്കുന്നത് പഴയ നിയമകാലം മുതലേ ഉള്ള നിബന്ധനയാണെന്നാണ്.

"എണ്ണപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഏവനും വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം അര ശേക്കൽ കൊടുക്കേണം. ശേക്കെൽ എന്നതു ഇരുപതു ഗേരാ. ആ അര ശേക്കെൽ യഹോവെക്കു വഴിപാടു ആയിരിക്കേണം. എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഇരുപതു വയസ്സും അതിന്നു മീതെയുമുള്ളവനെല്ലാം യഹോവെക്കു വഴിപാടു കൊടുക്കേണം. നിങ്ങളുടെ ജീവന്നു വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ നിങ്ങൾ യഹോവെക്കു വഴിപാടു കൊടുക്കുമ്പോൾ ധനവാൻ അര ശേക്കെലിൽ അധികം കൊടുക്കരുത്, ദരിദ്രൻ കുറച്ചു കൊടുക്കയും അരുത്. ഈ പ്രായശ്ചിത്ത ദ്രവ്യം നീ യിസ്രായേൽ മക്കളോടു വാങ്ങി സമാഗമന കൂടാരത്തിന്റെ ശുശ്രൂഷെക്കായി കൊടുക്കേണം. നിങ്ങളുടെ ജീവന്നു വേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിന്നു അതു യഹോവയുടെ മുമ്പാകെ യിസ്രായേൽ മക്കൾക്കു വേണ്ടി ഒരു ജ്ഞാപകമായിരിക്കേണം."

പുറ. 30 : 13 - 16

നിത്യനായ ദൈവത്തിന്റെ ന്യായപ്രമാണ കല്പനയിൽ പെട്ടതാണ് യഹോവയുടെ ആലയത്തിലേക്ക് കൃത്യമായി അര ശേക്കെൽ വഴിപാട് നൽകേണം എന്നത്. കരം കൊടുക്കുവാൻ യേശുവിന് തന്റെ കൈയിൽ രൂപയില്ല. പത്രോസിന്റെ കൈയിൽ രൂപയില്ല. എന്നാൽ യേശുക്രിസ്തു ഒരു അത്ഭുതം പ്രവർത്തിക്കുകയാണ്. എന്താണ് അത്ഭുതം?

കർത്താവു പറയുന്നു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇടുക. മീനിനെ കിട്ടും, ആ മീനിന്റെ വായിൽ കരം

കൊടുക്കുവാൻ ഉള്ള നാണയം ഉണ്ടായിരിക്കും. നാലുദ്ര ഹ്മപ്പണം അതിൽ ഉണ്ടായിരിക്കും. രണ്ടു ദ്രഹ്മപ്പണം എനിക്കും രണ്ടു ദ്രഹ്മപ്പണം നിനക്കും വേണ്ടി കൊടുക്ക, ചതുർദ്രഹ്മപ്പണം കിട്ടും, രണ്ടു നിനക്കും രണ്ടു എനിക്കും വേണ്ടി കൊടുക്ക.

യേശുക്രിസ്തു ഇതു പറയുമ്പോൾ കേൾക്കുന്ന പത്രോസിനും മറ്റുള്ളവർക്കും തോന്നാം, പത്രോസ് ചൂണ്ടൽ ഇട്ടു മീൻ പിടിക്കുന്നതായി തിരുവചനത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. വലവീശി മീൻ പിടിക്കുന്നവനാണ് എന്നു പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടായിരിക്കാം ചൂണ്ടൽ ഇടുവാൻ പറഞ്ഞത്? ഒരു പ്രത്യേക മീൻ, ആ മീനിന്റെ വായിൽ ചതുർദ്രഹ്മപ്പണം ഉണ്ട്. വലവീശി മീൻപിടിച്ചാൽ അതിൽ ഏതു മീനാണെന്ന് അറിയാൻ വയ്യാതാകും. അതുകൊണ്ടാണ് കർത്താവു ചൂണ്ടൽ ഇടുവാൻ പറഞ്ഞത്.

കർത്താവു പറഞ്ഞു. പത്രോസ് അത് അനുസരിച്ചു. ഞാൻ ചൂണ്ടൽ ഇട്ടു മീൻ പിടിക്കാറില്ലല്ലോ, വലവീശിയല്ലേ പിടിക്കാറ്, ചോദ്യമില്ല, സംശയമില്ല. ചിന്താക്കുഴപ്പം ഇല്ല. ക്രിസ്തു പറഞ്ഞു, അതു അപ്പാടെ പത്രോസ് അനുസരിച്ചു. ചൂണ്ടൽ ഇട്ടു, നോക്കു അത്ഭുതം, ഒരു ചെറിയ കാര്യം മാത്രമല്ല അവിടെ നടന്നത്.

ആരോ ഒരാൾ കടലിലേക്ക് ചതുർദ്രഹ്മപ്പണം ഇട്ടിട്ടുണ്ട്. അതു ഏതോ ഒരു മീൻ വിഴുങ്ങിയിട്ടുണ്ട്. ആ മീൻ തന്നെ പത്രോസിന്റെ ചൂണ്ടയിൽ കൊത്തുന്നുണ്ട്. ആ മീൻ അതു വായിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. അതു മീനിന്റെ വയറ്റിലേക്ക് പോയിട്ടില്ല. ഇതെല്ലാം അവിചാരിതമോ ആകസ്മികമോ യാദൃച്ഛികമോ ആയി തോന്നാം.

എന്നാൽ ക്രിസ്തുവിന് ഒന്നും യാദൃച്ഛികമല്ല.

ചൂണ്ടൽ ഇടുമ്പോൾ ആ ചതുർദ്രഹ്മപ്പണം വായിൽ ഉള്ള മീൻ തന്നെ ആ ചൂണ്ടലിൽ കൊത്തുവാൻ ഇടയായതു പ്രകൃതിയുടെ മേൽ അധികാരമുള്ള ദൈവപുത്രന്റെ അത്ഭുത ശക്തിയാണ്. ആദാം പാപം ചെയ്തപ്പോൾ സകല ജീവജാലങ്ങളേയും അടക്കിവാഴുവാനുള്ള അധികാരമാണ് മനുഷ്യന് നഷ്ടപ്പെട്ടത്.

പാപം ചെയ്തപ്പോൾ ശാപം വന്നു. എല്ലാറ്റിനേയും അടക്കി വാഴുക എന്നുള്ള കല്പന നിവർത്തിക്കുവാൻ സാധിക്കാത്ത വിധത്തിൽ മനുഷ്യൻ ശാപഗ്രസ്തനായിപ്പോയി, പാപത്തിലായിപ്പോയി. എന്നാൽ അനുസരണക്കേടിനാൽ, മത്സ്യങ്ങളുടെ മേലും പറവകളുടെ മേലും സകല ജീവജാലങ്ങളുടെ മേലും വാഴുവാനുള്ള മനുഷ്യന്റെ അവകാശവും അധികാരവും നഷ്ടപ്പെട്ടെങ്കിലും അനുസരണം മൂലം കർത്താവായ യേശുക്രിസ്തു ആ അധികാരം വീണ്ടെടുത്തു തരികയാണ്. അപ്പൊ. പൗലോസ് ഇങ്ങനെ പറയുന്നു.

> "ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും." റോമ 5 : 19

> "ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു." റോമ. 5 : 12

കർത്താവായ യേശുക്രിസ്തുവിന്റെ അനുസരണത്താൽ പ്രകൃതികളുടെ മേലും സകല ജീവജാലങ്ങളുടെ മേലും

നഷ്ടപ്പെട്ടുപോയ അധികാരം ക്രിസ്തു വീണ്ടെടുത്ത് തരികയാണ്. മനുഷ്യൻ നഷ്ടപ്പെടുത്തിയ അവകാശവും അധികാരവും ക്രിസ്തു നമുക്ക് വീണ്ടെടുത്തു തരികയാണ്.

വീണ്ടെടുപ്പുകാരൻ, വീണ്ടെടുപ്പിൻ നാഥൻ ഈ വചനം നീ വായിക്കുമ്പോൾ നന്റെ അരികിലേക്ക് വരികയാണ്. നഷ്ടപ്പെട്ടതെല്ലാം നിനക്ക് മടക്കിത്തരുവാൻ ക്രിസ്തു നിന്റെ അരികിലേക്ക് വരികയാണ്. നഷ്ടപ്പെട്ട കാലങ്ങൾ, നഷ്ടപ്പെട്ട സ്നേഹം, നഷ്ടപ്പെട്ട വിശുദ്ധി, നഷ്ടപ്പെട്ട ഐക്യം, നഷ്ടപ്പെട്ട പണം, നഷ്ടപ്പെട്ട ആരോഗ്യം, നഷ്ടപ്പെട്ട സൽപ്പേര്, നഷ്ടങ്ങളെല്ലാം നികത്തിത്തരുവാൻ, സകല നന്മകളും നിനക്കു തരുവാനായി ഉടയവൻ ഒരുക്കിക്കൊണ്ടു വന്നിരിക്കുന്നു. ഒന്നേ വേണ്ടു നീ അനുസരിക്ക മാത്രം ചെയ്ക.

പത്രോസ് അനുസരിച്ചു, ക്രിസ്തു അത്ഭുതം പ്രവർത്തിച്ചു. പത്രൊസ് ആ വചനം അപ്രകാരം പ്രവർത്തിച്ചപ്പോൾ ഒരു മീനെക്കിട്ടുന്നു. ചൂണ്ടയിൽ അതേ മീൻ തന്നെ കൊത്തുന്നു. ഏതോ ഒരു മനുഷ്യൻ കടലിൽ ഇട്ടതായ ചതുർദ്രഹ്മപ്പണം വിഴുങ്ങിയ മീൻ തന്നെ ഈ ചൂണ്ടലിൽ കൊത്തുന്നു. ആ മീനിനെ പത്രോസ് എടുക്കുന്നു. വായ് പിളർന്നു നോക്കുന്നു. വായിൽ ചതുർദ്രഹ്മപ്പണം കാണുന്നു. ദ്വിദ്രമപ്പണം കർത്താവിന്നും ദ്വിദ്രഹ്മപ്പണം പത്രോസിനും വേണ്ടി പത്രോസ് കൊടുക്കുന്നു. ദൈവം വീര്യം പ്രവർത്തിച്ചു.

അതേ യേശുക്രിസ്തു ഇന്ന് നിന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ ശക്തനാണെന്ന് നീ വിശ്വസിക്കുന്നുവോ? ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നീ നിന്നെ

ത്തന്നെ കൊടുക്കുന്നുവോ? ക്രിസ്തുവിനോടു നീ ഒരു വാക്കു പറയുമോ? കർത്താവേ, ഇത്രയും കാലം നഷ്ട ത്തിന്റെ കണക്കും പേറി ഞാൻ ജീവിച്ചു. നിരാശയിലും ദുഃഖത്തിലും ഞാൻ കഴിഞ്ഞു. തിന്മകൾ ഏറെ വന്നു പോയി. നാഥാ, എന്റെ ജീവിതം പാഴായിപ്പോയി. നാഥാ, എന്റെ ജീവിതത്തിലെ അനേകമനേകം കാര്യങ്ങളിൽ എനിക്ക് വീഴ്ച സംഭവിച്ചുപോയി.

എന്നാൽ ഞാൻ ഇതാ ഒരു പുതിയ തീരുമാനം എടു ക്കുന്നു. നിന്നെ ചോദ്യം ചെയ്യാതെ അനുസരിക്കുവാൻ ഞാൻ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. ഒരു പുതിയ ജീവിതം. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷ കാ, എന്റെ പാപം വഹിപ്പാൻ, എന്റെ ശാപം തീർപ്പാൻ എനിക്കുവേണ്ടി കുറ്റവാളികളുടെ മധ്യത്തിൽ കുറ്റമറ്റ ക്രിസ്തു ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

ഇപ്പോൾ ഞാൻ എന്നെത്തന്നെ നിന്റെ തൃക്കരങ്ങളി ലേക്ക് തരുന്നു. സാത്താന്റെ ശക്തിയോടു ഞാൻ യാത്രപ റയുന്നു. എന്നെ പാപത്തിലേക്ക് വശീകരിച്ച പൈശാചിക നോടു ഞാൻ യാത്ര പറയുന്നു. സകല പാപങ്ങളേയും ഞാൻ ഉപേക്ഷിക്കുന്നു. ഇന്നുമുതൽ ക്രിസ്തുയേശുവിൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും എന്നു ഞാൻ തിരുമുമ്പാകെ തീരുമാനിക്കുന്നു. നമുക്കു സമർപ്പി ക്കാം.

## പതിനഞ്ച്

“രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു. അടുക്കെ ചെന്നു. അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ : ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിന്നോടു പറഞ്ഞു, ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി. ശിഷ്യന്മാർ അതു കണ്ടാറെ, അത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോയതു എങ്ങനെ എന്നു പറഞ്ഞു ആശ്ചര്യപ്പെട്ടു.” മത്താ 21 : 18 - 20

“അവർ ബേഥാന്യ വിട്ടുപോകുമ്പോൾ അവന്നു വിശന്നു, അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരെ നിന്നു കണ്ടു. അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നുവെച്ചു ചെന്നു. അതിന്നരികെ എത്തിയപ്പോൾ ഇലയല്ലാതെ ഒന്നും കണ്ടില്ല, അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു. അവൻ അതിനോടു, ഇനി നിങ്കൽ നിന്നു എന്നേക്കും ആരും

ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു, അതു ശിഷ്യന്മാർ കേട്ടു.”

> “രാവിലെ അവർ കടന്നു പോരുമ്പോൾ അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതു കണ്ടു. അപ്പോൾ പത്രോസിനു ഓർമ്മവന്നു. റബ്ബീ നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ എന്നു അവനോടു പറഞ്ഞു.”
>
> മർക്കൊ 11 : 12 - 14, 20 - 21

യേശുക്രിസ്തു അത്തിവൃക്ഷത്തെ ശപിക്കുന്നതായ സംഭവമാണ് നാം ഇവിടെ കാണുന്നത്. യേശുക്രിസ്തു വിനു വിശന്നപ്പോൾ വഴിയരികെ കണ്ട ഒരത്തിവൃക്ഷത്തിന്റെ ചുവട്ടിലേക്കു ചെന്നു ധാരാളം ഇലത്തഴപ്പുള്ള ആ വൃക്ഷ ത്തിലേക്ക് നോക്കി. അതിൽ അത്തിപ്പഴം കണ്ടില്ല. പുറമേ നല്ല തഴപ്പുണ്ട് നല്ല വളർച്ചയുണ്ട് നല്ല ഭംഗിയുണ്ട്. പക്ഷേ അതിൽ ഫലം കായ്ക്കുന്നുണ്ടായിരുന്നില്ല.

യേശു അത്തിയെ ശപിച്ചു. ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ, ക്ഷണത്തിൽ അത്തി ഉണ ങ്ങിപ്പോയി. യേശുക്രിസ്തു കഴുതമേൽ കയറി യെരൂശലേ മിലേയ്ക്ക് യാത്ര ചെയ്തുപോയ സംഭവം കഴിഞ്ഞു തൊട്ടു പിന്നാലെയാണ് ഈ സംഭവം നടക്കുന്നത്. ഈ സംഭവം കർത്താവു ചെയ്ത ഒരു അത്ഭുതമായിട്ടാണ് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത്.

പിറ്റെ ദിവസം രാവിലെ തിരികെ പോകുമ്പോഴാണ് ആ അത്തി ഉണങ്ങിപ്പോയത് ശിഷ്യന്മാർ കാണുന്നത്.

അപ്പോൾ പത്രോസ് പറഞ്ഞു. “കർത്താവേ, നീ ശപിച്ച

അത്തി ഉണങ്ങിപ്പോയല്ലോ" എന്ന്.

ഈ സംഭവത്തിൽ കാണുന്ന ഒരു പ്രത്യേകത, ഇവിടെ മാത്രമാണ് യേശു തനിക്കുവേണ്ടി ഒരു അത്ഭുതം നിവർത്തിക്കുന്നത്. കഴിഞ്ഞ ഒരു സംഭവത്തിൽ ക്രിസ്തു അത്ഭുതം പ്രവർത്തിച്ചത് തനിക്കും പത്രോസിനും വേണ്ടിയാണ്. ഇവിടെ സ്വന്തം കാര്യത്തിനായി അത്ഭുതം പ്രവർത്തിക്കുകയാണ്. കല്ല് അപ്പമായി തീരുവാൻ കല്പിക്കണമെന്ന് സാത്താൻ യേശുവിനെ പരീക്ഷിച്ചപ്പോൾ വിശപ്പുണ്ടെങ്കിലും യേശു തനിക്കുവേണ്ടി ഒരത്ഭുതം പ്രവർത്തിച്ചില്ല, ശത്രുക്കളുടെ കൈയിൽ നിന്നു രക്ഷപ്രാപിക്കാൻ കർത്താവ് അത്ഭുതം പ്രവർത്തിച്ചില്ല. തനിക്കുവേണ്ടിത്തന്നേ തന്റെ ശക്തി, തന്റെ അത്ഭുതശക്തി കർത്താവു ഉപയോഗിച്ചില്ല.

മർക്കൊസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായം പതിമൂന്നാം വാക്യത്തിൽ ഗദരദേശത്തെ ഭൂതഗ്രസ്തനു സൗഖ്യം കിട്ടിയപ്പോൾ ആ ഭൂതബാധിതൻ അവനിൽ ഉള്ളതായ ലെഗ്യോൻ മുഴുവനും - ആറായിരം ഭൂതങ്ങൾ - പന്നിക്കൂട്ടത്തിലേക്കു കടന്നുപോയതും തന്മൂലം ആ ഭൂതബാധിതൻ സൗഖ്യമായതും നാം വായിക്കുന്നുണ്ട്. ആ പന്നിക്കൂട്ടം കടുംതൂക്കത്തോടെ കടലിലേക്ക് പാഞ്ഞുപോയി വീർപ്പുമുട്ടി ചത്തു എന്നു നാം വായിക്കുന്നു. ഈ രണ്ടു സംഭവം മാത്രമാണ് വിനാശകരമായ രീതിയിൽ കർത്താവിന്റെ വാക്കുകൾ പ്രയോഗിക്കുന്നതായി നാം കാണുന്നത്. മറ്റു എല്ലായിടത്തും യേശുക്രിസ്തു ചെയ്തതായ അത്ഭുതങ്ങൾ എല്ലാം മനുഷ്യർക്ക് എല്ലാ വിധത്തിലും നന്മയായി തീരുകയാണ് ചെയ്തത്.

എന്നാൽ ഭൗതികമായി പറഞ്ഞാൽ ഗദര ദേശത്തെ

മനുഷ്യരുടെ സമ്പത്തായ പന്നികൾ നഷ്ടപ്പെട്ടു. അതൊരു നാശമാണ്. അതൊരു നഷ്ടമാണ്. അത്തിവൃക്ഷം ഉണങ്ങിപ്പോയി അതൊരു നാശമാണ്, അതൊരു നഷ്ടമാണ്. യേശുക്രിസ്തു തനിക്കുവേണ്ടിത്തന്നേ അത്ഭുതങ്ങൾ ഒന്നും ചെയ്തിട്ടില്ലെങ്കിലും ഇവിടെ ഇങ്ങനെ പ്രവർത്തിച്ചതു എന്താണ്.

ഇവിടെ അത്തി ഉണങ്ങിപ്പോയി എന്നു പറയുന്നത് വാസ്തവത്തിൽ പ്രതീകാത്മകമാണ്. അത് യിരെമ്യാ പ്രവാചകന്റെ പുസ്തകം എട്ടാം അദ്ധ്യായം പതിമൂന്നാം വാക്യം വായിക്കുമ്പോൾ യിസ്രായേലിന്റെ ഒരു പ്രതീകമാണ് അത്തി, യിസ്രായേൽ ജാതിയുടെ പ്രതിരൂപമാണ് അത്തി - Symbol എന്ന് നമുക്കു കാണാം.

ഹോശേയാ പ്രവചനം ഒമ്പതാം അദ്ധ്യായം പത്താം വാക്യം വായിക്കുമ്പോഴും നഹൂം പ്രവാചകന്റെ പുസ്തകം മൂന്നാം അദ്ധ്യായം പന്ത്രണ്ടാം വാക്യം വായിക്കുമ്പോഴും കാണാം, യിസ്രായേൽ ജാതിയുടെ ഒരു പ്രതീകമാണ് അത്തി എന്ന്.

യിസ്രായേൽ ജാതിയുടെ പ്രതീകമായ അത്തി വൃക്ഷം ഉണങ്ങിപ്പോയി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം സത്യമായും ദൈവപുത്രൻ വന്നപ്പോൾ സ്വീകരിക്കാതെ പോയ യിസ്രായേൽ ജനത്തിനു വരുന്ന മഹാനാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പാണ്.

യേശുക്രിസ്തുവിന്റെ ക്രൂശാരോഹണത്തിനു ശേഷം അധികം വർഷങ്ങൾ കഴിഞ്ഞില്ല യെരുശലേം നിശ്ശേഷം തകർക്കപ്പെട്ടു, ജാതികൾ യെരൂശലേമിനെ ചവിട്ടി, യെരു

ശലേം ദേവാലയം തകർക്കപ്പെട്ടു, എല്ലാമെല്ലാം ഭീകരമായ നാശത്തിലേക്കും നഷ്ടത്തിലേക്കും കെടുതിയിലേക്കും നീങ്ങുന്നതായി ചരിത്രസംഭവങ്ങൾ വിളിച്ചറിയിക്കുന്നു.

നമ്മുടെ ജീവിതത്തിൽ അത്തിവൃക്ഷത്തിനു പറ്റിയ കെടുതിപോലെ ഫലം കായ്ക്കാതെ പോയാൽ നഷ്ടം സംഭവിക്കും എന്നുള്ള സത്യം നാം അറിഞ്ഞിരിക്കേണ്ടതാണ്. ഫലം ഇല്ലാത്ത ജീവിതം, Fruitless Life - സങ്കടകരമാണ്, അതു തീർത്താൽ തീരാത്ത നഷ്ടമാണ്.

ഫലം കായ്ക്കുന്നുണ്ടോ നാം? ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിജയം എന്നീ സംഗതികൾ ആണ് എന്ന് ഗലാത്യ ലേഖനം അഞ്ചാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യത്തിൽ അപ്പൊ. പൗലോസ് പറയുന്നു. നിങ്ങൾ സഫലന്മാരാകുവിൻ, നിങ്ങൾ ഫലം കായ്ക്കുന്നവർ ആകുവിൻ എന്ന്. അപ്പൊ. പൗലോസ് ഒന്നാമത്തെ കൊരിന്ത്യ ലേഖനം പതിനാലാം അദ്ധ്യായത്തിൽ പറയുന്നു.

ഒന്നാമത്തെ കൊരിന്ത്യ ലേഖനം 12, 13, 14 അദ്ധ്യായങ്ങളിൽ ആത്മാവിന്റെ കൃപാവരങ്ങൾ ഒൻപത് എണ്ണത്തെക്കുറിച്ചു പറയുന്നുണ്ട്.

കൂടാതെ ഗലാത്യ ലേഖനം അഞ്ചാം അദ്ധ്യായത്തിലും ആത്മാവിന്റെ ഫലങ്ങൾ ഒൻപത് എണ്ണത്തെക്കുറിച്ചു പറയുന്നുണ്ട്.

പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ വേണം, - The gifts of the holy sprit അതേ സമയത്തു തന്നെ പരിശുദ്ധാ

ത്മാവിന്റെ ഫലങ്ങളും വേണം - Fruits of the holy sprit - ഫലമില്ലാത്ത ജീവിതത്തിൽ വരങ്ങൾ ഉണ്ട് എന്നുള്ളതുകൊണ്ട് പ്രയോജനമില്ല. വരങ്ങൾ അർത്ഥവത്താകുന്നതും പ്രയോജനപ്രദമാകുന്നതും ഫലങ്ങൾ ഉള്ളപ്പോൾ ആണ്. ആത്മാവിന്റെ ഫലം കായ്ക്കണം.

നമ്മുടെ ജീവിതത്തിൽ നാം ആത്മാവിന്റെ ഫലം കായ്ക്കുന്നുണ്ടോ? ഇല്ലെങ്കിൽ യോഹന്നാൻ സ്നാപകൻ ആദ്യം പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ...

> “ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു കളയുന്നു.” മത്തായി 3 : 10

> “മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ.” മത്തായി 3 : 8

ഇപ്പോൾത്തന്നേ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു ചുട്ടുകളയും. ഈ ഗൗരവമേറിയ കർശനമായ താക്കീത് ദൈവമക്കൾ ശ്രദ്ധിക്കേണ്ടതാണ്. നല്ല ഫലം കായ്ച്ചില്ലെങ്കിൽ നമ്മെ വെട്ടിക്കളയും എന്നാണ് പറയുന്നത്. യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ നമ്മുടെ കരുണയുള്ള കർത്താവു പറയുന്നു.

> “ഞാൻ സാക്ഷാൽ മുന്തിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ

> കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കി ക്കളയുന്നു.” യോഹ 15 : 1

കായ്ക്കാത്ത കൊമ്പു ഉണ്ട്, കായ്ക്കാത്ത കൊമ്പു ഒക്കെയും നീക്കിക്കളയുന്നു. മാനസാന്തരത്തിനു യോഗ്യ മായ ഫലം കായ്പിൻ എന്ന് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചു. അതു തന്നെ അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊ. പൗലോസ് പറയുന്നു.

> “അതുകൊണ്ടു അഗ്രിപ്പാരാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന്നു അനുസരണക്കേടു കാണിക്കാതെ ആദ്യം ദമസ്കോസിലും യെരൂ ശലേമിലും യെഹൂദ്യദേശത്തെങ്ങും ഉള്ളവ രോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തര ത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു.” അപ്പൊ 26 : 19 – 20

മാനസാന്തരപ്പെട്ടു എന്നു പറയുകയും അതിനു യോ ഗ്യമായ ഫലം കായ്ക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ അതു എത്രയോ ശാപകരമായ അനുഭവമാകുന്നു.

ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിലേക്ക് നോക്കുവിൻ. ഫലം കായ്ക്കുന്നുണ്ടോ? അത്തിയിൽ ഫലം കണ്ടില്ല. കർത്താവു പറഞ്ഞു : ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ. നമ്മെ നോക്കി കരുണയുള്ള കർത്താവു അങ്ങനെ പറയാൻ ഇട വരാതിരിക്കട്ടെ.

നിത്യമായ അന്ധകാരത്തിന്റെ ഭയാനകമായ കെടുതി

യിലേക്ക് പോകാൻ നമുക്ക് ആർക്കും ഇടവരാതിരിക്കട്ടെ. ക്രിസ്തു ഉള്ളവരായി ജീവിപ്പിൻ. നമ്മെത്തന്നെ സമർപ്പിപ്പിൻ. പാപത്തോടു യാത്രപറയുവിൻ. പുതിയ ജീവിതം തുടങ്ങുവിൻ.

# പതിനാറ്

"പിറ്റന്നാൾ അവർ ബേഥാന്യ വിട്ടുപോരുമ്പോൾ അവന്നു വിശന്നു, അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തു നിന്നു കണ്ടു, അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നുവെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല, അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു. അവൻ അതിനോടു, ഇനി നിങ്കൽ നിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു, അതു ശിഷ്യന്മാർ കേട്ടു." മർക്കൊ. 11 : 12 - 14

"രാവിലെ അവർ കടന്നുപോരുമ്പോൾ അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതു കണ്ടു. അപ്പോൾ പത്രോസിനു ഓർമ്മവന്നു : റബ്ബീ, നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ എന്നു അവനോടു പറഞ്ഞു."

മർക്കൊ 11 : 20 - 21

യേശു ശപിച്ച അത്തി ഉണങ്ങിപ്പോയി. സമൃദ്ധിയേറിയ ഇലത്തഴപ്പുണ്ട് അത്തിവൃക്ഷത്തിൽ. പുറമേ നല്ല ചന്തമുണ്ട് അത്തിവൃക്ഷത്തിന്. എന്നാൽ അതിൽ ഫലം ഉണ്ടായിരുന്നില്ല.

യേശുക്രിസ്തു അതിനെ വളരെ ഗൗരവമായിട്ടാണ് കണ്ടത്. ഇന്ന് അനേകം ക്രിസ്തീയ വിശ്വാസികൾ ഫലം ഇല്ലാത്ത അനുഭവത്തിലാണ് കഴിയുന്നത്. ഫല ശൂന്യമായ സ്ഥിതിയാണ്. ഫലമില്ലാത്ത അവസ്ഥയാണ്. വി. മത്തായിയുടെ സുവശേഷം 5, 6, 7 അദ്ധ്യായങ്ങൾ ആണ് കർത്താവായ യേശുക്രിസ്തു ചെയ്ത ആദ്യത്തെ പ്രംസംഗം - മല പ്രസംഗം എന്നു പറയുന്ന ഗിരി പ്രഭാഷണ.ം അതിന്റെ ഒടുവിലത്തെ ഭാഗത്ത് ഇങ്ങിനെ കാണുന്നു.

> ''അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം, മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു, ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന്നു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന്നു നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും. എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താ

വേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തി ല്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും." മത്താ. 7 : 16 - 23

ഫലം കായ്ക്കാത്ത അവസ്ഥ, പുറമെ നല്ല തഴപ്പുണ്ട്. പുറമെ ഭക്തിയുടെ ചടങ്ങുകൾ ഉണ്ട്. ഭക്തിയുടെ നമ സ്ക്കാരങ്ങൾ ഉണ്ട്, ഭക്തിയുടെ ആരാധനകൾ ഉണ്ട്. ഭക്തി പൂർവ്വമായ യോഗങ്ങൾ ഉണ്ട്, ഭക്തിയുടെ നിദർശനമായ സുവിശേഷ സമ്മേളനങ്ങൾ ഉണ്ട്, സുവിശേഷ പ്രസംഗ ങ്ങൾ ഉണ്ട്, ബൈബിൾ ക്ലാസുകൾ ഉണ്ട്, സൺഡേ സ്കൂളുകൾ ഉണ്ട്, വനിതാ സമാജങ്ങൾ ഉണ്ട്, യുവജന വിഭാഗങ്ങൾ ഉണ്ട്, പുറമെയുള്ളതായ മനോഹരമായ ആരാ ധനാലയങ്ങൾ ഉണ്ട്, നല്ല പെരുന്നാളുകൾ ഉണ്ട്, നല്ല റാസകൾ ഉണ്ട്, നല്ല ആചാരങ്ങൾ ഉണ്ട്, അനുഷ്ഠാന ങ്ങൾ ഉണ്ട്, പുറമെ എല്ലാം ഉണ്ട്, പക്ഷേ ഫലം കായ്ക്കാത്ത അവസ്ഥ. ആത്മാവിന്റെ ഫലം കായ്ക്കുന്നി ല്ല. അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും.

"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നതു." മത്തായി 7 : 21

"പിതാവിന്റെ ഇഷ്ടം നിവർത്തിക്കുക, ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ." 1 തെസ്സ. 4 : 3

ഹൃദയം നിർമ്മലമാക്കുക. "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും." ഹൃദയം പരിശുദ്ധമാക്കുക. ജീവിതം ആകെ രൂപാന്തരപ്പെടുക. ക്രിസ്തുസദൃശമായി തീരുക. പറയാൻ എത്ര എളുപ്പമാണ്. അതു നമ്മുടെ ജീവിതത്തിൽ സാധിക്കുമ്പോഴാണ് നാം ഫലം കായ്ക്കുന്നവരായി തീരുന്നത്. അപ്പോൾ ആണ് പരിശുദ്ധാത്മാവിന്റെ കുടിയിരുപ്പു ഭവനമായ ആലയമായി നാം തീരുന്നത്.

ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരുപ്പു ഭവനമായി നാം തീരുമ്പോൾ നമ്മിൽ നിന്ന് റൂഹായുടെ ഫലം കായ്ക്കും, പരിശുദ്ധാത്മാവിന്റെ സത്ഫലങ്ങൾ കായ്ക്കും. അതുകൊണ്ട് പുറമേയുള്ള ആരാധനകളും നമസ്ക്കാരങ്ങളും വേണ്ടാ എന്നല്ല. എന്നാൽ ഹൃദയത്തിൽ വിശുദ്ധീകരണം ഇല്ലാതെ ഉള്ളതായ ചടങ്ങുകൾ, ആചാരങ്ങൾ, പാപം ജീവിതത്തിൽ നിന്നു മാറാതെ ഉള്ളതായ ആചാരങ്ങൾ, പ്രാർത്ഥനകൾ, നമസ്ക്കാരങ്ങൾ, എല്ലാം വ്യർത്ഥമാണ്. ജീവിതത്തിലെ പാപം മാറി, ജീവിതം ക്രിസ്തുവിന് പ്രസാദയോഗ്യമായി തീരുമ്പോൾ മാത്രമാണ് നമ്മുടെ ജീവിതം സാക്ഷാത്തായ ആത്മാവിന്റെ ഫലം കായ്ക്കുന്നത്. അതിനെക്കുറിച്ചാണ് നമ്മുടെ കരുണയുള്ള കർത്താവു വളരെ വേദനയോടെ പറയുന്നത്. ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്ന്.

കർത്താവു വളരെ കർശനമായി ആ അത്തിവൃക്ഷത്തെ നോക്കി ശപിക്കുകയാണ്, പറയുകയാണ്. ഇനി നിന്നിൽ

ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ.

നമ്മെ സംബന്ധിച്ചിടത്തോളം ആ ഭയങ്കരമായ അവസ്ഥ നമുക്ക് വരാതിരിക്കട്ടെ. ഈ സംഭവത്തിന്റെ ഒരു തുടർച്ച എന്നവണ്ണമാണ് ലൂക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നത്.

> "ഒരുത്തന്നു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃക്ഷം ഉണ്ടായിരുന്നു, അവൻ അതിൽ ഫലം തെരഞ്ഞു വന്നു. കണ്ടില്ലതാനും. അവൻ തോട്ടക്കാരനോടു : ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തെരഞ്ഞു വരുന്നു, കാണുന്നില്ലതാനും, അതിനെ വെട്ടിക്കളക അതു നിലത്തെ നിഷ്ഫലമാക്കുന്നതു എന്തിന്നു എന്നു പറഞ്ഞു. അതിന്നു അവൻ : കർത്താവേ, ഞാൻ അതിന്നു ചുറ്റും കിളച്ചു വളം ഇടുവോളം ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ - ഇല്ലെങ്കിൽ വെട്ടിക്കളയാം എന്ന് ഉത്തരം പറഞ്ഞു."
>
> ലൂക്കോ 13 : 6 -9

അത്തിവൃക്ഷത്തിൽ ഫലം തിരഞ്ഞു വന്നു കണ്ടില്ലതാനും. തന്റെ പ്രിയ ജനത്തിൽ ആത്മാവിന്റെ ഫലം കായ്പ്പാൻ കർത്താവു ആഗ്രഹിക്കുന്നു. ആത്മാവിന്റെ ഫലം തെരഞ്ഞു വന്നു കാണുന്നില്ല. നിലത്തെ നിഷ്ഫലമാക്കുകയാണ്. നിലത്തു നിന്നു വെള്ളമെടുക്കുന്നു, വളം എടുക്കുന്നു. വളവും വെള്ളവും എല്ലാം നിലത്തുനിന്നു വലിച്ചെടുക്കുകയാണ്. എന്നാൽ ആ നിലം അതിലുള്ളതായ എല്ലാ നന്മകളും അനുഗ്രഹങ്ങളും ഈ വൃക്ഷത്തിനു കൊടുത്തിട്ടും

അത് ഫലം കായ്ക്കാത്ത സ്ഥിതിയിൽ കഴിയുന്നു.

കർത്താവു നമുക്ക് എല്ലാ അനുഗ്രഹങ്ങളും തരുന്നു. എല്ലാ നന്മകളും തരുന്നു. പക്ഷേ നാം നിലത്തെ നിഷ്ഫ ലമാക്കുകയാണ്. ഫലമില്ലാത്തതാക്കി തീർക്കുകയാണ്. അതു കൊണ്ടാണ് പറഞ്ഞതു : ഇനി ഞാൻ ഈ അത്തിയെ വെട്ടി ക്കളയട്ടെ. "മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തെരഞ്ഞു വരുന്നു കാണുന്നില്ലതാനും. അതിനെ വെട്ടിക്ക ളക അതു നിലത്തെ നിഷ്ഫലമാക്കുന്നതു എന്തിനു എന്നു പറഞ്ഞു."

കരുണയുള്ള കർത്താവു നമ്മെ നോക്കുമ്പോൾ "വെട്ടി ക്കളക" എന്നു പറയത്തക്ക സ്ഥിതിയിൽ ആയോ? കർത്താവു ഇക്കണ്ട കാലങ്ങളെല്ലാം നമ്മുടെ പിറകെ നട ന്നിട്ടും നമ്മിൽ നല്ല ഫലം കായ്ക്കാതെ നാം ഇന്നും ആകാത്ത ഫലമാണോ കായ്ച്ചുകൊണ്ടിരിക്കുന്നത്? ഇന്നും നമ്മിൽ തിന്മ വരുന്നുണ്ടോ? പാപവും പൈശാചികൻ അവകാശം പറയുന്ന ഏതെങ്കിലും ദോഷം നമ്മിൽ ഉണ്ടാ കുന്നുണ്ടോ? ശോധന ചെയ്യുക. എങ്കിൽ നമ്മെ വെട്ടിക്ക ളയും "അതിനെ വെട്ടിക്കളക" എന്നാണ് കല്പിക്കുന്നത് നിലത്തെ നിഷ്ഫലമാക്കുന്നതു എന്തിന് എന്നാണ് കർത്താവ് കല്പിക്കുന്നത്. തോട്ടക്കാരൻ പറഞ്ഞു : യജമാ നനേ, ഞാൻ ഒരു കൊല്ലം കൂടി, അതിന്റെ ചുവടു കിളച്ചു അതിന് വളം ഇട്ടു അതിനെ ഒന്നു ശുശ്രൂഷിച്ചു നോക്കട്ടെ. മേലാൽ കായ്ച്ചെങ്കിലോ ഇല്ലെങ്കിലോ വെട്ടിക്ക ളയാം.

മേലാൽ കായ്ച്ചെങ്കിലോ ഇല്ലെങ്കിൽ വെട്ടിക്കളയാം. കർത്താവു നമുക്കു അവസരം തരികയാണ്. നമുക്കു വേണ്ടി

പിതാവിന്റെ സന്നിധിയിൽ മധ്യസ്ഥത വഹിക്കുന്ന ക്രിസ്തു തന്റെ തിരുരക്തം കാണിച്ചു കൊണ്ടു : പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്നു.

ആ സ്നേഹം കണ്ട് നാം നമ്മെത്തന്നെ സമർപ്പിക്കുക. പാപമില്ലാത്ത ജീവിതം നമുക്ക് ഇന്ന് ആരംഭിക്കാം. തിന്മയോടു നമുക്ക് യാത്രപറയാം. യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാം. "ഞാൻ വിശുദ്ധനായിരിക്കുന്നതു പോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നുള്ള വചനം നമുക്ക് ശ്രദ്ധിക്കാം. മീഖാ പ്രവാചകൻ അതിനെക്കുറിച്ചു പറയും :

> "എനിക്കു അയ്യോ കഷ്ടം, പഴം പറിച്ച ശേഷമെന്നപോലെയും മുന്തിരിപ്പഴം പറിച്ചശേഷം കാലാ പെറുക്കുന്നതുപോലെയും ഞാൻ ആയല്ലോ! തിന്മാൻ ഒരു മുന്തിരിക്കുലയും ഇല്ല, ഞാൻ കൊതിക്കുന്ന അത്തിയുടെ തലപ്പഴവുമില്ല. ഭക്തിമാൻ ഭൂമിയിൽ നിന്നു നശിച്ചുപോയി, മനുഷ്യരുടെ ഇടയിൽ നേരുള്ളവൻ ആരുമില്ല, അവരൊക്കെയും രക്തത്തിന്നായി പതിയിരിക്കുന്നു, ഓരോരുത്തൻ താന്താന്റെ സഹോദരനെ വലവെച്ചു പിടിപ്പാൻ നോക്കുന്നു. ജാഗ്രതയോടെ ദോഷം പ്രവർത്തിക്കേണ്ടതിന്നു അവരുടെ കൈ അതിലേക്കു നീണ്ടിരിക്കുന്നു, പ്രഭു പ്രതിഫലം ചോദിക്കുന്നു, ന്യായാധിപതി പ്രതിഫലം വാങ്ങി ന്യായം വിധിക്കുന്നു, മഹാൻ തന്റെ മനസ്സിലെ ദുരാഗ്രഹം പ്രസ്താവിക്കുന്നു, ഇങ്ങനെ അവർ പിരിമുറുക്കുന്നു. അവരിൽ ഉത്തമൻ മുൾപ്പ

ടർപ്പുപോലെ, നേരുള്ളവൻ മുൾവേലിയേക്കാൾ വല്ലാത്തവൻ തന്നേ."

മീഖാ 7 : 1-4

നമ്മുടെ അവസ്ഥ നമ്മുടെ കരുണയുള്ള കർത്താവു കാണിച്ചു തരികയാണ്. നോക്കുക, എബ്രായ ലേഖനത്തിൽ പറയുന്നത് ശ്രദ്ധിക്കുക.

"പലപ്പോഴും പെയ്തമഴ കുടിച്ചിട്ടു ഭൂമി കൃഷി ചെയ്യുന്നവർക്കു ഹിതമായ സസ്യാദി കളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരി ഞ്ഞിലും മുളെപ്പിച്ചാലോ അതു കൊള്ളരുതാ ത്തതും ശാപത്തിന്നു അടുത്തതും ആകുന്നു, ചുട്ടുകളക അത്രേ അതിന്റെ അവസാനം."

എബ്രാ. 6 : 7 - 8

നമ്മെത്തന്നെ ക്രിസ്തുവിന്റെ പാദത്തിങ്കൽ സമർപ്പി ക്കാം. പാപമില്ലാത്ത ജീവിതം തുടങ്ങാം. ഇന്ന് ഒരു പുതിയ തീരുമാനം എടുക്കാം.

നാഥാ, എനിക്കുവേണ്ടി പക്ഷപാതം ചെയ്യുന്ന നിത്യ നായ ദൈവപുത്രാ, അവിടുന്നു മനസ്സലിയണമേ, എന്റെ പാപക്കറകൾ ക്ഷമിക്കണമേ, ഒരു പുതിയ ജീവിതം ഇന്നു മുതൽ നയിപ്പാൻ ഞാൻ ഇതാ തീരുമാനിക്കുന്നു, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമെ.

## പതിനേഴ്

"ഞാൻ സാക്ഷാൽ മുന്തിരി വള്ളിയും, എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും, കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും

ചെയ്‌വാൻ കഴികയില്ല. എന്നിൽ വസിക്കാത്ത വനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപ്പോകുന്നു, ആ വക ചേർത്തു തീയിൽ ഇടുന്നു, അതു വെന്തുപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസി ച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.''

യോഹ 15 : 1 -8

ഫലം കായ്ക്കാത്ത അവസ്ഥ. അത്തി വൃക്ഷത്തിൽ ഫലം കാണാത്തതുകൊണ്ടു യേശുക്രിസ്തു ആ അത്തി വൃക്ഷത്തെ ശപിച്ചു എന്ന് മത്തായിയുടെ സുവിശേഷം 21-ാം അദ്ധ്യായം 18 - 22 വരെ വാക്യങ്ങളിലും, മർക്കോ സിന്റെ സുവിശേഷം 11-ാം അദ്ധ്യായം 12 - 14 വരെ വാക്യ ങ്ങളിലും, 20 - 25 വരെ വാക്യങ്ങളിലും നാം വായിക്കുന്നു ണ്ട്.

ഫലം കായ്ക്കാത്ത അവസ്ഥ. ഇവിടെ പറയുന്നു. "എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കി ക്കളയുന്നു." ഫലം കായ്ക്കാത്ത അവസ്ഥ ഉണ്ട്. എന്നാൽ ഫലം കായ്ക്കുന്നുണ്ടെങ്കിലും ആകാത്ത ഫലം കായ്ക്കുന്ന അവസ്ഥ ഉണ്ട്.

ആകാത്ത ഫലം കായ്ക്കുക. ചീത്ത ഫലം കായ്ക്കു ക. ചീത്ത ഫലം കായ്ക്കുന്നതിനെക്കുറിച്ചാണ് യെശയ്യാ പ്രവാചകന്റെ പുസ്തകം അഞ്ചാം അദ്ധ്യായത്തിൽ പ്രവാ ചകൻ പറയുന്നത്.

"ഞാൻ എന്റെ പ്രിയതമനു അവന്റെ മുന്തിരിത്തോട്ടത്തെക്കുറിച്ചു എന്റെ പ്രിയന്റെ പാട്ടു പാടും, എന്റെ പ്രിയതമനു ഏറ്റവും ഫലവത്തായോരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിന്നു വേലികെട്ടി, അതിലെ കല്ലു പെറുക്കിക്കളഞ്ഞു, അതിൽ നല്ല വക മുന്തിരിവള്ളി നട്ടു, നടുവിൽ ഒരു ഗോപുരം പണിതു. ഒരു ചക്കും ഇട്ടു. മുന്തിരിങ്ങ കായ്ക്കും എന്നു അവൻ കാത്തിരുന്നു, കായിച്ചതോ കാട്ടുമുന്തിരിങ്ങയത്രേ...... ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തു ചെയ്‌വാനുള്ളു? മുന്തിരിങ്ങ കായ്ക്കുമെന്നു ഞാൻ കാത്തിരുന്നാറെ അതു കാട്ടുമുന്തിരിങ്ങ കായിച്ചതു എന്തു? ആകയാൽ വരുവിൻ, ഞാൻ എന്റെ മുന്തിരിത്തോട്ടത്തോടു എന്തു ചെയ്യും എന്നു നിങ്ങളോടു അറിയിക്കാം, ഞാൻ അതിന്റെ വേലി പൊളിച്ചുകളയും, അതു തിന്നു പോകും, ഞാൻ അതിന്റെ മതിൽ ഇടിച്ചു കളയും, അതു ചവിട്ടി മെതിച്ചു പോകും. ഞാൻ അതിനെ ശൂന്യമാക്കും, അതു വള്ളിത്തല മുറിക്കാതെയും കിളയ്ക്കാതെയും ഇരിക്കും, പറക്കാരയും മുള്ളും അതിൽ മുളയ്ക്കും, അതിൽ മഴ പെയ്യിക്കരുതെന്നു ഞാൻ മേഘങ്ങളോടു കല്പിക്കും. സൈന്യങ്ങളുടെ യഹോവയുടെ മുന്തിരിത്തോട്ടം യിസ്രായേൽ ഗൃഹവും അവന്റെ മനോഹരമായ നടുതല യെഹൂദാ പുരുഷന്മാരും ആകുന്നു." യെശയ്യാ 5 : 1 – 2, 4 – 7

ആകാത്ത ഫലം കായ്ക്കുന്നതിനെക്കുറിച്ചാണ് ഗലാത്യ

ലേഖനത്തിൽ അപ്പൊ. പൗലോസ് പറയുന്നത്.

> "ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു, ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു." ഗലാ. 5 : 19 - 12

ജഡത്തിന്റെ ഫലം, ജഡത്തിന്റെ പ്രവൃത്തികൾ പാപം.

നമ്മുടെ ജീവിതത്തിൽ ആകാത്ത ഫലം നാം കായ്ക്കുന്നുണ്ടോ? നാം ചിന്തിക്കേണ്ടതാണ്.

ഒന്ന് : ഫലം കായ്ക്കാത്ത അവസ്ഥ.

രണ്ട് : ആകാത്ത ഫലം കായ്ക്കുന്ന അവസ്ഥ.

മൂന്ന് : ഫലം കായ്ക്കുന്ന അവസ്ഥ. വി. യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം രണ്ടാം വാക്യത്തിൽ അതു കാണാം, "കായ്ക്കുന്നതു ഒക്കെയും."

കായ്ക്കുന്ന അവസ്ഥ. നല്ല ഫലമാണ് കായ്ക്കുന്നതു. പക്ഷേ കുറച്ചേ കായ്ക്കുന്നുള്ളൂ. സമൃദ്ധിയായ ഫലം ഇല്ല. ധാരാളം ഫലം കായ്ക്കുന്നില്ല. ഇന്ന് ഫലം കായ്ക്കാത്ത അവസ്ഥ അല്ല. ആകാത്ത ഫലം കായ്ക്കുന്ന

സ്ഥിതിയുമല്ല. പക്ഷേ കായ്ക്കുന്ന അവസ്ഥയാണ്. ഫല മുണ്ട്, അധികമില്ല.

നാല് : അധിക ഫലം. More Fruits

നാലാമത്തെ അവസ്ഥയാണത്. കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു. അധികം ഫലം കായ്ക്കുന്നു, അതിന് എന്താണ് വേണ്ടത്? അതിനു ചെത്തി വെടിപ്പാക്കുന്നു. മുന്തിരിത്തല മുറിച്ചു കളയേണ്ടതു എല്ലാം മുറിച്ചു കളയുമ്പോൾ അതു കൂടുതൽ ഫലം കായ്ക്കും. അതു അധികം ഫലം കായ്ക്കും. കൂടുതൽ ഫലം കായ്ക്കും എന്നാൽ അവിടം കൊണ്ടു തൃപ്തിപ്പെടാൻ പാടില്ല.

അഞ്ചാമത്തെ അവസ്ഥ : അത് യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു.

> “ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു, ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും.” യോഹ 15 : 5

> നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. യോഹ 15 ; 8

ക്രിസ്തുവിൽ വസിക്കുക. ഫലം കായ്ക്കുന്നതു അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു. ഫലം കായ്ക്കുന്ന അവസ്ഥ, അധികം ഫലം കായ്ക്കുന്ന അവസ്ഥ. “എന്നിൽ വസിപ്പീൻ” ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ വളരെ

ഫലം കായ്ക്കും. സമൃദ്ധിയായി വിളവെടുപ്പ്.

ആറാമത്തെ അവസ്ഥയാണ് യോഹന്നാൻ 15 : 16-ാം വാക്യത്തിൽ നാം കാണുന്നത്.

"നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കി വെച്ചുമിരിക്കുന്നു." യോഹ 15 : 16

നിലനിൽക്കുന്ന ഫലം, നിത്യതയിലേക്ക് നിലനിൽക്കുന്ന ഫലം. ഫലം നിലനിൽക്കണം. ഒന്നോ രണ്ടോ ദിവസം ആത്മാവിന്റെ ഫലം കായ്ച്ചാൽ പോരാ, ഏതാനും മാസമോ ഏതാനും വർഷങ്ങളോ ആത്മാവിന്റെ ഫലം കായ്ച്ചാൽ പോരാ. എക്കാലത്തേക്കും നിലനിൽക്കുന്നതായ ഫലം കായ്ക്കണം. മരണത്തോളം നിലനിൽക്കുന്ന ഫലം കായ്ക്കണം. ആരംഭിച്ചു, നല്ല ഫലം കായ്ച്ചു തുടങ്ങി, പിന്നെ പാപത്തിനു ഇടം കൊടുക്കരുത്. പിന്നെ പിന്മാറിപ്പോകരുത്. പിന്നെ തിന്മയിലേക്ക് തിരിയരുത്. പിന്നെ പൈശാചികന് ഇടം കൊടുക്കരുത്. നിലനിൽക്കുന്ന ഫലം കായ്ക്കണം.

നിലനിൽക്കണം. സ്ഥിരതയോടെ മുന്നോട്ടു പോകണം. അതിനെക്കുറിച്ചാണ് അപ്പൊ. പൗലോസ് എബ്രായ ലേഖനം 12-ാം അദ്ധ്യായത്തിൽ പറയുന്നത് : "സ്ഥിരതയോടെ ഓടുക." ഒരു ചുവട് മുന്നോട്ടു വച്ചു പിന്നെ ഒരു ചുവട് പിറകോട്ട്. വീണ്ടും ഒരു ചുവട് മുന്നോട്ടു വച്ചു പിന്നെ ഒരു ചുവട് പിറകോട്ട്. ആ അപകടം നമുക്ക് സംഭവിക്കരുത്. നമ്മുടെ ജീവിതത്തിൽ എന്നും ഫലം കായ്ക്കുന്ന അവസ്ഥ, അധികം ഫലം കായ്ക്കണം, പോരാ

അത് സമൃദ്ധിയായി ഫലം കായ്ക്കണം, വളരെ ഫലം കായ്ക്കണം.

നാം പുറമെ നല്ല ആചാരങ്ങളോ, പുറമേ നല്ല പ്രാർത്ഥനകളോ, നമസ്ക്കാരങ്ങളോ ഉണ്ടായി എന്നുള്ളതുകൊണ്ട് മാത്രം തൃപ്തിപ്പെടരുത്. ഫലം കായ്ക്കണം, നല്ല ഫലം കായ്ക്കണം, അധികം ഫലം കായ്ക്കണം, വളരെ ഫലം കായ്ക്കണം, നിലനിൽക്കുന്ന ഫലം കായ്ക്കണം അതു സ്ഥിരമായി മുന്നോട്ടു പോകണം. സ്ഥിരിതയോടെ മുന്നോട്ട് ഓടുക.

Charles Lamp. Samuel Lee Grice എന്ന ഒരാളെക്കുറിച്ചു പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിത്തിൽ മൂന്നു ഘട്ടങ്ങൾ ഉണ്ട് എന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ ആദ്യകാലം, യൗവ്വനകാലം ആളുകൾ അദ്ദേഹത്തെ കുറിച്ചു പറഞ്ഞു. അവൻ എന്തെങ്കിലും നല്ലതു ചെയ്യും. എന്നാൽ കുറച്ചു കൂടി പ്രായമായപ്പോൾ അദ്ദേഹം ഒന്നും ചെയ്തില്ല, ഫലം കായ്ച്ചില്ല, കായ്ക്കുമെന്നാണ് പ്രതീക്ഷിച്ചത്, എന്നാൽ ഫലം കായ്ച്ചില്ല.

അപ്പോൾ അവർ പറഞ്ഞു - അവൻ ശ്രമിച്ചിരുന്നെങ്കിൽ അവന് എന്തെങ്കിലും ചെയ്യാമായിരുന്നു. എന്നാൽ ജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ ഈ ആളുകൾ പറഞ്ഞു. അവൻ പരിശ്രമിച്ചിരുന്നെങ്കിൽ അവന് നല്ലത് എന്തെങ്കിലും ചെയ്യാമായിരുന്നു. അവന്റെ ജീവിതത്തിൽ Promise ഉണ്ട്. നല്ലത് ചെയ്യും എന്നുള്ള പ്രതീക്ഷയുണ്ട്. പക്ഷേ Fulfillment ഇല്ല. പൂർത്തീകരിക്കപ്പെടാത്ത വാഗ്ദാനം. അവന്റെ ജീവിതത്തിൽ Practice ഇല്ലാത്ത Profession ആയിപ്പോയി. Profession without practice. പ്രായോഗിക ജീവിതത്തിൽ

ഇല്ലാത്ത അവന്റെ ജീവിതത്തിലെ Professtion.

നമ്മുടെ ജീവിതത്തിൽ ഇതു സംഭവിക്കരുത്. നാം ഫലം കായ്ക്കുന്നവർ ആകുവിൻ. വെട്ടിക്കളയുന്നതിനു മുമ്പ് ഇന്ന് നാം ഫലം കായ്പ്പാൻ തീരുമാനിപ്പിൻ. ആത്മാവിന്റെ ഫലം കായ്പിൻ.

## പതിനെട്ട്

“ആ ദിവസങ്ങളിൽ ഏറ്റവും വലിയ പുരുഷാരം ഉണ്ടായിരിക്കെ അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്ക കൊണ്ടു യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ചു അവരോടു : ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടു കൂടെ പാർക്കുന്നു, അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു എനിക്കു അവരോടു അലിവു തോന്നുന്നു, ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളർന്നുപോകും, അവരിൽ ചിലർ ദൂരത്തു നിന്നു വന്നവരല്ലോ എന്നു പറഞ്ഞു. അതിന്ന് അവന്റെ ശിഷ്യന്മാർ : ഇവർക്കു ഇവിടെ മരുഭൂമിയിൽ അപ്പം കൊടുത്തു തൃപ്തി വരുത്തുവാൻ എങ്ങിനെ കഴിയും എന്നു ഉത്തരം പറഞ്ഞു. അവൻ അവരോടു : നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു ചോദിച്ചു. ഏഴു എന്നു അവർ പറഞ്ഞു. അവർ പുരുഷാര

> ത്തോടു നിലത്തിരിപ്പാൻ കല്പിച്ചു, പിന്നെ ആ ഏഴപ്പം എടുത്തു സ്തോത്രം ചെയ്തു നുറുക്കി, ശിഷ്യന്മാരുടെ പക്കൽ വിളമ്പുവാൻ കൊടുത്തു, അവർ പുരുഷാരത്തിന്നു വിളമ്പി. ചെറിയ മീനും കുറെ ഉണ്ടായിരുന്നു, അതും അവൻ അനുഗ്രഹിച്ചിട്ടു, വിളമ്പുവാൻ പറഞ്ഞു. അവർ തിന്നു തൃപ്തരായി, ശേഷിച്ച കഷണങ്ങൾ ഏഴു വട്ടി നിറച്ചെടുത്തു." മർക്കൊ 8 : 1 – 8

ഈ സംഭവം മത്തായിയുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം മുപ്പത്തിരണ്ടു മുതൽ മുപ്പത്തിഎട്ടുവരെയുള്ള ഭാഗത്തും നാം കാണുന്നുണ്ട്. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സംഭവം മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്ന നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏഴു അപ്പം കൊണ്ട് നാലായിരം ആളുകളെ പോഷിപ്പിച്ച സംഭവം മത്തായിയും മർക്കോസും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ഏഴ് അപ്പവും ഏതാനും ചെറു മീനുകളും കർത്താവ് അനുഗ്രഹിച്ചു വിളമ്പി. ഇവിടെ നാം ശ്രദ്ധിക്കുന്ന ഒരു വാക്ക് - "ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടു കൂടെ പാർക്കുന്നു, അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു എനിക്കു അവരോടു അലിവു തോന്നുന്നു, ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളർന്നുപോകും, അവരിൽ ചിലർ ദൂരത്തു നിന്നു വന്നവരല്ലോ എന്നു പറഞ്ഞു."

യേശുക്രിസ്തുവിനു തന്റെ പ്രിയപ്പെട്ട സൃഷ്ടിയെ കുറിച്ചുള്ളതായ സഹതാപം ഇവിടെ കാണുന്നു. ഭക്ഷിപ്പാൻ

ഒന്നും ഇല്ലായ്കകൊണ്ട് എനിക്ക് അവരോട് അലിവു തോന്നുന്നു. ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്ക് അയച്ചാൽ അവർ വഴിയിൽ വച്ച് തളർന്നുപോകും, അവ രിൽ ചിലർ ദൂരത്തു നിന്നു വന്നവരല്ലോ.

തന്റെ പ്രിയപ്പെട്ട മക്കൾ തളർന്നു പോകുന്നതിൽ സ്വർഗ്ഗീയ പിതാവിന്റെ വേദനയാണ് ക്രിസ്തുവിന്റെ ഈ വാക്കുകളിൽ നാം കാണുന്നത്. തന്റെ കൈപ്പണിയായ മനുഷ്യൻ വലയുന്നതും ഭാരപ്പെടുന്നതും ദൈവം വേദന യോടെയാണ് കാണുന്നത്. കാരണം ദൈവം സ്നേഹമാ ണ്. ദൈവം ആരേയും ഉപദ്രവിക്കുന്നില്ല. ദൈവം ആർക്കും ദോഷം ചെയ്യുന്നില്ല.

ദൈവം പരീക്ഷകൾ തരുന്നവൻ അല്ല. എന്നാൽ പിശാചു വരുത്തുന്നതായ സകല പരീക്ഷകളേയും, നാം ദൈവത്തിങ്കലേക്കു തിരിയുമ്പോൾ നന്മയ്ക്കാക്കി മാറ്റുന്ന വനാണ്, ദൈവം നന്മയ്ക്കായി രൂപാന്തരപ്പെടുത്തുന്നവനാ ണ്. സാത്താനാണ് പരീക്ഷകൾ കൊണ്ടു വരുന്നത്. പരീ ക്ഷകളും പരീക്ഷണങ്ങളും Temptations എല്ലാം സാത്താന്റെ വകയാണ്. സകല കഷ്ടതകളും, സകല ശോധനകളും, സകല രോഗങ്ങളും, സകല ബാധകളും, സകല നഷ്ട ങ്ങളും, സകല കഷ്ടങ്ങളും, സാത്താൻ വരുത്തുന്നവയാ ണ്. സാത്താനു ഇടം ഉള്ളവരിൽ, പാപം മൂലം ഓരോരു ത്തരിലും സാത്താനു ഇടം കിട്ടുമ്പോൾ, സാത്താൻ വരു ത്തുന്ന വിനകളാണ്.

യാക്കോബിന്റെ ലേഖനം ഒന്നാം അദ്ധ്യായത്തിൽ നാം അതിനെക്കുറിച്ചു വായിക്കുന്നുണ്ട്. അപ്പൊ. യാക്കോബ് അതിനെക്കുറിച്ചു വിശദമായും വ്യക്തമായും പ്രസ്താവി ക്കുന്നുണ്ട്.

> “പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു : താൻ ആരേയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.” യാക്കൊ 1 : 12 – 15

സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ പാപത്തിന്റെ അധിപതിയായ സാത്താൻ മനുഷ്യനെ പരീക്ഷിക്കുന്നു, യാതനകളിലും വേദനകളിലും കുടുക്കുന്നു. എന്നാൽ ദൈവമോ, മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിയുമ്പോൾ, ദൈവത്തെ സ്നേഹിക്കാൻ തുടങ്ങുമ്പോൾ അതു നന്മയ്ക്കായി രൂപാന്തരപ്പെടുത്തുന്നു. English Bibleൽ അതിനെക്കുറിച്ചു പറയുന്നത്.

> When tempted, no - one should say, God is tempting me. For God cannot be tempted by evil, nor does he tempt anyone, but each one is tempted when, by his own evil desire, he is dragged away and enticed. Then after desire has conceived, it gives birth to sin, and sin, when it is full - grown, gives birth to death. James 1 : 13 - 15

No one Should say, "God is tempting me." For God cannot

be tempted by evil, nor does he tempt any one. ദൈവം ആരേയും പരീക്ഷിക്കുന്നില്ല.

ജീവിതത്തിൽ ദുരിതങ്ങളും കെടുതികളും വരുമ്പോൾ ദൈവം എന്നെ പരീക്ഷിച്ചു എന്ന് ആരും പറയരുത്. ജീവനുള്ള ദൈവം നമ്മുടെ വേദനകണ്ട് സങ്കടപ്പെടുകയാണ്. നാം മനം തിരിയുമ്പോൾ നീതിമാനായ ദൈവം നമ്മെ സാത്താന്റെ ദുഷിത വലയത്തിൽ നിന്നു വിടുവിക്കുന്നു. സാത്താന്റെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്നു. കർത്താവു നമുക്ക് എല്ലാ നന്മകളും തരുന്നു.

ഏഴപ്പം കൊണ്ട് നാലായിരം പേരെ കർത്താവു പോഷിപ്പിച്ചു. കർത്താവു വർദ്ധിപ്പിക്കുന്നവനാണ്. കർത്താവ് പോഷിപ്പിക്കുന്നവനാണ്. തന്റെ ജനത്തെക്കണ്ട് മനസ്സലിയുന്നവനാണ്. വലയുന്നവരെ കണ്ട് മനസ്സലിയുന്നൊരു ദൈവം, കണ്ണുനീർ വാർക്കുന്നവരുടെ മുമ്പിൽ ചെന്നു കണ്ണുനീർ വാർക്കുന്ന യേശു, കരയുന്നവരുടെ കണ്ണുനീരു തുടയ്ക്കുവാൻ കരം നീട്ടുന്ന ക്രിസ്തു. ആ സ്നേഹവാനായ ക്രിസ്തുവിനെ നാം കാണുന്നതു നമ്മുടെ ജീവിതത്തിന്റെ ഭാഗ്യകരമായ ഒരനുഭവമാണ്. യേശുവിനെ നിങ്ങൾ സ്നേഹനിധിയായി കണ്ടിട്ടുണ്ടോ? ക്രൂശിന്മേൽ കിടന്നു പിടയുന്ന ക്രിസ്തുവിനെ നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങളുടെ ഹൃദയത്തിൽ പ്രാർത്ഥനാപൂർവ്വം ധ്യാനിച്ചിട്ടുണ്ടോ?

ക്രിസ്തുവിന്റെ ക്രൂശിലെ ആ തിരുബലിയുടെ യാതനയും വേദനയും സ്നേഹത്തിന്റെ പരമോന്നതമായ ആധിക്യവും നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങൾ ധ്യാനിച്ചിട്ടുണ്ടോ? കൈകളും കാലുകളും ഇരുമ്പാണികളാൽ തറച്ചു ചതയ്ക്കപ്പെട്ടു. കാരിരുമ്പാണികൾ കൈകളിലും കാലുകളിലും

തറച്ചു കയറ്റി ഉണങ്ങിയ മരത്തോടു അടിച്ചു ചേർത്തു. കർത്താവിന്റെ ചങ്കിലേക്ക് കുന്തം കൊണ്ട് കുത്തി ചോരയും നീരും പൊട്ടിപ്പുറപ്പെട്ടു. കർത്താവിന്റെ മുഖത്തേക്ക് തുപ്പി. കന്നത്തേയ്ക്ക് അടിച്ചു. മുഖത്തെ രോമങ്ങൾ പിഴുതെടുത്തു. ശിരസ്സിൽ മുൾമുടി വച്ചു. കോലു കൊണ്ടു മുൾമുടി തലയിലേക്ക് അടിച്ചു കയറ്റി. രക്തം ചീറിചീറി തെറിച്ചു. യേശുവിന്റെ ശിരസ്സിൽ നിന്നു ഒഴുകിയതായ ചോരയും മുഖത്ത് ഏറ്റതായ തുപ്പലും വയിർപ്പും ഒരുമിച്ചു ഒഴുകി, മാറിലൂടെ ഒഴുകി, മാത്രമല്ല യേശുവിന്റെ തിരു ശരീരത്തിൽ ഏറ്റതായ ചാട്ടവാറിന്റെ ക്രൂരമായ പ്രഹരങ്ങൾ ഉഴവു ചാലുപോലെ ശരീരത്തെ കീറി പിളർന്നു.

യേശുവിന്റെ സ്നേഹത്തെയാണ് നാം അവിടെ കാണുന്നത്. ആ നിഷ്കളങ്ക സ്നേഹം, നമ്മുടെ പാപത്തിന്റെ ശിക്ഷ നാം ഏല്ക്കാതിരിക്കാൻ നമുക്കു വേണ്ടി ശിക്ഷ ഏറ്റു വാങ്ങിയ ക്രൂശിലെ സ്നേഹം. ആ സ്നേഹത്തെ കാണുവിൻ. ആ തിരുരക്തത്തിന്റെ അത്ഭുത ശക്തിയെ കാണുവിൻ. നമ്മുടെ പോരായ്മകൾ എല്ലാം മാറ്റി നമുക്ക് എല്ലാ നന്മകളും വർദ്ധിപ്പിച്ചു തരുവാൻ ക്രിസ്തു മതിയായവനാണ്.

ഏഴപ്പം കൊണ്ട് നാലായിരം പേർക്ക് നിറപടിയായ ഭക്ഷണം നൽകുവാൻ യേശു അത്ഭുതം പ്രവർത്തിച്ചു. കർത്താവായ യേശു ഇപ്പോൾ നമ്മുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിപ്പാൻ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരട്ടെ. ക്രിസ്തുവിനെ നിങ്ങൾ എതിരേല്ക്കുമോ? ക്രിസ്തുവിനായി നിങ്ങളുടെ ഹൃദയം തുറക്കുമോ? ക്രിസ്തുവിനോടു നിങ്ങൾ വാക്കു പറയുമോ?

കർത്താവേ, ഇത്രയും കാലം ഞാൻ വ്യർത്ഥമായതിനു

വേണ്ടി ജീവിച്ചു. ഇത്രയും കാലം ഞാൻ പിശാചിന് ഇടം കൊടുത്തുകൊണ്ടു ജീവിച്ചു. ഇത്രയും കാലം പാപത്തിനു അടിമയായി ജീവിച്ചു. എന്നാൽ ഞാൻ ഏല്ക്കേണ്ട ശിക്ഷ യെല്ലാം അവിടുന്നു ക്രൂശിൽ ഏറ്റു എന്നു ഞാൻ വിശ്വ സിക്കുന്നു. എന്റെ നാഥാ, ഇന്നു മുതൽ ഞാൻ അവി ടത്തെ വകയായി ജീവിക്കും എന്നു ഞാൻ നിന്നോടു വാക്കു പറയുന്നു. ഇപ്പോൾ നിന്റെ തൃക്കരം എന്റെ ശിര സ്സിൽ ഒന്നു വെയ്ക്കണമെ, നാഥാ, നീ എന്റെ ഹൃദയത്തി ലേക്ക് എഴുന്നെള്ളി വരണമേ, എന്റെ വേദനകളും എന്റെ പ്രയാസങ്ങളും എന്റെ രോഗങ്ങളും എന്റെ കഷ്ടപാടു കളും കണ്ടു മനസ്സലിയുന്ന നാഥാ, യേശുവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വന്നു സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും സമൃദ്ധി എനിക്കു നൽകണമേ, എന്റെ ജീവിതത്തിലെ യാതനകളെ മാറ്റണമെ, രോഗങ്ങളും ദുരിത ങ്ങളും അകറ്റണമെ, നമ്മെത്തന്നെ സമർപ്പിക്കാം. യേശുവി നോടു വാക്കു പറയാം.

യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.